കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ്, 1923

(1923-ലെ 8)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1976

വില : 1·15

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ്, 1923

(1923–ലെ 8)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1976

3/831/L

© കേന്ദ്ര ഗവൺമെൻറ്
നീയമ ന്യായ കമ്പനി മന്ത്രാലയം

# തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ്, 1923

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ

അദ്ധ്യായം I

പ്രാരംഭികം

1 ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.
2. നിർവ്വചനങ്ങൾ.

അദ്ധ്യായം II

തൊഴിലാളികളുടെ നഷ്ടപരിഹാരം

3. നഷ്ടപരിഹാരത്തിന് നിയോജകന്റെ ബാദ്ധ്യത.
4. നഷ്ടപരിഹാരത്തുക.
4ക. നഷ്ടപരിഹാരം കൊടുക്കാനുള്ളതാകുമ്പോൾ കൊടുക്കണമെന്നും വീഴ്ചയ്ക്കുള്ള ദണ്ഡനവും.
5. കൂലി കണക്കാക്കുന്ന സംപ്രദായം.
6. റവ്യൂ.
7. അർദ്ധമാസികമായി കൊടുക്കുന്ന തുകകളുടെ സാരാംശീകരണം.
8. നഷ്ടപരിഹാരത്തിന്റെ വിതരണം.
9. നഷ്ടപരിഹാരം തീറ് കൊടുക്കുകയോ ജപ്തി ചെയ്യുകയോ ചാർജ്ജാക്കപ്പെടുകയോ ചെയ്യാവുന്നതല്ലെന്ന്.
10. നോട്ടീസും അവകാശവാദവും.
10ക. പ്രാണഹരമായ അപകടങ്ങൾ സംബന്ധിച്ച് നിയോജകരിൽനിന്ന സ്റ്റേററ്മെൻറ് ആവശ്യപ്പെടാനുള്ള അധികാരം.
10ഖ. പ്രാണഹരമായ അപകടങ്ങളേയും ഗൗരവമുള്ള ശാരീരിക ക്ഷതികളേയും കുറിച്ചുള്ള റിപ്പോർട്ടുകൾ.
11. വൈദ്യപരിശോധന.
12. കാൺട്രാക്റ്റ് ചെയ്യൽ.
13. അന്യനെതിരെ നിയോജകനുള്ള നിവൃത്തിമാർഗ്ഗങ്ങൾ.
14. നിയോജകന്റെ നിർദ്ധനത്വം.
14ക. നഷ്ടപരിഹാരം നിയോജകൻ കൈമാററം ചെയ്യുന്ന ആസ്തികളിൻമേൽ ആദ്യത്തെ ചാർജ്ജായിരിക്കുന്നതാണെന്ന്.
15. മാസ്ററർമാരേയും നാവികരേയും സംബന്ധിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ.
16. നഷ്ടപരിഹാരം സംബന്ധിച്ച റിട്ടേണുകൾ.
17. കാൺട്രാക്റ്റ്വഴി ഒഴിഞ്ഞുമാറൽ.
18. [റദ്ദാക്കപ്പെട്ടു].
18ക. ദണ്ഡനങ്ങൾ.

## അദ്ധ്യായം III

### കമ്മീഷണർമാർ

19. കമ്മീഷണർമാർക്ക് റഫർ ചെയ്യുന്നത്.
20. കമ്മീഷണർമാരുടെ നിയമനം.
21. നടപടികളുടെ സ്ഥാനവും മാററവും.
22. അപേക്ഷയുടെ ഫാറം.
22ക. പ്രാണഹരമായ അപകടത്തിന്റെ സംഗതികളിൽ കൂടുതൽ ഡെപ്പോസിററ് ആവശ്യപ്പെടാൻ കമ്മീഷണർക്കുള്ള അധികാരം.
23. കമ്മീഷണർമാരുടെ അധികാരങ്ങളും നടപടിക്രമവും.
24. കക്ഷികൾ ഹാജരാകുന്നത്.
25. തെളിവ് റിക്കാർഡാക്കുന്ന സമ്പ്രദായം.
26. കോടതിച്ചെലവ്.
27. കേസുകൾ സമർപ്പിക്കാനുള്ള അധികാരം.
28. കരാറുകളുടെ രജിസ്ട്രേഷൻ.
29. കരാർ രജിസ്ററർ ചെയ്യാതിരിക്കുന്നതിന്റെ ഫലം.
30. അപ്പീലുകൾ.
30ക. അപ്പീൽ തീരുമാനംവരെ ചില സംഗതികളിൽ പണം നല്കാതിരിക്കൽ.
31. വസൂലാക്കൽ.

## അദ്ധ്യായം IV

### ചട്ടങ്ങൾ

32. സ്റേററ് ഗവൺമെൻറിനു ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.
33. [റദ്ദാക്കപ്പെട്ടു.]
34. ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത്.
35. നഷ്ടപരിഹാരമായി കൊടുക്കുന്ന പണം മാററുന്നതിന് മററു രാജ്യങ്ങളുമായുള്ള ഏർപ്പാടുകൾക്ക് പ്രഭാവം നല്കാനുള്ള ചട്ടങ്ങൾ.
36. കേന്ദ്രഗവൺമെൻറ് ഉണ്ടാക്കുന്ന ചട്ടങ്ങൾ പാർലമെൻറ് മുമ്പാകെ വയ്ക്കണമെന്ന്.

പട്ടിക I
പട്ടിക II
പട്ടിക III
പട്ടിക IV

# തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്ററ്, 1923

(1923-ലെ 8)

ചിലതരം നിയോജകൻമാർ അവരുടെ തൊഴിലാളികൾക്ക് അപകടത്താലുള്ള ക്ഷതിക്ക് നഷ്ടപരിഹാരം കൊടുക്കാൻ വ്യവസ്ഥചെയ്യുന്നതിനുള്ള ആക്ററ്.

[1923 മാർച്ച്, 5]

ചിലതരം നിയോജകൻമാർ അവരുടെ തൊഴിലാളികൾക്ക് അപകടത്താലുള്ള ക്ഷതിക്ക് നഷ്ടപരിഹാരം കൊടുക്കാൻ വ്യവസ്ഥചെയ്യുന്നത് സമീചീനമായിരിക്കയാൽ ;

ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :

## അദ്ധ്യായം I

## പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ററിന്, തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്ററ്, 1923 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് 1924 ജൂലൈ ഒന്നാം ദിവസം പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്ററിൽ വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(ക) .. .. ..

(ഖ) "കമ്മീഷണർ"ക്ക്, 20-ാം വകുപ്പിൻകീഴിൽ നിയമിച്ചിട്ടുള്ള തൊഴിലാളികളുടെ നഷ്ടപരിഹാരത്തിനുള്ള കമ്മീഷണർ എന്നർത്ഥമാകുന്നു.

(ഗ) "നഷ്ടപരിഹാര" ത്തിന് ഈ ആക്ററ് വ്യവസ്ഥ ചെയ്യുന്ന നഷ്ടപരിഹാരം എന്നർത്ഥമാകുന്നു.

(ഘ) "ആശ്രിത"ന്, മരിച്ചുപോയ തൊഴിലാളിയുടെ താഴെപ്പറയുന്ന ചാർച്ചക്കാരിൽ, അതായത്:—

(i) വിധവയും, നിയമാനുസൃത വേഴ്ചയിലുണ്ടായ മൈനർ പുത്രനും, നിയമാനുസൃത വേഴ്ചയിലുണ്ടായ അവിവാഹിതയായ പുത്രിയും, അല്ലെങ്കിൽ വിധവയായ മാതാവും,

(ii) തൊഴിലാളിയുടെ മരണസമയത്ത് പൂർണ്ണമായും അയാളുടെ സമ്പാദ്യത്തെ ആശ്രയിച്ചിരുന്നുവെങ്കിൽ, പതിനെട്ടു വയസ്സ് തികഞ്ഞിട്ടുള്ള ദൗർബ്ബല്യമുള്ള പുത്രൻ അല്ലെങ്കിൽ പുത്രി,

(iii) തൊഴിലാളിയുടെ മരണസമയത്ത് പൂർണ്ണമായോ ഭാഗികമായോ അയാളുടെ സമ്പാദ്യത്തെ ആശ്രയിച്ചിരുന്നുവെങ്കിൽ,—

(ക) മൃതഭാര്യൻ ;

(ഖ) വിധവയായ മാതാവല്ലാത്ത മാതാവോ പിതാവോ ;

(ഗ) നിയമവിരുദ്ധ വേഴ്ചയിലുണ്ടായ മൈനർ പുത്രൻ, നിയമവിരുദ്ധ വേഴ്ചയിലുണ്ടായ അവിവാഹിതയായ പുത്രി, അല്ലെങ്കിൽ

വിവാഹിതയും മൈനറുമാണെങ്കിലോ, വിധവയും മൈനറുമാണെങ്കിലോ നിയമാനുസൃത വേഴ്ചയിലുണ്ടായതോ നിയമവിരുദ്ധ വേഴ്ചയിലുണ്ടായതോ ആയ പുത്രി ;

(ഘ) മൈനർ സഹോദരൻ, അല്ലെങ്കിൽ മൈനറാണെങ്കിൽ അവിവാഹിതയായ സഹോദരി, മൈനറാണെങ്കിൽ വിധവയായ സഹോദരി ;

(ങ) വിധവയായ പുത്രഭാര്യ ;

(ച) മുൻപേ മരിച്ചുപോയ പുത്രന്റെ മൈനറായ കുട്ടി ;

(ഛ) മുൻപേ മരിച്ചുപോയ പുത്രിയുടെ മൈനറായ കുട്ടിയുടെ മാതാവോ പിതാവോ ജീവിച്ചിരിപ്പില്ലാത്തിടത്ത്, ആ കുട്ടി ;

(ജ) തൊഴിലാളിയുടെ മാതാവോ പിതാവോ ജീവിച്ചിരിപ്പില്ലെങ്കിൽ, പിതാമഹൻ അല്ലെങ്കിൽ പിതാമഹി എന്നിവരിൽ ആരെങ്കിലും,

എന്നർത്ഥമാകുന്നു.

(ങ) "നിയോജക"നിൽ ഏതെങ്കിലും ആളുകളുടെ നികായവും അത് ഏകാംഗീകൃതമായാലും അല്ലെങ്കിലും, നിയോജകന്റെ ഏതെങ്കിലും മാനേജിങ്ങ് ഏജൻറും മരിച്ചുപോയ നിയോജകന്റെ നിയമാനുസൃത പ്രതിനിധിയും ഉൾപ്പെടുന്നതും, ആരുമായാണോ തൊഴിലാളി സേവന കാൺട്രാക്റ്റിലോ അപ്രൻറിസ്ഷിപ്പ് കാൺട്രാക്റ്റിലോ ഏർപ്പെട്ടിട്ടുള്ളത്, ആ ആൾ, ആ തൊഴിലാളിയുടെ സേവനങ്ങൾ മററൊരാൾക്ക് താൽക്കാലികമായി കടംകൊടുക്കുകയോ കൂലിക്കുകൊടുക്കുകയോ ചെയ്യുമ്പോൾ, അങ്ങനെയുള്ള മറേറ ആൾക്കുവേണ്ടി തൊഴിലാളി പ്രവൃത്തിചെയ്തുകൊണ്ടിരിക്കെ, ആ മറേറയാൾ എന്നർത്ഥമാകുന്നതുമാണ്.

(ച) "മാനേജിങ്ങ് ഏജൻറി"ന്, മറെറാരാളുടെ വ്യാപാരമോ ബിസിനസ്സോ നടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള പ്രതിനിധിയായി നിയമിക്കപ്പെട്ടിട്ടുള്ളതോ പ്രവർത്തിക്കുന്നതോ ആയ, ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ നിയോജകന്റെ കീഴിലുള്ള ഒററയ്ക്കുള്ള മാനേജർ ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

(ചച) "മൈനർ"ക്ക്, പതിനെട്ടുവർഷം പ്രായമെത്തിയിട്ടില്ലാത്ത ആൾ എന്നർത്ഥമാകുന്നു.

(ഛ) "ഭാഗികമായി വികലീകരിക്കുക" എന്നാൽ, വികലീകരിക്കപ്പെടുന്നത് താത്ക്കാലിക പ്രകൃതത്തിലുള്ളതായിരിക്കുന്നിടത്ത്, ഏത് അപകടത്തിന്റെ ഫലമായാണ് വികലീകരിക്കപ്പെട്ടത്, ആ അപകടത്തിന്റെ സമയത്ത് തൊഴിലാളി ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും നിയോജനത്തിൽ, സമ്പാദിക്കാനുള്ള അയാളുടെ കഴിവിനു കുറവുവരുത്തുന്നവിധം വികലീകരിക്കപ്പെടുക എന്ന് അർത്ഥമാകുന്നതും; വികലീകരിക്കപ്പെടുന്നത് സ്ഥിരമായ പ്രകൃതത്തിലുള്ളതായിരിക്കുന്നിടത്ത്, ആ സമയത്ത് ഏറെറടുക്കാൻ അയാൾക്ക് കഴിവ് ഉണ്ടായിരിക്കുന്ന ഏതൊരു നിയോജനത്തിലും സമ്പാദിക്കാനുള്ള അയാളുടെ കഴിവിനു കുറവുവരുത്തുന്നവിധമുള്ള വികലീകരണം എന്ന് അർത്ഥമാകുന്നതും; എന്നാൽ I-ാം പട്ടിക II-ാം ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന ഏതൊരു ക്ഷതിയും തത്ഫലമായി എന്നന്നേക്കുമായും ഭാഗികമായും വികലീകരിക്കപ്പെടുന്ന ഒന്നായി കരുതപ്പെടുന്നതും, ആകുന്നു.

(ജ) "നിർണ്ണയിക്കപ്പെടുന്ന" എന്നാൽ, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു.

(ഝ) "യോഗ്യതയുള്ള ചികിൽസക"ന്, ചികിൽസകൻമാരുടെ ഒരു രജിസ്ററർ വച്ചുപോരാൻ വ്യവസ്ഥചെയ്യുന്ന ഏതെങ്കിലും കേന്ദ്ര ആക്ററിൻേറയോ പ്രവിശ്യ ആക്ററിൻേറയോ അല്ലെങ്കിൽ ഒരു സ്റേററിലെ നിയമ

നിർമ്മാണ മണ്ഡലത്തിന്റെ ആക്ററിന്റേയോ കീഴിൽ ചികിൽസകനായി രജിസ്ററർ ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ആരം എന്നോ, അങ്ങനെയുള്ള ഒടുവിൽ പറഞ്ഞ യാതൊരു ആക്ററും പ്രാബല്യത്തിലില്ലാത്ത ഏതെങ്കിലും പ്രദേശത്ത്, സ്റേററ് ഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിന്റെ ആവശ്യത്തിന്, യോഗ്യതയുള്ള ചികിൽസകനായി പ്രഖ്യാപിച്ചിട്ടുള്ള ഏതെങ്കിലും ആരം എന്നോ അർത്ഥമാകുന്നു.

(ഞ) . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

(ട) "നാവിക"ന്, ഏതെങ്കിലും കപ്പലിലെ ക്രൂവിൽപ്പെട്ട ഏതെങ്കിലും ആരം എന്നർത്ഥമാകുന്നതും എന്നാൽ അതിൽ കപ്പലിന്റെ മാസ്ററർ ഉരംപ്പെടുന്നതല്ലാത്തതും ആകുന്നു.

(ഠ) "പൂർണ്ണമായ വികലീകരണം" എന്നാൽ, ഏത് അപകടത്തിന്റെ ഫലമായാണോ വികലീകരിക്കപ്പെടുന്നത്, ആ അപകടത്തിന്റെ സമയത്ത് തൊഴിലാളിക്ക് ചെയ്യാൻ കഴിവുണ്ടായിരുന്ന എല്ലാ പ്രവൃത്തിക്കും അയാളെ കഴിവില്ലാതാക്കുന്നവിധം വികലീകരിക്കപ്പെടുക, അത് താത്ക്കാലിക പ്രകൃതത്തിലുള്ളതോ സ്ഥിരമായ പ്രകൃതത്തിലുള്ളതോ ആയാലും, എന്ന് അർത്ഥമാകുന്നു; എന്നാൽ I-ാം പട്ടിക I-ാം ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന ഏതൊരു ക്ഷതിയുടേയും, അല്ലെങ്കിൽ അതിലെ II-ാം ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ക്ഷതികളുടെ നേരെ, ആ II-ാം ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള സമ്പാദിക്കാനുള്ള കഴിവിന്റെ നഷ്ടശതമാനങ്ങളുടെ ആകെത്തുക നൂറു ശതമാനമോ അതിൽ അധികമോ ആകുന്നിടത്ത്, അങ്ങനെയുള്ള ഏതെങ്കിലും കൂട്ടം ക്ഷതികളുടേയും തത്ഫലമായി എന്നെന്നേക്കുമായും പൂർണ്ണമായും വികലീകരിക്കപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു.

(ഡ) "കൂലി"യിൽ, യാത്രാബത്തയോ ഏതെങ്കിലും യാത്രാസൗജന്യത്തിന്റെ മൂല്യമോ, തൊഴിലാളിയുടെ നിയോജകൻ ഏതെങ്കിലും പെൻഷൻ ഫണ്ടിലേക്കോ പ്രോവിഡൻറ് ഫണ്ടിലേക്കോ കൊടുക്കുന്ന അംശദായമോ, തൊഴിലാളിക്ക് തന്റെ നിയോജനത്തിന്റെ പ്രകൃതം ആവശ്യമാക്കിത്തീർക്കുന്ന ഏതെങ്കിലും പ്രത്യേക ചെലവുകരം നിവർത്തിക്കാൻ കൊടുക്കുന്ന തുകയോ അല്ലാത്തതും, പണമായി മതിക്കാൻ കഴിയുന്നതുമായ ഏതെങ്കിലും വിശേഷാവകാശമോ ഗുണമോ ഉരംപ്പെടുന്നതാകുന്നു.

(ഢ) "തൊഴിലാളി"ക്ക്, ആരുടെ നിയോജനമാണോ കാലികപ്രകൃതത്തോടുകൂടിയതായിരിക്കുന്നത്, അങ്ങനെയുള്ളവനും, നിയോജകന്റെ വ്യാപാരത്തിന്റേയോ ബിസിനസ്സിന്റേയോ ആവശ്യങ്ങരംക്കുവേണ്ടിയല്ലാതെ നിയോജിക്കപ്പെടുന്നവനുമായ ആളല്ലാത്ത—

(i) ഇൻഡ്യയിലെ റയിൽവേ ആക്ററ്, 1890 (1890-ലെ 9) 3-ാം വകുപ്പിൽ നിർവ്വചിക്കുന്നപ്രകാരമുള്ളവനും റയിൽവേയുടെ ഏതെങ്കിലും ഭരണജില്ലയിലോ സബ്ഡിവിഷണൽ ആഫീസിലോ സ്ഥിരമായി നിയോജിക്കപ്പെട്ടവനല്ലാത്തവനും II-ാം പട്ടികയിൽ വിനിർദ്ദേശിക്കുന്നതുപോലെയുള്ള ഏതെങ്കിലും നിലയിൽ നിയോജിക്കപ്പെട്ടവനല്ലാത്തതുമായ റയിൽവേ ജീവനക്കാരനോ, അല്ലെങ്കിൽ

(ii) II-ാം പട്ടികയിൽ വിനിർദ്ദേശിക്കുന്നതുപോലെയുള്ള ഏതെങ്കിലും നിലയിൽ അഞ്ഞൂറു രൂപയിൽ കവിയാത്ത പ്രതിമാസക്കൂലിക്ക് നിയോജിക്കപ്പെട്ടവനോ ആയ ഏതെങ്കിലും ആരം, ആ നിയോജനക്കാൺട്രാക്ററ് ഈ ആക്ററ് പാസ്സാക്കുന്നതിനുമുമ്പോ പിൻപോ ഉണ്ടാക്കിയതായാലും, അങ്ങനെയുള്ള കാൺട്രാക്ററ് പ്രകടമോ വ്യംഗ്യമോ വാക്കാലുള്ളതോ ലിഖിതമോ ആയാലും, എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ യൂണിയന്റെ സായുധസേനകളിലെ അംഗമെന്ന നിലയിൽ പ്രവൃത്തിചെയ്യുന്ന ഏതെങ്കിലും ആരം

ഉൾപ്പെടുന്നതല്ലാത്തതും; ക്ഷതി ഉളവാക്കപ്പെട്ടിട്ടുള്ള തൊഴിലാളിയെക്കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിൽ, ആ തൊഴിലാളി മരിച്ചുപോയിട്ടുള്ളിടത്ത്, അയാളുടെ ആശ്രിതരേയോ, അവരിൽ ആരെയെങ്കിലുമോ കുറിച്ചുള്ള പരാമർശം ഉൾപ്പെടുന്നതും ആകുന്നു.

(2) ഒരു തദ്ദേശാധികാരസ്ഥാനത്തിൻേറയോ ഗവൺമെൻറിനുവേണ്ടി പ്രവർത്തിക്കുന്ന ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൻേറയോ അധികാരങ്ങളും കർത്തവ്യങ്ങളും പ്രയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്നതു വിപരീതമായ ഉദ്ദേശ്യം കാണപ്പെടാത്തപക്ഷം, ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് അങ്ങനെയുള്ള അധികാരസ്ഥാനത്തിൻേറയോ ഡിപ്പാർട്ട്മെൻറിൻേറയോ വ്യാപാരമോ ബിസിനസ്സോ ആയി കരുതപ്പെടുന്നതാകുന്നു.

(3) സ്റേററ്റ് ഗവൺമെൻറിന് അപായസാദ്ധ്യതയുള്ള ജീവികയാണെന്ന് ബോദ്ധ്യപ്പെടുന്ന ഏതെങ്കിലും ജീവികയിൽ നിയോജിക്കപ്പെടുന്ന ഏതെങ്കിലും തരം ആളുകളെ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, II-ാം പട്ടികയിൽ കൂട്ടിച്ചേർക്കാനുള്ള അതിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് ഒരു സദൃശ വിജ്ഞാപനംവഴി മൂന്നു മാസത്തിൽ കുറയാത്ത നോട്ടീസ് നല്കിയതിനുശേഷം അപ്രകാരം ചെയ്യാവുന്നതും, അതോടെ ഈ ആക്ററിൻെറ വ്യവസ്ഥകൾ, ആ സ്റേററിൽ അങ്ങനെയുള്ള തരം ആളുകൾക്ക് ബാധകമാകുന്നതും ആണ്:

എന്നാൽ, അങ്ങനെ കൂട്ടിച്ചേർക്കുന്നതിൽ, സ്റേററ്റ് ഗവൺമെൻറിന് ഈ ആക്ററിൻെറ വ്യവസ്ഥകൾ അങ്ങനെയുള്ള തരം ആളുകൾക്ക് വിനിർദ്ദിഷ്ട ക്ഷതികൾ സംബന്ധിച്ചുമാത്രം ബാധകമാകുന്നതാണെന്ന് നിദേശിക്കാവുന്നതാണ്.

## അദ്ധ്യായം II

## തൊഴിലാളികളുടെ നഷ്ടപരിഹാരം

3. <u>നഷ്ടപരിഹാരത്തിന് നിയോജകൻെറ ബാദ്ധ്യത.</u>—(1) തൊഴിലാളിക്ക്, തൻെറ നിയോജനത്തിൽനിന്നും അതിനിടയിലും ഉദ്ഭവിക്കുന്ന അപകടത്താൽ ശാരീരികമായ ക്ഷതി ഉളവാക്കുന്നുവെങ്കിൽ, അയാളുടെ നിയോജകൻ ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളനുസരിച്ചു നഷ്ടപരിഹാരം കൊടുക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്:

എന്നാൽ—

(ക) ഏതു ക്ഷതിയുടെ ഫലമായാണോ തൊഴിലാളി മൂന്നു ദിവസത്തിൽ കവിയുന്ന കാലത്തേയ്ക്ക് പൂർണ്ണമോ ഭാഗികമോ ആയി അവശനാക്കപ്പെടാത്തത്, അങ്ങനെയുള്ള ഏതെങ്കിലും ക്ഷതി സംബന്ധിച്ചും;

(ഖ) ഏതു ക്ഷതിയുടെ ഫലമായാണോ മരണം സംഭവിക്കാതിരിക്കുന്നത്, അങ്ങനെയുള്ളതും,—

(i) തൊഴിലാളി അപകടസമയത്ത് മദ്യത്തിൻേറയോ മയക്കുമരുന്നുകളുടേയോ സ്വാധീനത്തിലായിരുന്നതിനാലോ, അല്ലെങ്കിൽ

(ii) തൊഴിലാളിയുടെ രക്ഷ ഉറപ്പു വരുത്തുന്നതിനു വേണ്ടി പ്രകടമായി നല്കിയ ഉത്തരവോ, പ്രകടമായി ഉണ്ടാക്കിയ ചട്ടമോ തൊഴിലാളി മനഃപൂർവ്വം അനുസരിക്കാതിരുന്നതിനാലോ, അല്ലെങ്കിൽ

(iii) തൊഴിലാളിയുടെ രക്ഷ ഉറപ്പു വരുത്തുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ളതാണെന്ന് തനിക്ക് അറിയാവുന്ന ഏതെങ്കിലും രക്ഷോപായമോ മററ് ഉപായമോ തൊഴിലാളി മനഃപൂർവ്വം നീക്കം ചെയ്യുകയോ അവഗണിക്കുകയോ ചെയ്തതിനാലോ,

ഉണ്ടായതാണെന്ന് പ്രത്യക്ഷമായി കല്പിക്കപ്പെടാവുന്ന ഒരു അപകടത്താൽ ഉണ്ടായിട്ടുള്ളതുമായ ഏതെങ്കിലും ക്ഷതി സംബന്ധിച്ചും,

ആ നിയോജകൻ അപ്രകാരം ബാദ്ധ്യസ്ഥനായിരിക്കുന്നതല്ല.

(ഗ) ................ ................ ......................

(2) III-ാം പട്ടിക ക ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും നിയോജനത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളിക്ക്, ആ നിയോജനത്തിനു പ്രത്യേകമായുള്ള ജീവികാജന്യരോഗമായി ആ പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും രോഗം ബാധിക്കുകയോ, അല്ലെങ്കിൽ III-ാം പട്ടിക (ഖ) ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും നിയോജനത്തിൽ ഒരു നിയോജകന്റെ സേവനത്തിൽ തുടർച്ചയായി ആറു മാസത്തിൽ കുറയാത്ത കാലം (ആ കാലത്തിൽ അതേതരം നിയോജനത്തിൽ മറ്റേതെങ്കിലും നിയോജകന്റെ കീഴിലുള്ള സേവനത്തിന്റെ കാലം ഉൾപ്പെടുന്നതല്ല) നിയോജിക്കപ്പെട്ടിട്ടുള്ള ഒരു തൊഴിലാളിക്ക് ആ നിയോജകന്റെ സേവനത്തിലായിരിക്കുമ്പോൾ ആ നിയോജനത്തിന് പ്രത്യേകമായുള്ള ജീവികാജന്യരോഗമായി ആ പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും രോഗം ബാധിക്കുകയോ, അല്ലെങ്കിൽ ഒരു തൊഴിലാളിക്ക് III-ാം പട്ടിക (ഗ) ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും നിയോജനത്തിൽ, അങ്ങനെയുള്ള ഓരോ നിയോജനം സംബന്ധിച്ചും കേന്ദ്രഗവൺമെന്റ് വിനിർദ്ദേശിക്കുന്ന തുടർച്ചയായുള്ള കാലം ഒന്നോ അതിലധികമോ നിയോജകൻമാരുടെ സേവനത്തിൽ ആയിരിക്കുമ്പോൾ, ആ നിയോജനത്തിന് പ്രത്യേകമായുള്ള ജീവികാജന്യരോഗമായി ആ പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും രോഗം ബാധിക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ രോഗം ബാധിക്കുന്നത് ഈ വകുപ്പിന്റെ അർത്ഥത്തിൽ അപകടത്താലുള്ള ക്ഷതിയായി കരുതപ്പെടുന്നതും, വിപരീതമായതു തെളിയിക്കാത്തപക്ഷം, ആ അപകടം നിയോജനത്തിൽനിന്നും അതിനിടയിലും ഉദ്ഭവിച്ചതാണെന്ന് കരുതപ്പെടുന്നതും ആകുന്നു:

എന്നാൽ—

(ക) ഒരു തൊഴിലാളിക്ക് III-ാം പട്ടിക (ഗ) ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും നിയോജനത്തിൽ, ഒന്നോ അതിലധികമോ നിയോജകൻമാരുടെ സേവനത്തിലായിരിക്കുമ്പോൾ ആ നിയോജനത്തിന്, ഈ ഉപവകുപ്പിൻ കീഴിൽ വിനിർദ്ദേശിക്കുന്ന കാലത്തിലും കുറവായതും തുടർച്ചയായതുമായ കാലത്തിനിടയിൽ ആ നിയോജനത്തിന്, പ്രത്യേകമായുള്ള ജീവികാജന്യരോഗമായി, ആ പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഒരു രോഗം ബാധിച്ചിട്ടുണ്ടെന്നും,

(ഖ) ആ രോഗം, നിയോജനത്തിൽനിന്നും അതിനിടയിലും ഉദ്ഭവിച്ചിട്ടുള്ളതാണെന്നും;

തെളിയിക്കപ്പെടുന്നുവെങ്കിൽ, അങ്ങനെയുള്ള രോഗം ബാധിക്കുന്നത് ഈ വകുപ്പിന്റെ അർത്ഥത്തിൽ അപകടത്താലുള്ള ക്ഷതിയായി കരുതപ്പെടുന്നതാണ്:

എന്നുമാത്രമല്ല, ഒരു തൊഴിലാളിക്ക് III-ാം പട്ടിക (ഖ) ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും നിയോജനത്തിൽ, ഏതെങ്കിലും നിയോജകന്റെ കീഴിലോ, അല്ലെങ്കിൽ ആ പട്ടികയിലെ (ഗ) ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും നിയോജനത്തിൽ ഒന്നോ അതിലധികമോ നിയോജകൻമാരുടെ കീഴിലോ, ആ നിയോജനത്തിന് ഈ ഉപവകുപ്പിൻ കീഴിൽ വിനിർദ്ദേശിക്കുന്ന തുടർച്ചയായുള്ള കാലം സേവനം അനുഷ്ഠിച്ചിരിക്കെ, അങ്ങനെയുള്ള സേവനം അവസാനിച്ചതിനുശേഷം ആ പട്ടികയിൽ, അതതു സംഗതിപോലെ, മുൻപറഞ്ഞ (ഖ) ഭാഗത്തിലോ (ഗ) ഭാഗത്തിലോ ആ നിയോജനത്തിന് പ്രത്യേകമായുള്ള ജീവികാജന്യരോഗമായി വിനിർദ്ദേശിക്കുന്ന ഏതെങ്കിലും രോഗം ബാധിച്ചിട്ടുണ്ടെന്നും, അങ്ങനെയുള്ള രോഗം, ആ നിയോജനത്തിൽനിന്ന് ഉദ്ഭവിച്ചുവെന്നും

തെളിയിക്കപ്പെടുന്നുവെങ്കിൽ, ആ രോഗം ബാധിക്കുന്നത് ഈ വകുപ്പിന്റെ
അർത്ഥത്തിൽ അപകടത്താലുള്ള ക്ഷതിയായി കരുതപ്പെടുന്നതാകുന്നു.

(2 ക) III–ാം പട്ടിക (ഗ) ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും
നിയോജനത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളിക്ക്, ആ നിയോജനത്തിന്
പ്രത്യേകമായുള്ള ഏതു ജീവികാജന്യരോഗം ബാധിക്കുന്നതാണോ ഈ വകു
പ്പിന്റെ അർത്ഥത്തിൽ അപകടത്താലുള്ള ഏതെങ്കിലും ക്ഷതിയായി കരുത
പ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും രോഗം ബാധിക്കുകയും അങ്ങനെയുള്ള
നിയോജനം ഒന്നിലധികം നിയോജകൻമാരുടെ കീഴിൽ ആയിരുന്നിരിക്കുകയും
ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള എല്ലാ നിയോജകൻമാരും പരിത:സ്ഥിതി
കളിൽ നീതിപൂർവ്വകമാണെന്ന് കമ്മീഷണർ കരുതുന്ന അനുപാതത്തിൽ നഷ്ട
പരിഹാരം കൊടുക്കാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

(3) III–ാംപട്ടിക ക ഭാഗത്തിലും ഖ ഭാഗത്തിലും വിനിർദ്ദേശിക്കുന്ന
നിയോജനത്തിന്റെ സംഗതിയിൽ സ്റേററ് ഗവൺമെൻറിനും, ആ പട്ടിക ഗ
ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന നിയോജനത്തിന്റെ സംഗതിയിൽ കേന്ദ്ര
ഗവൺമെൻറിനും, ഏതെങ്കിലും വിവരണത്തിലുള്ള നിയോജനം ഔദ്യോഗിക
ഗസററിൽ വിജ്ഞാപനം വഴി III–ാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന നിയോ
ജനങ്ങളോടു കൂട്ടിച്ചേർക്കാനുള്ള അതിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് സദൃശ
വിജ്ഞാപനം വഴി മൂന്നുമാസത്തിൽ കുറയാതെയുള്ള നോട്ടീസ് നല്കിയ
തിനുശേഷം അപ്രകാരം ചെയ്യാവുന്നതും, അങ്ങനെ കൂട്ടിച്ചേർക്കുന്ന നിയോജന
ങ്ങളുടെ സംഗതിയിൽ, ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് യഥാക്രമം ആ നിയോ
ജനങ്ങൾക്ക് പ്രത്യേകമായുള്ള ജീവികാജന്യരോഗങ്ങളായി കരുതപ്പെടുന്ന രോഗ
ങ്ങൾ ഏതാണെന്ന് ആ ഗവൺമെൻറുകൾ വിനിർദ്ദേശിക്കേണ്ടതും, അതോടെ
(2)–ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, അങ്ങനെയുള്ള രോഗങ്ങൾ ആ നിയോജന
ങ്ങൾക്ക് പ്രത്യേകമായുള്ള ജീവികാജന്യരോഗങ്ങളായി ഈ ആക്ററ് പ്രഖ്യാപി
ച്ചിട്ടുണ്ടായിരുന്നാലെന്നപോലെ, ബാധകമാകുന്നതും ആണ്.

(4) (2)–ം (2ക)–യും (3)–ം ഉപവകുപ്പുകളിൽ വ്യവസ്ഥ ചെയ്തി
ട്ടുള്ള വിധമൊഴികെ, തൊഴിലാളിക്ക് ഏതെങ്കിലും രോഗം സംബന്ധിച്ച്, ആ
രോഗം അയാളുടെ നിയോജനത്തിൽനിന്നും അതിനിടയിലും ഉദ്ഭവിച്ച അപകട
ത്താലുള്ള ഒരു പ്രത്യേക ക്ഷതിയാലുണ്ടായതാണെന്ന് പ്രത്യക്ഷമായി
കല്പിക്കപ്പെടാവുന്നതല്ലാത്തപക്ഷം, യാതൊരു നഷ്ടപരിഹാരവും കൊടു
ക്കേണ്ടതായിരിക്കുന്നതല്ല.

(5) തൊഴിലാളി, ഏതെങ്കിലും ക്ഷതി സംബന്ധിച്ച് നഷ്ടപരി
ഹാരത്തിന് നിയോജകനോ മറേറതെങ്കിലും ആൾക്കോ എതിരായി സിവിൽ കോട
തിയിൽ വ്യവഹാരംകൊടുത്തിട്ടുണ്ടെങ്കിൽ ഇതിലടങ്ങിയ യാതൊന്നും അയാൾക്ക്
ആ ക്ഷതി സംബന്ധിച്ച് നഷ്ടപരിഹാരത്തിന് അവകാശം നല്കുന്നതായി
കരുതപ്പെടുന്നതല്ല. ഏതെങ്കിലും ക്ഷതി സംബന്ധിച്ച് നഷ്ടപരിഹാരത്തി
നുള്ള തൊഴിലാളിയുടെ യാതൊരു വ്യവഹാരവും നിയമക്കോടതിയിൽ—

(ക) അയാൾ ആ ക്ഷതി സംബന്ധിച്ച് നഷ്ടപരിഹാരത്തിനുള്ള ഒരു
അവകാശഹർജി കൊടുത്തിട്ടുണ്ടെങ്കിലോ, അല്ലെങ്കിൽ
കമ്മീഷണർ മുമ്പാകെ ഒരു

(ഖ) ആ തൊഴിലാളിയും അയാളുടെ നിയോജകനുംതമ്മിൽ, ആ ക്ഷതി
സംബന്ധിച്ച്, ഈ ആക്ററിന്റെ വ്യവസ്ഥകളനുസരിച്ച് നഷ്ടപരിഹാരം
കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്ന ഒരു കരാറിൽ എത്തിയിട്ടുണ്ടെങ്കിലോ,

നിലനില്ക്കുന്നതല്ല.

4. <u>നഷ്ടപരിഹാരത്തുക.</u>—(1) ഈ ആക്ററിലെ വ്യവസ്ഥകൾക്ക്
വിധേയമായി, നഷ്ടപരിഹാരത്തുക താഴെ പറയുംപ്രകാരം ആയിരിക്കുന്ന
താണ്, അതായത് :—

(ക) ക്ഷതിയുടെ ഫലമായി മരണം സംഭവിക്കുകയും മരിച്ചുപോയ തൊഴിലാളിക്ക് പട്ടിക IV, ഒന്നാം കാളത്തിൽ കാണിച്ചിട്ടുള്ള പരിധികൾക്കുള്ളിൽ വരുന്ന പ്രതിമാസക്കൂലി കിട്ടിക്കൊണ്ടിരുന്നിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള പരിധികൾക്ക് നേരെ ആ പട്ടികയുടെ രണ്ടാം കാളത്തിൽ കാണിച്ചിട്ടുള്ള തുക ;

(ഖ) ക്ഷതിയുടെ ഫലമായി സ്ഥിരമായും പൂർണ്ണമായും അവശനാക്കപ്പെടുകയും, ക്ഷതി ഉളവാക്കപ്പെട്ട തൊഴിലാളിക്ക് പട്ടിക IV, ഒന്നാം കാളത്തിൽ കാണിച്ചിട്ടുള്ള പരിധികൾക്കുള്ളിൽ വരുന്ന പ്രതിമാസക്കൂലി കിട്ടിക്കൊണ്ടിരുന്നിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള പരിധികൾക്ക് നേരേ ആ പട്ടികയുടെ മൂന്നാം കാളത്തിൽ കാണിച്ചിട്ടുള്ള തുക ;

(ഗ) ക്ഷതിയുടെ ഫലമായി എന്നെന്നേയ്ക്കുമായും ഭാഗികമായും അവശനാക്കപ്പെടുന്നിടത്ത്—

(i) പട്ടിക I, ഭാഗം II–ൽ വിനിർദ്ദേശിക്കുന്ന ക്ഷതിയുടെ സംഗതിയിൽ, എന്നെന്നേക്കുമായും പൂർണ്ണമായും അവശനാക്കപ്പെടുന്ന സംഗതിയിൽ കൊടുക്കേണ്ടതായിരിക്കുമായിരുന്ന നഷ്ടപരിഹാരത്തിന്റെ, സമ്പാദിക്കാനുള്ള കഴിവിന് ആ ക്ഷതിയാലുണ്ടായിട്ടുള്ള നഷ്ടത്തിന്റെ ശതമാനമായി ആ പട്ടികയിൽ വിനിർദ്ദേശിക്കുന്ന ശതമാനവും ;

(ii) പട്ടിക I–ൽ വിനിർദ്ദേശിക്കാത്ത ക്ഷതിയുടെ സംഗതിയിൽ, എന്നെന്നേക്കുമായും പൂർണ്ണമായും അവശനാക്കപ്പെടുന്ന സംഗതിയിൽ കൊടുക്കേണ്ട നഷ്ടപരിഹാരത്തിന്റെ, സമ്പാദിക്കാനുള്ള കഴിവിന് ആ ക്ഷതിയാൽ എന്നെന്നേക്കുമായി ഉണ്ടായിട്ടുള്ള നഷ്ടത്തിന് അനുപാതികമായ ശതമാനവും.

വിശദീകരണം:—ഒരേ അപകടത്താൽ ഒന്നിലധികം ക്ഷതികൾ ഉളവാകുന്നിടത്ത്, ഈ ശീർഷകത്തിൻ കീഴിൽ കൊടുക്കേണ്ട നഷ്ടപരിഹാരത്തുക ആകെ കൂട്ടേണ്ടതും, എന്നാൽ അത് ഏതു സംഗതിയിലും ആ ക്ഷതികളുടെ ഫലമായി സ്ഥിരമായും പൂർണ്ണമായും അവശനാക്കപ്പെട്ടിരുന്നുവെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന തുകയിൽ കവിയാത്ത വിധമായിരിക്കേണ്ടതും ആകുന്നു.

(ഘ) ക്ഷതിയുടെ ഫലമായി താൽക്കാലികമായി പൂർണ്ണമായോ ഭാഗികമായോ ആയിരുന്നാലും അവശനാക്കപ്പെടുകയും ക്ഷതിയുളവാക്കപ്പെട്ട തൊഴിലാളിക്ക് പട്ടിക IV, ഒന്നാം കാളത്തിൽ കാണിച്ചിട്ടുള്ള പരിധികളിൽ വരുന്ന പ്രതിമാസക്കൂലി കിട്ടിക്കൊണ്ടിരുന്നിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള പരിധികൾക്കു നേരേ ആ പട്ടിക നാലാം കാളത്തിൽ കാണിച്ചിട്ടുള്ള തുക അർദ്ധമാസികമായി കൊടുക്കേണ്ട ഏതു തുകയാണോ—

(i) അങ്ങനെ അവശനാക്കപ്പെട്ടിരിക്കുന്നത് ഇരുപത്തെട്ടു ദിവസക്കാലമോ അതിലധികമോ ആയിരിക്കുന്നിടത്ത്, അവശനാക്കപ്പെട്ട തീയതി മുതല്ക്കോ ; അല്ലെങ്കിൽ

(ii) അങ്ങനെ അവശനാക്കപ്പെട്ടിരിക്കുന്നത് ഇരുപത്തെട്ടുദിവസത്തിൽ കുറവായ കാലം ആയിരിക്കുന്നിടത്ത്, അവശനാക്കപ്പെട്ട തീയതി മുതൽ മൂന്നു ദിവസത്തെ കാത്തിരിപ്പുകാലം കഴിഞ്ഞതിനുശേഷമോ,

പതിനാറാമത്തെ ദിവസവും അതിനുശേഷം അവശനാക്കപ്പെട്ടിരിക്കുന്ന കാലമോ, അഞ്ചുവർഷക്കാലമോ, ഏതാണ് കുറവ്, ആ കാലത്തേക്ക് അർദ്ധമാസികമായും കൊടുക്കേണ്ടത്, അങ്ങനെയുള്ളതുമായ തുക:

എന്നാൽ—

(ക) തൊഴിലാളിക്ക് അവകാശപ്പെട്ടതും ഏതെങ്കിലും മൊത്തത്തുകയിൽ നിന്നോ, അർദ്ധമാസികമായി കൊടുക്കുന്ന തുകകളിൽ നിന്നോ, അവശനാക്കപ്പെട്ടിരുന്ന കാലത്ത് നഷ്ടപരിഹാരമായി തൊഴിലാളിക്ക് നിയോജകനിൽ

നിന്ന്, അതതുസംഗതിപോലെ, അങ്ങനെയുള്ള മൊത്തം തുകയോ അർദ്ധമാസി
കമായി കൊടുക്കുന്ന തുകകളുടെ ആദ്യത്തെ ഗഡുവോ കിട്ടുന്നതിനുമുൻപ്
കിട്ടിയിട്ടുള്ള ഏതെങ്കിലും പണത്തിൻെറയോ ബത്തയുടേയോ തുക കുറവ്
ചെയ്യേണ്ടതും;

(ഖ) ഏതുസംഗതിയിലും, അർദ്ധമാസികമായി കൊടുക്കുന്ന യാതൊരു
തുകയും, അപകടത്തിന് മുൻപുള്ള തൊഴിലാളിയുടെ പ്രതിമാസക്കൂലിയുടെ
തുകയിൽ പകുതി അപകടത്തിനുശേഷം അയാൾ സമ്പാദിക്കുന്ന അങ്ങനെയുള്ള
കൂലിയുടെ തുകയുടെ പകുതിയിലും കവിയുന്നുവെങ്കിൽ, അങ്ങനെ കവിയു
ന്നിടത്തോളമുള്ള തുകയിലും കവിയാൻ പാടില്ലാത്തതും ആകുന്നു.

വിശദീകരണം:—തൊഴിലാളിക്ക് തൻെറ ചികിൽസയ്ക്കുവേണ്ടി നിയോജക
നിൽ നിന്നു കിട്ടിയിട്ടുള്ള ഏതെങ്കിലു, പണമോ ബത്തയോ ഈ പരിമിതി വ്യവ
സ്ഥയുടെ (ക) ഖണ്ഡത്തിൻെറ അർത്ഥത്തിൽ അയാൾക്ക് നഷ്ടപരിഹാര
മായി കിട്ടിയിട്ടുള്ള പണമോ ബത്തയോ ആയി കരുതപ്പെടുന്നതല്ല.

(2) അവശനാക്കപ്പെട്ടിരിക്കുന്ന നില ഏതെങ്കിലും അർദ്ധമാസിക
ത്തുക കിട്ടാനുള്ളതായിത്തീരുന്ന തീയതിക്ക് മുമ്പ് അവസാനിക്കുന്നതിൻമേൽ,
ആ അർദ്ധമാസം സംബന്ധിച്ച് അവശനാക്കപ്പെട്ടിരുന്ന കാലം ആ അർദ്ധ
മാസത്തിൽ എത്രയായിരുന്നുവോ, അതിന് ആനുപാതികമായ തുക കൊടുക്കേ
ണ്ടതായിരിക്കുന്നതാണ്.

4ക. <u>നഷ്ടപരിഹാരം കൊടുക്കാനുള്ളതാകുമ്പോൾ കൊടുക്കണമെന്നും
വീഴ്ചയ്ക്കുള്ള ദണ്ഡനവും.</u>— (1) 4–ാം വകുപ്പിൻ കീഴിലെ നഷ്ടപരി
ഹാരം കൊടുക്കാനുള്ളതായിത്തീരുന്ന ഉടൻ കൊടുക്കേണ്ടതാകുന്നു.

(2) നിയോജകൻ, തേർച്ച ചെയ്യപ്പെട്ട വ്യാപ്തിയോളമുള്ള നഷ്ടപരി
ഹാരത്തിനുള്ള ബാദ്ധ്യത, അവകാശപ്പെടുന്നിടത്തോളം നിയോജകൻ സമ്മതി
ക്കാത്ത സംഗതികളിൽ, താൻ സമ്മതിക്കുന്നിടത്തോളമുള്ള ബാദ്ധ്യതയുടെ
അടിസ്ഥാനത്തിൽ താത്ക്കാലികമായി പണം കൊടുക്കാൻ ബാദ്ധ്യസ്ഥനായി
രിക്കുന്നതും, അങ്ങനെ കൊടുക്കുന്ന പണം കൂടുതലായി എന്തെങ്കിലും അവകാ
ശപ്പെടാനുള്ള തൊഴിലാളിയുടെ അവകാശത്തിനു ഭംഗംവരാത്തവിധം, അതതു
സംഗതി പോലെ, കമ്മീഷണറുടെ വശം ഡെപ്പാസിററ് ചെയ്യുകയോ തൊഴിലാ
ളിക്ക് കൊടുക്കുകയോ ചെയ്യേണ്ടതും ആകുന്നു.

(3) ഏതെങ്കിലും നിയോജകൻ, ഈ ആക്ററിൻ കീഴിൽ കൊടുക്കാനുള്ള
നഷ്ടപരിഹാരം, അതു കൊടുക്കാനുള്ളതായിത്തീർന്ന തീയതി മുതൽ ഒരു
മാസത്തിനുള്ളിൽ കൊടുക്കാൻ വിഴ്ചവരുത്തിയിരിക്കുന്നിടത്ത്, കമ്മീഷ
ണർക്ക്, കുടിശ്ശികയുടെ തുകയ്ക്കു പുറമേ കൊടുക്കാനുള്ള തുകയിൻമേൽ,
ആറുശതമാനം നിരക്കിലുള്ള സാധാരണ പലിശ, കമ്മീഷണറുടെ അഭിപ്രായ
ത്തിൽ കാലതാമസത്തിന് ന്യായീകരണം ഇല്ലെങ്കിൽ അങ്ങനെയുള്ള തുകയുടെ
അമ്പത് ശതമാനത്തിൽ കവിയാത്ത കൂടുതൽ തുക സഹിതം നിയോജകനിൽ
നിന്നു ദണ്ഡനമെന്ന നിലയിൽ വസൂലാക്കേണ്ടതാണെന്നു നിദേശിക്കാവുന്ന
താണ്.

5. <u>കൂലി–കണക്കാക്കുന്ന സംപ്രദായം.</u>— ഈ ആക്ററിലും, അതിൻെറ
ആവശ്യങ്ങൾക്കും "പ്രതിമാസക്കൂലി" എന്ന പദത്തിന്, ഒരു മാസത്തെ സേവന
ത്തിനു കൊടുക്കേണ്ടതായി കരുതപ്പെടുന്നതും (കൂലി കൊടുക്കേണ്ടത് പ്രതി
മാസമായോ മറേറതെങ്കിലും കാലയളവുപ്രകാരമോ എന്തുതന്നെ ആയാലും,
പീസ് നിരിക്കിലോ ആയാലും), താഴെപ്പറയും പ്രകാരം കണക്കാക്കപ്പെടുന്നതും
ആയ തുക എന്നർത്ഥമാകുന്നു. അതായത്,—

(ക) തൊഴിലാളി, അപകടത്തിന് തൊട്ടുമുമ്പുള്ള തുടർച്ചയായ പന്ത്രണ്ടുമാസത്തിൽ കുറയാത്തകാലം നഷ്ടപരിഹാരം കൊടുക്കാൻ ബാദ്ധ്യസ്ഥനായ നിയോജകന്റെ സേവനത്തിലായിരുന്നിട്ടുള്ളിടത്ത്, തൊഴിലാളിയുടെ പ്രതിമാസക്കൂലി, ആ കാലത്തിന്റെ ഒടുവിലത്തെ പന്ത്രണ്ടുമാസത്തിൽ അയാൾക്ക് നിയോജകൻ കൊടുക്കാനുള്ളതായിത്തീർന്നിട്ടുള്ള കൂലിയുടെ ആകെ പന്ത്രണ്ടിൽ ഒന്ന് ആയിരിക്കുന്നതാണ്;

(ഖ) അപകടത്തിന് തൊട്ടുമുമ്പുള്ളതും തൊഴിലാളി, നഷ്ടപരിഹാരം കൊടക്കാൻ ബാദ്ധ്യസ്ഥനായ നിയോജകന്റെ സേവനത്തിലായിരുന്നതുമായ തുടർച്ചയായ മുഴുവൻ സേവനകാലം ഒരു മാസത്തിൽ കുറവായിരുന്നിടത്ത്, തൊഴിലാളിയുടെ പ്രതിമാസക്കൂലി അപകടത്തിന് തൊട്ടുമുമ്പുള്ള പന്ത്രണ്ടു മാസത്തിൽ അതേജോലിയിൽ അതേ നിയോജകൻ നിയോജിച്ച ഒരു തൊഴിലാളിയോ, അല്ലെങ്കിൽ അപ്രകാരം നിയോജിക്കപ്പെട്ട തൊഴിലാളിയില്ലെങ്കിൽ, അതേ പ്രദേശത്ത് സദൃശമായ പ്രവൃത്തിക്ക് നിയോജിക്കപ്പെട്ട ഒരു തൊഴിലാളിയോ സമ്പാദിച്ചുകൊണ്ടിരുന്ന ശരാശരി പ്രതിമാസത്തുക ആയിരിക്കുന്നതാണ്;

(ഗ) മററു സംഗതികളിൽ (ആവശ്യകമായ വിവരങ്ങൾ ഇല്ലാത്തതിനാൽ (ഖ) ഖണ്ഡത്തിൻ കീഴിൽ പ്രതിമാസക്കൂലി കണക്കാക്കാൻ സാദ്ധ്യമല്ലാത്ത സംഗതികൾ ഉൾപ്പെടെ) പ്രതിമാസക്കൂലി, അപകടത്തിനു തൊട്ടുമുമ്പുള്ള ഒടുവിലത്തെ തുടർച്ചയായ സേവനകാലം സംബന്ധിച്ച് നഷ്ടപരിഹാരം കൊടുക്കാൻ ബാദ്ധ്യസ്ഥനായ നിയോജകനിൽ നിന്നു സമ്പാദിച്ചിട്ടുള്ള ആകെ കൂലിയെ അങ്ങനെയുള്ള കാലത്തിലടങ്ങുന്ന ദിവസങ്ങളുടെ എണ്ണംകൊണ്ട് ഹരിച്ചാൽ കിട്ടുന്നതിന്റെ മുപ്പതിരട്ടി ആയിരിക്കുന്നതാണ്.

വിശദീകരണം:— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് പ്രവൃത്തിയ്ക്ക് ഹാജരാകാതിരുന്ന പതിന്നാലുദിവസത്തിൽ കവിഞ്ഞ കാലത്തിന്റെ ഇടതടവില്ലാത്ത സേവനത്തിന്റെ കാലം, തുടർച്ചയായിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

6. <u>റിവ്യൂ.</u>—(1) ഈ ആക്ററിൻ കീഴിൽ, കക്ഷികൾ തമ്മിലുള്ള കരാറിൻ കീഴിലോ, ഒരു കമ്മീഷണറുടെ ഉത്തരവിൻകീഴിലോ, അർദ്ധമാസികമായി കൊടുക്കേണ്ട ഏതെങ്കിലും തുക തൊഴിലാളിയുടെ സ്ഥിതിയ്ക്ക് മാററം ഉണ്ടായിട്ടുണ്ടെന്നുള്ളതിനു യോഗ്യതയുള്ള ചികിൽസകന്റെ സർട്ടിഫിക്കററ് സഹിതമുള്ള നിയോജകന്റെയോ തൊഴിലാളിയുടേയോ, അപേക്ഷയിൻമേലോ, അല്ലെങ്കിൽ ഈ ആക്ററിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, അങ്ങനെയുള്ള സർട്ടിഫിക്കററോടുകൂടിയതല്ലാത്ത അപേക്ഷയിൻമേലോ, കമ്മീഷണർക്ക് റിവ്യൂ ചെയ്യാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ റിവ്യൂ ചെയ്യുന്നതിന്മേൽ അർദ്ധമാസികമായി കൊടുക്കേണ്ട ഏതെങ്കിലും തുക, ഈ ആക്ററിന്റെ വ്യവസ്ഥകൾക്ക് വിധേയമായി, തുടർന്നുപോവുകയോ വർദ്ധിപ്പിക്കുകയോ കറയ്ക്കുകയോ അവസാനിപ്പിക്കുകയോ, അല്ലെങ്കിൽ അപകടത്തിന്റെ ഫലമായി സ്ഥിരമായി അവശനാക്കപ്പെട്ടിട്ടുള്ളതായി കാണപ്പെടുന്നുവെങ്കിൽ, തൊഴിലാളിക്ക് അവകാശപ്പെട്ടതും അയാൾക്ക് അർദ്ധമാസികമായി മുൻപേ കിട്ടിക്കഴിഞ്ഞ തുകകൾ കിഴിച്ചതിനുശേഷമുള്ളതുമായ ഒന്നായികൊടുക്കാനുള്ള തുകയായി മാററുകയോ ചെയ്യാവുന്നതാണ്.

7. <u>അർദ്ധമാസികമായി കൊടുക്കുന്ന തുകകളുടെ സംരാശീകരണം.</u>— അർദ്ധമാസികമായി കൊടുക്കുന്ന തുകകൾ കിട്ടാനുള്ള ഏതെങ്കിലും അവകാശത്തിന്റെ ബാദ്ധ്യത, കക്ഷികൾ തമ്മിലുള്ള കരാർ വഴിയോ കക്ഷികൾക്ക് കരാർചെയ്യാൻ കഴിയാതിരിക്കുകയും, ആ തുക കൊടുക്കുന്നത് ആറുമാസത്തിൽ കുറയാത്തകാലം തുടർന്ന് പോയിട്ടുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ,

കമ്മീഷണർക്കുള്ള ഇരുകക്ഷികളിൽ ആരുടെയെങ്കിലും അപേക്ഷയിൻമേൽ, അതതുസംഗതിപോലെ, കക്ഷികൾ തമ്മിൽ കരാർ ചെയ്യുന്നതോ കമ്മീഷണർ നിശ്ചയിക്കുന്നതോ ആയ ഒരു മൊത്തം തുക കൊടുക്കുന്നതുവഴി വിടുത്താവുന്നതാണ്.

8. <u>നഷ്ടപരിഹാരത്തിന്റെ വിതരണം.</u>— (1) ക്ഷതിയുടെ ഫലമായി മരണം സംഭവിച്ചിട്ടുള്ള ഒരു തൊഴിലാളിയെ സംബന്ധിച്ച് യാതൊരു നഷ്ട പരിഹാരവും ഒരു സ്ത്രീക്കോ നിയമപരമായ അവശതയുള്ള ഒരാൾക്കോ നഷ്ടപരിഹാരമായി യാതൊരു മൊത്തത്തുകയും കമ്മീഷണറുടെ വശം ഡെപ്പാസിററ് വഴിയല്ലാതെ കൊടുക്കാൻ പാടില്ലാത്തതും, നിയോജകൻ അങ്ങനെ നേരിട്ട് പണം കൊടുക്കുന്ന ഒന്നും നഷ്ടപരിഹാരം കൊടുക്കുന്നതായി കരുതപ്പെടുന്നതല്ലാത്തതും ആണ്:

എന്നാൽ, മരിച്ചുപോയ തൊഴിലാളിയുടെ സംഗതിയിൽ, നിയോജകന് നഷ്ടപരിഹാരം വകയായി ഏതെങ്കിലും ആശ്രിതന് ആകെ നൂറുരൂപയിൽ കവിയാത്ത മുൻകൂറുകൾ നല്കാവുന്നതും, കമ്മീഷണർ അങ്ങനെയുള്ള നഷ്ട പരിഹാരത്തിൽനിന്ന് അങ്ങനെയുള്ള ആകെ തുകയിൽ ആ ആശ്രിതന് കൊടുക്കേണ്ട നഷ്ടപരിഹാരത്തിലും കവിയാത്തത്ര കിഴിവു ചെയ്യുകയും, നിയോജകന് മടക്കിക്കൊടുക്കുകയും ചെയ്യേണ്ടതും ആകുന്നു.

(2) നഷ്ടപരിഹാരമായി കൊടുക്കേണ്ടതും പത്തുരൂപയിൽ കുറയാത്തതുമായ മറേറതെങ്കിലും തുക, അതിന് അവകാശപ്പെട്ട ആൾക്കുവേണ്ടി കമ്മീഷണർവശം ഡെപ്പാസിററ് ചെയ്യാവുന്നതാണ്.

(3) കമ്മീഷണർ വശം ഡെപ്പാസിററ് ചെയ്യുന്ന ഏതെങ്കിലും നഷ്ട പരിഹാരം സംബന്ധിച്ച് കമ്മീഷണറുടെ രസീത് മതിയായ ബാദ്ധ്യത തീർക്കൽ ആയിരിക്കുന്നതാണ്.

(4) മരിച്ചുപോയ ഒരു തൊഴിലാളിയെ സംബന്ധിച്ചുള്ള നഷ്ടപരിഹാരമായി ഏതെങ്കിലും പണം (i)-ാം ഉപവകുപ്പിൻ കീഴിൽ, ഡെപ്പാസിററ് ചെയ്യുന്നതോടെ, കമ്മീഷണർ അതിൽനിന്ന് ആ തൊഴിലാളിയുടെ ശവസംസ്ക്കാരത്തിന്റെ അമ്പതുരൂപയിൽ കവിയാത്ത യഥാർത്ഥ ചെലവ് കിഴിവു ചെയ്യുകയും, അത് അങ്ങനെയുള്ള ചെലവു ചെയ്ത ആൾക്ക് കൊടുക്കുകയും ചെയ്യേണ്ടതും, ആവശ്യകമാണെന്ന് തോന്നുന്നുവെങ്കിൽ നഷ്ടപരിഹാരത്തിന്റെ വിതരണത്തെപ്പററി തീരുമാനിക്കുന്നതിന് താൻ നിജപ്പെടുത്തുന്ന തീയതി തന്റെ മുൻപാകെ ഹാജരാകാൻ ആശ്രിതൻമാരോട് ആവശ്യപ്പെട്ടുകൊണ്ട്, യുക്തമെന്ന് തോന്നുന്ന രീതിയിൽ നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയോ, ഓരോ ആശ്രിതനും നടത്തുകയോ ചെയ്യിക്കേണ്ടതാണ്. ആവശ്യകമാണെന്നുതോന്നുന്ന അന്വേഷണവിചാരണയ്ക്കുശേഷം, യാതൊരു ആശ്രിതനും ജീവിച്ചിരിപ്പില്ലെന്നു ബോദ്ധ്യമാകുന്നുവെങ്കിൽ, കമ്മീഷണർ ബാക്കി പണം അതു കൊടുത്ത നിയോജകന് മടക്കിക്കൊടുക്കേണ്ടതാണ്. നിയോജകന്റെ അപേക്ഷയിൻമേൽ, കമ്മീഷണർ എല്ലാ ചെലവിനങ്ങളും വിശദമായി കാണിക്കുന്ന ഒരു സ്റേററ്മെൻറ് കൊടുക്കേണ്ടതാണ്.

(5) മരിച്ചുപോയ തൊഴിലാളിയെ സംബന്ധിച്ച് ഡെപ്പാസിററ് ചെയ്യുന്ന നഷ്ടപരിഹാരം (4)-ാം ഉപവകുപ്പിൻ കീഴിൽ ചെയ്യുന്ന ഏതെങ്കിലും കിഴിവിനു വിധേയമായി, മരിച്ചുപോയ തൊഴിലാളിയുടെ ആശ്രിതരുടേയോ അവരിൽ ആരുടേയെങ്കിലുമോ ഇടയിൽ യുക്തമെന്നു കമ്മീഷണർക്ക് തോന്നുന്ന അനുപാതത്തിൽ വീതിക്കുകയോ അല്ലെങ്കിൽ കമ്മീഷണർ സ്വവിവേകം ഉപയോഗിച്ച് ഏതെങ്കിലും ഒരു ഒററ ആശ്രിതന് തിരിച്ചു വയ്ക്കുകയോ ചെയ്യേണ്ടതാകുന്നു.

(6) കമ്മീഷണർവശം ഡെപ്പാസിററ് ചെയ്യുന്ന ഏതെങ്കിലും നഷ്ടപരിഹാരം, ഏതെങ്കിലും ആരംക്ക് കൊടുക്കേണ്ടിടത്ത്, ആ പണം അതിന് അവകാശപ്പെട്ട ആരംക്ക്, നഷ്ടപരിഹാരം കൊടുക്കപ്പെടേണ്ട ആരം സ്ത്രീയോ നിയമപരമായ അവശതയുള്ള ആളോ അല്ലെങ്കിൽ കമ്മീഷണർ കൊടുക്കേണ്ടതും, മററു സംഗതികളിൽ കമ്മീഷണർക്ക് കൊടുക്കാവുന്നതും ആണ്.

(7) കമ്മീഷണർവശം ഡെപ്പാസിററ് ചെയ്യുന്ന ഏതെങ്കിലും മൊത്തത്തുക, ഒരു സ്ത്രീയ്ക്കോ നിയമപരമായ അവശതയുള്ള ആരംക്കോ കൊടുക്കേണ്ടിടത്ത്, അങ്ങനെയുള്ള തുക കമ്മീഷണർ നിർദ്ദേശിക്കുന്ന രീതിയിൽ ആ സ്ത്രീയുടേയോ അല്ലെങ്കിൽ അങ്ങനെയുള്ള ആളുടെ അവശതക്കാലത്ത് അയാളുടേയോ ഗുണത്തിനായി നിക്ഷേപിക്കുകയോ വിനിയോഗിക്കുകയോ മററുവിധത്തിൽ കൈകാര്യം ചെയ്യുകയോ ചെയ്യാവുന്നതും; അർദ്ധമാസികമായി കൊടുക്കാനുള്ള ഒരു തുക നിയമപരമായ അവശതയുള്ള ഏതെങ്കിലും ആരംക്ക് കൊടുക്കേണ്ടിടത്ത്, കമ്മീഷണർക്ക് സ്വയമേവ, അല്ലെങ്കിൽ തനിക്ക് ഇതിലേക്കായി ചെയ്യുന്ന അപേക്ഷയിൻമേൽ, ആ കൊടുക്കാനുള്ള തുക, ആ അവശതക്കാലത്ത് തൊഴിലാളിയുടെ ഏതെങ്കിലും ആശ്രിതനോ അല്ലെങ്കിൽ തൊഴിലാളിയുടെ ക്ഷേമത്തിന് വേണ്ട ഏർപ്പാടുചെയ്യാൻ ഏററവും പററിയ ആളാണെന്ന് കമ്മീഷണർക്ക് തോന്നുന്ന മറേറതെങ്കിലും ആരംക്കോ കൊടുക്കാൻ ഉത്തരവു ചെയ്യാവുന്നതുമാണ്.

(8) തനിക്ക് ഇതിലേക്കായി ചെയ്യുന്ന ഒരപേക്ഷയിൻമേലോ മററു വിധത്തിലോ കമ്മീഷണർക്ക്, മാതാവോ പിതാവോ കുട്ടികളെ നോക്കാതിരിക്കുന്നതുമൂലമോ അല്ലെങ്കിൽ ഏതെങ്കിലും ആശ്രിതന്റെ പരിതഃസ്ഥിതികളിലെ ഏതെങ്കിലും വ്യത്യാസംമൂലമോ, അല്ലെങ്കിൽ മറേറതെങ്കിലും മതിയായ കാരണത്താലോ നഷ്ടപരിഹാരമായി കൊടുക്കുന്ന ഏതെങ്കിലും തുകയുടെ വിതരണം സംബന്ധിച്ചതോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ആശ്രിതന് കൊടുക്കേണ്ട ഏതെങ്കിലും തുക നിക്ഷേപിക്കുകയോ, വിനിയോഗിക്കുകയോ മററു വിധത്തിൽ കൈകാര്യം ചെയ്യുകയോ ചെയ്യേണ്ട രീതി സംബന്ധിച്ചതോ ആയ കമ്മീഷണറുടെ ഒരു ഉത്തരവ് വ്യത്യാസപ്പെടുത്തേണ്ടതാണെന്ന് കമ്മീഷണർക്ക് ബോദ്ധ്യപ്പെടുന്നിടത്ത്, കമ്മീഷണർക്ക്, ആ സംഗതിയുടെ പരിതഃസ്ഥിതികളിൽ ആദ്യത്തെ ഉത്തരവ് വ്യത്യാസപ്പെടുത്തുന്നതും ന്യായമാണെന്നു തനിക്കു തോന്നുന്നതുമായ ഉത്തരവുകരം പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ ഏതെങ്കിലും ആരംക്ക് പ്രതികൂലമായ അങ്ങനെയുള്ള യാതൊരുത്തരവും, അങ്ങനെ ഉത്തരവ് ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കാൻ അയാരംക്ക് അവസരം നല്കിയിട്ടില്ലാത്തപക്ഷം, പുറപ്പെടുവിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഉത്തരവ് ഒരാശ്രിതന് കൊടുത്തുകഴിഞ്ഞ ഏതെങ്കിലും തുക, അയാരം മടക്കിക്കൊടുക്കുന്നത് ഉരംക്കൊള്ളുന്ന ഏതെങ്കിലും സംഗതിയിൽ പുറപ്പെടുവിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(9) ഏതെങ്കിലും ആരംക്ക് നഷ്ടപരിഹാരം കൊടുത്തത് വഞ്ചനയാലോ ആരംമാറാട്ടത്താലോ അല്ലെങ്കിൽ മററ് അനുചിതമായ മാർഗ്ഗത്താലോ നേടിയതാണെന്ന വസ്തുതകാരണമായി കമ്മീഷണർ (8)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും ഉത്തരവ് വ്യത്യാസപ്പെടുത്തുന്നിടത്ത്, അങ്ങനെയുള്ള ആരംക്കോ ആരംക്കുവേണ്ടിയോ കൊടുത്ത ഏതെങ്കിലും തുക, ഇതിൽ ഇതിനുശേഷം 31-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്ന രീതിയിൽ വസൂലാക്കപ്പെടാവുന്നതാണ്.

9. <u>നഷ്ടപരിഹാരം തീറ് കൊടുക്കുകയോ ജപ്തിചെയ്യുകയോ ചാർജ്ജാക്കപ്പെടുകയോ ചെയ്യാവുന്നതല്ലെന്ന്.</u>—ഈ ആക്ററ് വ്യവസ്ഥചെയ്യുന്ന വിധമൊഴികെ, ഈ ആക്ററിൻകീഴിൽ കൊടുക്കേണ്ട യാതൊരു മൊത്തം തുകയും, അല്ലെങ്കിൽ അർദ്ധമാസികമായി കൊടുക്കാനുള്ള തുകയും, ഏതെങ്കിലും വിധ

ത്തിൽ തീറ് കൊടുക്കുകയോ ചാർജ്ജാക്കപ്പെടുകയോ ചെയ്യാൻ കഴിയുന്നതാവു കയോ, ജപ്തിചെയ്യാവുന്നതാവുകയോ ആ തൊഴിലാളിയല്ലാത്ത മററതെങ്കിലും ആൾക്കു നിയമത്തിൻെറ പ്രവർത്തനം വഴി സംക്രമിക്കുകയോ ചെയ്യുന്നതല്ലാ ത്തതും, ആ തുകയിൽ ഏതെങ്കിലും അവകാശം തട്ടിക്കിഴിക്കാൻ പാടില്ലാത്തതും ആകുന്നു.

10. നോട്ടീസും അവകാശവാദവും.—കമ്മീഷണർ നഷ്ടപരിഹാരത്തി നുള്ള യാതൊരു അവകാശവാദവും, അപകടത്തെക്കുറിച്ച് ഒരു നോട്ടീസ്, അതു സംഭവിച്ചതിനുശേഷം പ്രായോഗികമായത്ര വേഗത്തിൽ, ഇതിൽ ഇതിനുശേഷം വ്യവസ്ഥചെയ്യുന്ന രീതിയിൽ നല്കിയിരിക്കാത്തപക്ഷവും, അവകാശവാദം അപകടം ഉണ്ടായതിൻെറ രണ്ട് വർഷത്തിനുള്ളിലോ, മരണത്തിൻെറ സംഗതിയിൽ മരണത്തീയതി മുതൽ രണ്ടുവർഷത്തിനുള്ളിലോ തൻെറ മുമ്പാകെ കൊടുക്കാത്ത പക്ഷവും, പരിഗണനയ്ക്കു സ്വീകരിക്കാൻ പാടുള്ളതല്ല:

എന്നാൽ, അപകടം 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന ഒരു രോഗം ബാധിക്കുന്നതായിട്ടുള്ളിടത്ത്, ആ അപകടം ആ രോഗത്താൽ ഉണ്ടായ അവശനാക്കപ്പെടലിൻെറ അനന്തരഫലമായി ആ തൊഴിലാളി പ്രവൃത്തിക്ക് തുടർച്ചയായി ഹാജരാകാതിരുന്ന ദിവസങ്ങളിൽ ഒന്നാമത്തെ ദിവസം ഉണ്ടായിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു:

എന്നുമാത്രമല്ല, അങ്ങനെയുള്ള ഏതെങ്കിലും രോഗം ബാധിച്ചതിനാലു ള്ളതും, തൊഴിലാളിയെ, താൻ പ്രവൃത്തിക്ക് ഹാജരാകാതിരിക്കാൻ നിർബന്ധി ക്കാത്തതുമായ ഭാഗികമായ അവശനാക്കപ്പെടലിൻെറ സംഗതിയിൽ, ആ രണ്ടു വർഷക്കാലം ആ തൊഴിലാളി അവശനാക്കപ്പെടുന്നതിനെക്കുറിച്ച് തൻെറ നിയോ ജകന് നോട്ടീസ് നല്കുന്ന ദിവസം മുതൽ എണ്ണേണ്ടതാകുന്നു:

എന്നുമാത്രമല്ല, ഒരു തൊഴിലാളി ഒരു നിയോജനത്തിൽ, അതു സംബ ന്ധിച്ച് 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള തുടർച്ചയായകാലം നിയോജിക്കപ്പെട്ടിട്ടുണ്ടായിരിക്കെ, അങ്ങനെ നിയോജിക്കപ്പെട്ട വനല്ലാതായിത്തീരുകയും, നിയോജനം അവസാനിച്ചതിൻെറ രണ്ടുവർഷത്തിനു ള്ളിൽ ആ നിയോജനത്തിന് പ്രത്യേകമായുള്ള ഒരു ജീവികാജന്യരോഗത്തിൻെറ ലക്ഷണങ്ങൾ കാണപ്പെടുകയും ചെയ്യുന്നുവെങ്കിൽ, അപകടം, രോഗലക്ഷണ ങ്ങൾ ആദ്യമായി കാണപ്പെട്ട ദിവസം ഉണ്ടായതായി കരുതപ്പെടുന്നതാകുന്നു:

എന്നുമാത്രമല്ല, ഒരു അവകാശവാദം പരിഗണനയ്ക്ക് സ്വീകരിക്കുന്നതിന നോട്ടീസിൻെറ അഭാവമോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും ന്യൂനതയോ ക്രമക്കേടോ—

(ക) ആ അവകാശവാദം കൊടുത്തിട്ടുള്ളത് നിയോജകൻെറ കെട്ടിട പരിസരങ്ങളിൽവച്ചോ, അല്ലെങ്കിൽ നിയോജകൻേറയോ അയാൾ നിയോജിച്ചി ട്ടുള്ള ഏതെങ്കിലും ആളുടേയോ നിയന്ത്രണത്തിൻകീഴിൽ ആ തൊഴിലാളി അപകട സമയത്ത് പ്രവൃത്തിചെയ്തുകൊണ്ടിരുന്ന ഏതെങ്കിലും സ്ഥലത്തുവച്ചോ ഉണ്ടായ അപകടത്തിൻെറ ഫലമായി സംഭവിച്ച മരണം സംബന്ധിച്ചായിരിക്കു കയും, തൊഴിലാളി മരിച്ചത് അങ്ങനെയുള്ള കെട്ടിടപരിസരങ്ങളിലോ അങ്ങനെ യുള്ള സ്ഥലത്തോ വച്ചോ അല്ലെങ്കിൽ ആ നിയോജകൻെറ വകയായ ഏതെങ്കിലും കെട്ടിടപരിസരങ്ങളിൽ വച്ചോ, അല്ലെങ്കിൽ അപകടം ഉണ്ടായ കെട്ടിടപരിസരങ്ങ ളുടേയോ സ്ഥലത്തിൻേറയോ സമീപസ്ഥലം വിട്ടുപോകാതെയോ ആയിരിക്കു കയും ചെയ്യുന്നെങ്കിലോ, അല്ലെങ്കിൽ

(ഖ) നിയോജകന്നോ, അല്ലെങ്കിൽ പല നിയോജകരിൽ ഏതെങ്കിലും ഒരാൾക്കോ, അല്ലെങ്കിൽ ആ വ്യാപാരത്തിൻേറയോ ബിസിനസ്സിൻേറയോ, ഏതു ശാഖയിലാണോ ക്ഷതി ഉളവാക്കപ്പെട്ട തൊഴിലാളി നിയോജിക്കപ്പെട്ടിരുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ശാഖയുടെ മാനേജ്മെൻറിന് നിയോജകനോട്

ഉത്തരവാദിയായ ഏതെങ്കിലും ആൾക്കോ അപകടത്തെക്കുറിച്ച് അത് ഉണ്ടായ സമയത്തോ അതിനടുത്തോ മററ് ഏതെങ്കിലും ഇടത്തിൽനിന്നോ അറിവ് ഉണ്ടായിരുന്നെങ്കിലോ,

തടസ്സമായിരിക്കുന്നതല്ല:

എന്നുമാത്രമല്ല, കമ്മീഷണർക്ക് ഏതെങ്കിലും സംഗതിയിൽ നഷ്ടപരിഹാരത്തിനുള്ള ഏതെങ്കിലും അവകാശവാദം, ഈ ഉപവകുപ്പിൻകീഴിൽ വ്യവസ്ഥ ചെയ്തപോലെ യഥാസമയം നോട്ടീസ് നല്കാതിരിക്കുകയോ അവകാശവാദം കൊടുക്കാതിരിക്കുകയോ ചെയ്തിട്ടുണ്ടെന്നിരുന്നാലും, അതതുസംഗതിപോലെ, അപ്രകാരം നോട്ടീസ് നല്കാതിരുന്നതോ അവകാശവാദം കൊടുക്കാതിരുന്നതോ മതിയായ കാരണത്താലാണെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, പരിഗണനയ്ക്ക് സ്വീകരിക്കുകയും തീരുമാനിക്കുകയും ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതൊരു നോട്ടീസും ക്ഷതിയുളവാക്കപ്പെട്ട ആളുടെ പേരും മേൽവിലാസവും നല്കേണ്ടതും ക്ഷതിയുടെ കാരണവും, അപകടം ഉണ്ടായ തീയതിയും സാധാരണഭാഷയിൽ പ്രസ്താവിക്കേണ്ടതും, അത് നിയോജകനോ അല്ലെങ്കിൽ പല നിയോജകരിൽ ഏതെങ്കിലും ഒരാൾക്കോ അല്ലെങ്കിൽ ആ വ്യാപാരത്തിൻേറയോ ബിസിനസ്സിൻേറയോ ഏതു ശാഖയിലാണോ ക്ഷതി ഉളവാക്കപ്പെട്ട തൊഴിലാളി നിയോജിക്കപ്പെട്ടിരുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ശാഖയുടെ മാനേജ്മെൻറിന് നിയോജകനോട് ഉത്തരവാദിയായ ഏതെങ്കിലും ആൾക്കോ നടത്തേണ്ടതും ആകുന്നു.

(3) സ്റേററ് ഗവൺമെൻറിന് നിർണ്ണയിക്കപ്പെടുന്ന ഏതെങ്കിലും തരം നിയോജകൻമാർ തൊഴിലാളികൾ നിയോജിക്കപ്പെടുന്ന തങ്ങളുടെ കെട്ടിട പരിസരങ്ങളിൽ നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ ഒരു നോട്ടീസ് ബുക്ക് വച്ചുപോരണമെന്ന് ആവശ്യപ്പെടാവുന്നതും, അത് ആ കെട്ടിടപരിസരങ്ങളിൽ നിയോജിക്കപ്പെട്ടിട്ടുള്ള ക്ഷതിയുളവാക്കപ്പെട്ട ഏതെങ്കിലും തൊഴിലാളിയ്ക്കും, അയാൾക്കുവേണ്ടി ഉത്തമവിശ്വാസപൂർവ്വം പ്രവർത്തിക്കുന്ന ഏതെങ്കിലും ആൾക്കും, ന്യായമായ എല്ലാസമയത്തും എളുപ്പത്തിൽ പ്രാപ്യമായിരിക്കേണ്ടതും ആകുന്നു.

(4) ഈ വകുപ്പിൻകീഴിലെ നോട്ടീസ്, അത് ആർക്കാണോ നടത്തേണ്ടത്, ആ ആളുടെ താമസസ്ഥലത്തോ, ഏതെങ്കിലും ആഫീസിലോ ബിസിനസ്സ് സ്ഥലത്തോ ഡെലിവർചെയ്തോ, അവിടേയ്ക്കുള്ള മേൽവിലാസത്തിൽ രജിസ്ററർ പോസ്ററ്വഴി അയച്ചോ, അല്ലെങ്കിൽ നോട്ടീസ് ബുക്ക് വച്ചുപോരുന്നിടത്ത് ആ നോട്ടീസ് ബുക്കിൽ ഉൾക്കുറിപ്പായിച്ചേർത്തോ നടത്താവുന്നതാണ്.

10ക. <u>പ്രാണഹരമായ അപകടങ്ങൾ സംബന്ധിച്ച് നിയോജകരിൽ നിന്ന് സ്റേററ്മെൻറ് ആവശ്യപ്പെടാനുള്ള അധികാരം.</u>—(1) ഒരു തൊഴിലാളി, തൻെറ നിയോജനത്തിൽ നിന്നും അതിനിടയിലും ഉദ്ഭവിച്ച അപകടത്തിൻെറ ഫലമായി മരിച്ചിട്ടുണ്ടെന്ന് കമ്മീഷണർക്ക് എവിടെയെങ്കിലും നിന്നു വിവരം കിട്ടുന്നിടത്ത്, കമ്മീഷണർക്ക് ആ തൊഴിലാളിയുടെ നിയോജകനോട് തൊഴിലാളിയുടെ മരണത്തോട് ചേർന്ന പരിതഃസ്ഥിതികൾ പ്രതിപാദിച്ചുകൊണ്ടും, നിയോജകൻെറ അഭിപ്രായത്തിൽ ആ മരണം കാരണമായി അയാൾ നഷ്ടപരിഹാരം ഡെപ്പോസിററ് ചെയ്യാൻ ബാദ്ധ്യസ്ഥനാണോ അല്ലയോ എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടും നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലുള്ള ഒരു സ്റേററ്മെൻറ്, നോട്ടീസ് നടത്തിയതിൻെറ മുപ്പതുദിവസത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് അയാൾക്ക് രജിസ്ററർ പോസ്ററ്വഴി നോട്ടീസ് അയച്ചുകൊടുക്കാവുന്നതാണ്.

(2) താൻ നഷ്ടപരിഹാരം ഡെപ്പോസിററ് ചെയ്യാൻ ബാദ്ധ്യസ്ഥ
നാണെന്ന് നിയോജകന് അഭിപ്രായമുണ്ടെങ്കിൽ, അയാരം നോട്ടീസ് നടത്തിയ
തിൻെറ മുപ്പതുദിവസത്തിനുള്ളിൽ ഡെപ്പോസിററ് ചെയ്യേണ്ടതാകുന്നു.

(3) താൻ നഷ്ടപരിഹാരം ഡെപ്പോസിററ് ചെയ്യാൻ ബാദ്ധ്യസ്ഥന
ല്ലെന്ന് നിയോജകന് അഭിപ്രായമുണ്ടെങ്കിൽ, അയാരം തൻെറ സ്റേറററ്
മെൻറിൽ, എന്തു കാരണങ്ങളിൻമേലാണ് താൻ ബാദ്ധ്യത നിരാകരിക്കുന്നതെന്ന്
ചൂണ്ടിക്കാണിക്കേണ്ടതാകുന്നു.

(4) നിയോജകൻ അപ്രകാരം ബാദ്ധ്യത നിരാകരിച്ചിട്ടുള്ളിടത്ത്,
കമ്മീഷണർക്ക് യുക്തമെന്നു തോന്നുന്ന അന്വേഷണവിചാരണയ്ക്കുശേഷം,
മരിച്ചുപോയ തൊഴിലാളിയുടെ ആശ്രിതൻമാരിൽ ആരേയെങ്കിലും ആശ്രിതൻ
മാർക്ക് നഷ്ടപരിഹാരത്തിന് അവകാശവാദം കൊടുക്കാവുന്നതാണെന്ന് അറി
യിക്കാവുന്നതും യുക്തമെന്നുതോന്നുന്ന മററു കൂടുതൽ വിവരം അവർക്ക്
നല്കാവുന്നതും ആണ്.

10ഖ. <u>പ്രാണഹരമായ അപകടങ്ങളേയും ഗൗരവമുള്ള ശാരീരികക്ഷതി</u>
<u>കളേയും കുറിച്ചുള്ള റിപ്പോർട്ടുകരം.</u>—(1) തൽസമയം പ്രാബല്യത്തിലുള്ള
ഏതെങ്കിലും നിയമപ്രകാരം, തൻെറ കെട്ടിടപരിസരത്തിൽ വച്ച് ഉണ്ടാകുന്നതും,
ഏത് അപകടത്തിൻെറ ഫലമായാണോ മരണമോ ഗൗരവമുള്ള ശാരീരിക
ക്ഷതിയോ സംഭവിക്കുന്നത്, അങ്ങനെയുള്ളതുമായ ഏതെങ്കിലും അപകടത്തെ
ക്കുറിച്ച് നിയോജകനോ അയാരംക്കുവേണ്ടിയോ ഏതെങ്കിലും അധികാരസ്ഥാന
ത്തിന് നോട്ടീസ് കൊടുക്കേണ്ടതായിട്ടുള്ളിടത്ത്, നോട്ടീസ് കൊടുക്കേണ്ട ആരം
കമ്മീഷണർക്ക് മരണത്തോടോ ഗൗരവമുള്ള ശാരീരികക്ഷതിയോടോ ചേർന്ന
പരിതഃസ്ഥിതികളെക്കുറിച്ചുള്ള റിപ്പോർട്ട് മരണത്തിൻേറയോ ഗൗരവമുള്ള
ക്ഷതിയുടേയോ ഏഴുദിവസത്തിനുള്ളിൽ അയച്ചുകൊടുക്കേണ്ടതാണ്:

എന്നാൽ നോട്ടീസ് കൊടുക്കേണ്ട ആരംക്ക്, അങ്ങനെയുള്ള റിപ്പോർട്ട്
കമ്മീഷണർക്ക് അയച്ചുകൊടുക്കുന്നതിന് പകരം, ഏത് അധികാരസ്ഥാന
ത്തിനാണോ താൻ നോട്ടീസ് കൊടുക്കേണ്ടത് ആ അധികാരസ്ഥാനത്തിന്
അയച്ചുകൊടുക്കാവുന്നതാണെന്ന് സ്റേററ്ഗവൺമെൻറ് നിർണ്ണയിച്ചിട്ടുള്ളി
ടത്ത് അപ്രകാരം ചെയ്യാവുന്നതാണ്.

വിശദീകരണം:—"ഗൗരവമുള്ള ശാരീരിക ക്ഷതി"ക്ക്, ഏതെങ്കിലും
അവയവത്തിൻെറ ഉപയോഗം എന്നെന്നേക്കുമായി നഷ്ടപ്പെടുന്നതോ, അല്ലെങ്കിൽ
അതിന് എന്നെന്നേക്കുമുള്ള ക്ഷതിയോ അല്ലെങ്കിൽ കാഴ്ചയോ ശ്രവണശക്തി
യോ എന്നെന്നേക്കുമായി നഷ്ടപ്പെടുന്നതോ, അതിൽ എന്നെന്നേക്കുമുള്ള
ക്ഷതിയോ അല്ലെങ്കിൽ ഏതെങ്കിലും അവയവത്തിൻെറ ഒടിവോ അല്ലെങ്കിൽ
ഇരുപതുദിവസത്തിൽ കവിയുന്നകാലം ക്ഷതി ഉളവാക്കപ്പെട്ട ആളെ പ്രവൃത്തി
ക്ക് ഹാജരാകാതിരുത്തുന്നതോ ഉരംക്കൊള്ളുകയോ ഉരംക്കൊള്ളാനുള്ള എല്ലാ
സംഭാവ്യതയും ഉള്ളതായിരിക്കുകയോ ചെയ്യുന്ന ക്ഷതി എന്ന് അർത്ഥ
മാകുന്നു.

(2) സ്റേററ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം
വഴി, (1)-ാം ഉപവകുപ്പിൻെറ വ്യവസ്ഥകരം, ആ ഉപവകുപ്പിൻെറ വ്യാപ്തി
ക്കുള്ളിൽ വരുന്നതല്ലാത്ത ഏതെങ്കിലും തരം കെട്ടിടപരിസരങ്ങരംക്ക് വ്യാപിപ്പി
ക്കാവുന്നതും, കമ്മീഷണർക്ക് റിപ്പോർട്ട് അയക്കേണ്ട ആളെ അങ്ങനെയുള്ള
വിജ്ഞാപനംവഴി, വിനിർദ്ദേശിക്കാവുന്നതും ആണ്.

(3) ഈ വകുപ്പിലെ യാതൊന്നും ജോലിക്കാരുടെ സ്റേററ്
ഇൻഷ്വറൻസ് ആക്ററ്, 1948 (1948-ലെ 34) ബാധകമാകുന്ന ഫാക്ടറികരംക്ക്
ബാധകമാകുന്നതല്ല.

11. വൈദ്യപരിശോധന.— (1) ഒരു തൊഴിലാളി ഒരു അപകടത്തെക്കുറിച്ച് നോട്ടീസ് നല്കിയിട്ടുള്ളിടത്ത്, യോഗ്യതയുള്ള ഒരു ചികിൽസകനെക്കൊണ്ട് അയാളെ സൗജന്യമായി പരിശോധിപ്പിക്കാമെന്ന് നോട്ടീസ് നടത്തിയ സമയം മുതൽ മൂന്നുദിവസം കഴിയുന്നതിനുമുമ്പ് നിയോജകൻ ആഫർചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള പരിശോധനയ്ക്ക് അയാഠം സ്വയം വിധേയനാകേണ്ടതും, ഈ ആക്ററിൻകീഴിൽ അർദ്ധമാസികത്തുക പററിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും തൊഴിലാളിയോട് അങ്ങനെയുള്ള പരിശോധനയ്ക്ക്, അതതു സമയം, സ്വയം വിധേയനാകാൻ ആവശ്യപ്പെടുന്നുവെങ്കിൽ അയാഠം അപ്രകാരം ചെയ്യേണ്ടതും ആകുന്നു:

എന്നാൽ, ഒരു തൊഴിലാളിയോട് ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങഠം അനുസരിച്ചല്ലാതെയോ അല്ലെങ്കിൽ, നിർണ്ണയിക്കപ്പെടുന്ന ഇടവേളകളിലും കൂടുതൽ അടുത്തടുത്തുവരുന്ന ഇടവേളകളിലുമോ ഒരു ചികിൽസകനാലുള്ള പരിശോധനയ്ക്ക് സ്വയം വിധേയനാകാൻ ആവശ്യപ്പെടാൻ പാടുള്ളതല്ല

(2) ഒരു തൊഴിലാളിയോട്, യോഗ്യതയുള്ള ഒരു ചികിൽസകനാലുള്ള പരിശോധനയ്ക്കു സ്വയം വിധേയനാകാൻ (1)-ാം ഉപവകുപ്പിൻകീഴിൽ നിയോജകനോ അല്ലെങ്കിൽ ഏതെങ്കിലും സമയത്ത് കമ്മീഷണറോ ആവശ്യപ്പെട്ടിരിക്കെ, അയാഠം അപ്രകാരം ചെയ്യാൻ വിസമ്മതിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ അതു തടസ്സപ്പെടുത്തുകയോ ചെയ്യുന്നുവെങ്കിൽ, നഷ്ടപരിഹാരത്തിനുള്ള അയാളുടെ അവകാശം, അങ്ങനെയുള്ള വിസമ്മതമോ തടസ്സമോ തുടരുന്നിടത്തോളം വിസമ്മതത്തിന്റെ സംഗതിയിൽ അപ്രകാരം സ്വയം വിധേയനാകുന്നതിൽ നിന്ന് ഏതെങ്കിലും മതിയായ കാരണത്താൽ അയാഠം തടയപ്പെട്ടിട്ടില്ലാത്തപക്ഷം, നിറുത്തിവയ്ക്കപ്പെടുന്നതാകുന്നു.

(3) ഏതു കാലാവധിക്കുള്ളിലാണോ തൊഴിലാളിയോട് (1)-ാം ഉപവകുപ്പിൻകീഴിൽ വൈദ്യപരിശോധനയ്ക്കു സ്വയം വിധേയനാകാൻ ആവശ്യപ്പെടേണ്ടതായിരിക്കുന്നത്, ആ കാലാവധി അവസാനിക്കുന്നതിന് മുമ്പ് അയാഠം അപ്രകാരം പരിശോധിക്കപ്പെടാതെ, താൻ നിയോജിക്കപ്പെട്ടിരുന്ന സ്ഥലത്തിന്റെ സമീപസ്ഥലം വിട്ടുപോകുന്നുവെങ്കിൽ, നഷ്ടപരിഹാരത്തിനുള്ള അയാളുടെ അവകാശം അയാഠം തിരിച്ചുവരികയും അങ്ങനെയുള്ള പരിശോധനയ്ക്ക് സ്വയം ആഫർ ചെയ്യുകയും ചെയ്യുന്നതുവരെ നിറുത്തിവയ്ക്കപ്പെടുന്നതാകുന്നു.

(4) ഏതു തൊഴിലാളിയുടെ നഷ്ടപരിഹാരത്തിനുള്ള അവകാശമാണോ (2)-ാം ഉപവകുപ്പിനോ (3)-ാം ഉപവകുപ്പിനോ കീഴിൽ നിറുത്തിവയ്ക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഒരു തൊഴിലാളി, ആ ഉപവകുപ്പുകളിൽ ഏതെങ്കിലും ഒന്നു ആവശ്യപ്പെടുന്നതുപോലെ വൈദ്യപരിശോധനയ്ക്കു സ്വയം വിധേയനാകാതെ മരിച്ചുപോകുന്നിടത്ത്, കമ്മീഷണർക്ക്, യുക്തമെന്നു തോന്നുന്നുവെങ്കിൽ, നഷ്ടപരിഹാരം മരിച്ചുപോയ തൊഴിലാളിയുടെ ആശ്രിതൻമാർക്ക് കൊടുക്കാൻ നിദേശിക്കാവുന്നതാണ്.

(5) നഷ്ടപരിഹാരത്തിനുള്ള അവകാശം (2)-ാം ഉപവകുപ്പിനോ (3)-ാം ഉപവകുപ്പിനോ കീഴിൽ നിറുത്തിവയ്ക്കപ്പെടുന്നിടത്ത്, നിറുത്തിവയ്ക്കപ്പെടുന്ന കാലം സംബന്ധിച്ച് യാതൊരു നഷ്ടപരിഹാരവും കൊടുക്കേണ്ടതായിരിക്കുന്നതല്ലാത്തതും, നിറുത്തിവച്ച കാലം 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഘ) ഖണ്ഡത്തിൽ പരാമർശിച്ച കാത്തിരിപ്പുകാലം അവസാനിക്കുന്നതിനു മുമ്പ് ആരംഭിക്കുന്നുവെങ്കിൽ, കാത്തിരിപ്പുകാലം നിറുത്തിവയ്ക്കൽ തുടരുന്ന കാലം ചേർത്തു വർദ്ധിപ്പിക്കേണ്ടതും ആകുന്നു.

(6) ക്ഷതി ഉളവാക്കപ്പെട്ട തൊഴിലാളി, യോഗ്യതയുള്ള ഏതു
ചികിൽസകന്റെ സേവനങ്ങളാണോ നിയോജകൻ സൗജന്യമായി ആഫർ ചെയ്തി
ട്ടുള്ളത്, അങ്ങനെയുള്ള ചികിൽസകനാൽ ചികിൽസിക്കപ്പെടാൻ വിസമ്മതി
ക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ആഫർ സ്വീകരിച്ചതിനുശേഷം അങ്ങനെ
യുള്ള ചികിൽസകന്റെ ആദേശങ്ങൾ കരുതിക്കൂട്ടി അവഗണിക്കുകയോ ചെയ്തി
ട്ടുള്ളിടത്ത്, ആ തൊഴിലാളി അതിനുശേഷം ഒരു ചികിൽസകനാൽ മുറയ്ക്കു
ചികിൽസിക്കപ്പെട്ടിട്ടില്ലെന്നും, അല്ലെങ്കിൽ അങ്ങനെ ചികിൽസിക്കപ്പെട്ടിരിക്കെ
അയാളുടെ ആദേശങ്ങൾ കരുതിക്കൂട്ടി അനുവർത്തിക്കാതിരിക്കുന്നുണ്ടെന്നും
അങ്ങനെയുള്ള വിസമ്മതമോ അവഗണനയോ അനുവർത്തിക്കാതിരിക്കലോ
സംഗതിയുടെ പരിതഃസ്ഥിതികളിൽ ന്യായരഹിതമായിരുന്നുവെന്നും,
ക്ഷതിക്ക് അതിനാൽ ഗൗരവം കൂടിയെന്നും തെളിയിക്കപ്പെടുന്നുവെങ്കിൽ, ആ
ക്ഷതിയും അതിന്റെ ഫലമായി ഉണ്ടാകുന്ന അവശനാക്കപ്പെടലും, ആ തൊഴി
ലാളി യോഗ്യതയുള്ള ചികിൽസകനാൽ മുറയ്ക്ക് ചികിൽസിക്കപ്പെടുകയും ആ
ചികിൽസകന്റെ ആദേശങ്ങൾ അനുവർത്തിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു
വെങ്കിൽ ഏത് പ്രകൃതത്തിലുള്ളതും കാലത്തോളമുള്ളതും ആയിരിക്കുമെന്നു
ന്യായമായി പ്രതീക്ഷിക്കാമായിരുന്നുവോ, അതേ പ്രകൃതത്തിലുള്ളതും,
കാലത്തോളമുള്ളതും ആണെന്നു കരുതപ്പെടുന്നതും, നഷ്ടപരിഹാരം വല്ലതു
മുണ്ടെങ്കിൽ അത് അനുസരിച്ച് കൊടുക്കപ്പെടേണ്ടതായിരിക്കുന്നതും ആണ്.

12. <u>കാൺട്രാക്റ്റ് ചെയ്യൽ</u>.—(1) (ഈ വകുപ്പിൽ ഇതിനുശേഷം
പ്രിൻസിപ്പൽ എന്ന് പരാമർശിക്കുന്ന) ഏതെങ്കിലും ആൾ തന്റെ വ്യാപാര
ത്തിന്റേയോ ബിസിനസ്സിന്റേയോ ഗതിയിലോ, അതിന്റെ ആവശ്യങ്ങൾ
ക്കായോ (ഈ വകുപ്പിൽ ഇതിനുശേഷം കാൺട്രാക്റ്റർ എന്ന് പരാമർശിക്കുന്ന)
മറേറതെങ്കിലും ആളോട് സാധാരണമായി പ്രിൻസിപ്പലിന്റെ വ്യാപാരത്തി
ന്റേയോ ബിസിനസ്സിന്റേയോ ഭാഗമായ ഏതെങ്കിലും പ്രവൃത്തി
മുഴുവനുമോ അതിന്റെ ഭാഗമോ കാൺട്രാക്റ്ററോ കാൺട്രാക്റ്ററുടെ കീഴിലോ
നിർവഹിക്കുന്നതിന് കാൺട്രാക്റ്റ് ചെയ്യുന്നിടത്ത്, പ്രിൻസിപ്പൽ പ്രവൃത്തി
യുടെ നിർവഹണത്തിൽ നിയോജിക്കപ്പെടുന്ന ഏതെങ്കിലും തൊഴിലാളിക്ക്
അയാളെ താൻ നേരിട്ടു നിയോജിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ കൊടുക്കാൻ
ബാദ്ധ്യസ്ഥനാകുമായിരുന്ന ഏതെങ്കിലും നഷ്ടപരിഹാരം കൊടുക്കാൻ
ബാദ്ധ്യസ്ഥനായിരിക്കുന്നതും; പ്രിൻസിപ്പലിൽനിന്ന് നഷ്ടപരിഹാരം
അവകാശപ്പെടുന്നിടത്ത്, ഈ ആക്റ്റ് നഷ്ടപരിഹാരത്തുക തൊഴിലാളിയെ
നേരിട്ട് നിയോജിക്കുന്ന നിയോജകന്റെ കീഴിലെ, അയാളുടെ കൂലിയുടെ
അടിസ്ഥാനത്തിൽ കണക്കാക്കപ്പെടുമെന്നുള്ളതൊഴിച്ച് നിയോജകനെക്കുറി
ച്ചുള്ള പരാമർശങ്ങൾക്ക് പകരം പ്രിൻസിപ്പിലിനെക്കുറിച്ചുള്ള പരാമർശങ്ങൾ
ചേർത്തിരുന്നാലെന്നപോലെ ബാധകമാകുന്നതുമാണ്.

(2) പ്രിൻസിപ്പൽ ഈ വകുപ്പിൻകീഴിൽ നഷ്ടപരിഹാരം കൊടുക്കാൻ
ബാദ്ധ്യസ്ഥനായിരിക്കുന്നിടത്ത്, അയാൾക്ക് ഏതു കാൺട്രാക്റ്ററിൽനിന്നോ
മററു ആളിൽനിന്നോ ആണ് തൊഴിലാളിക്ക് നഷ്ടപരിഹാരം വസൂലാക്കാൻ
കഴിയുമായിരുന്നത്, ആ കാൺട്രാക്റ്ററിൽ നിന്നോ മററ് ആളിൽ നിന്നോ
നഷ്ടോത്തരവാദം ചെയ്തുകിട്ടാൻ അവകാശം ഉണ്ടായിരിക്കുന്നതും, താൻ തന്നെ
ഒരു പ്രിൻസിപ്പൽ ആയ ഒരു കാൺട്രാക്റ്റർ, ഈ വകുപ്പിൻകീഴിൽ നഷ്ട
പരിഹാരം കൊടുക്കാനോ ഒരു പ്രിൻസിപ്പലിന് നഷ്ടോത്തരവാദം ചെയ്യാനോ
ബാദ്ധ്യസ്ഥനായിരിക്കുന്നിടത്ത്, അയാൾക്ക് താനുമായി, ഏതു
കാൺട്രാക്റ്ററിൽനിന്നാണോ തൊഴിലാളിക്ക് നഷ്ടപരിഹാരം വസൂലാക്കാൻ
കഴിയുമായിരുന്നത്, അങ്ങനെയുള്ള ഒരു കാൺട്രാക്റ്ററുടെ ബന്ധത്തിൽ
നില്ക്കുന്ന ഏതെങ്കിലും ആളാൽ നഷ്ടോത്തരവാദം ചെയ്തുകിട്ടാൻ
അവകാശം ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ഏതെങ്കിലും നഷ്ടോത്തരവാദ

ത്തിനുള്ള അവകാശത്തേയോ അതിന്റെ തുകയേയോ സംബന്ധിച്ച എല്ലാ പ്രശ്നങ്ങളും, കരാർ ഉണ്ടാകുന്നില്ലെങ്കിൽ കമ്മീഷണർ തീർപ്പാക്കേണ്ടതും ആകുന്നു.

(3) ഈ വകുപ്പിലെ യാതൊന്നിനും ഒരു തൊഴിലാളി നഷ്ടപരിഹാരം പ്രിൻസിപ്പലിൽനിന്നും വസൂലാക്കുന്നതിന് പകരം, കാൺട്രാക്ററിൽനിന്ന് വസൂലാക്കുന്നത് തടയുന്നതായി അർത്ഥം കല്പിക്കാൻ പാടുള്ളതല്ല.

(4) അപകടം, ഏതു കെട്ടിടപരിസരങ്ങളിൽ വച്ച് ആ പ്രവൃത്തി നിർവഹിക്കാനാണോ പ്രിൻസിപ്പൽ, അതതു സംഗതിപോലെ, ഏററിട്ടുള്ളത്, അല്ലെങ്കിൽ പതിവായി ഏല്ക്കാറുള്ളത്, അങ്ങനെയുള്ളതോ അല്ലെങ്കിൽ മററു വിധത്തിൽ അയാളുടെ നിയന്ത്രണത്തിലോ മാനേജ്മെൻറിലോ ഉള്ളതോ ആ കെട്ടിടപരിസരങ്ങളിലോ, അതിന്റെ ചുററിലോ അല്ലാതെ എവിടെയെങ്കിലും സംഭവിക്കുന്നിടത്ത്, ഈ വകുപ്പ് ബാധകമായിരിക്കുന്നതല്ല.

13. അന്യനെതിരെ നിയോജകനുള്ള നിവൃത്തിമാർഗ്ഗങ്ങൾ.—ഏതു പരിതഃസ്ഥിതികളിൽ ഉളവായിട്ടുള്ള ക്ഷതിസംബന്ധിച്ചാണോ, നഷ്ടപരിഹാരം കൊടുത്ത ആളല്ലാത്ത വല്ല ആൾക്കും നിയമപ്രകാരമുള്ള ബാദ്ധ്യത സൃഷ്ടിക്കുന്നത്, അങ്ങനെയുള്ള പരിതഃസ്ഥിതികളിൽ ഉണ്ടാകുന്ന ആ ക്ഷതി സംബന്ധിച്ച് തൊഴിലാളി നഷ്ടപരിഹാരം വസൂലാക്കിയിട്ടുള്ളിടത്ത്, നഷ്ടപരിഹാരം കൊടുത്ത ആൾക്കും, ആരോടാണോ 12-ാം വകുപ്പിൻ കീഴിൽ നഷ്ടോത്തരവാദം ചെയ്യാൻ ആവശ്യപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ആൾക്കും മുൻപറഞ്ഞതുപോലെ നഷ്ടം കൊടുക്കാൻ ബാദ്ധ്യസ്ഥനായ ആളാൽ നഷ്ടോത്തരവാദം ചെയ്തുകിട്ടാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

14. നിയോജകന്റെ നിർദ്ധനത്വം.—(1) ഏതെങ്കിലും നിയോജകൻ, ഏതെങ്കിലും തൊഴിലാളിയോടുള്ള ഈ ആക്ടിൻകീഴിലെ ഏതെങ്കിലും ബാദ്ധ്യത സംബന്ധിച്ച്, ഏതെങ്കിലും ഇൻഷ്വറർമാരുമായി കാൺട്രാക്ററിൽ ഏർപ്പെട്ടിട്ടുള്ളിടത്ത്, നിയോജകൻ നിർദ്ധനനാകുകയോ അല്ലെങ്കിൽ അയാളുടെ ഉത്തമർണ്ണൻമാരുമായി കാംപൊസിഷന് വ്യവസ്ഥചെയ്യുകയോ സ്കീം ഏർപ്പാടുചെയ്യുകയോ ചെയ്യുന്നുവെങ്കിലോ, അല്ലെങ്കിൽ നിയോജകൻ കമ്പനിയാണെങ്കിൽ, കമ്പനിയുടെ വൈൻഡിങ്ങ്-അപ് ആരംഭിച്ചിരിക്കുന്നുവെങ്കിലോ, ആ ബാദ്ധ്യത സംബന്ധിച്ച് ഇൻഷ്വറർമാർക്കെതിരായുള്ള നിയോജകന്റെ അവകാശങ്ങൾ, നിർദ്ധനത്വമോ കമ്പനികളുടെ വൈൻഡിങ്ങ്-അപ്-ഓ സംബന്ധിച്ച് തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ ഉണ്ടായിരുന്നാലും, തൊഴിലാളിക്ക് കൈമാററം ചെയ്യപ്പെടുകയും തൊഴിലാളിയിൽ നിക്ഷിപ്തമാവുകയും ചെയ്യുന്നതും, അങ്ങനെയുള്ള ഏതെങ്കിലും കൈമാററത്തോടെ, ഇൻഷ്വറർമാർക്ക്, നിയോജകൻമാരായിരുന്നാലെന്നപോലെയുള്ള അതേ അവകാശങ്ങളും നിവൃത്തിമാർഗ്ഗങ്ങളും ഉണ്ടായിരിക്കുകയും, അതേ ബാദ്ധ്യതകൾക്ക് അവർ വിധേയരായിരിക്കുകയും ചെയ്യുന്നതും, എന്നാൽ അത് ഇൻഷ്വറർമാർക്ക് തൊഴിലാളിയോട്, നിയോജകനോട് അവർക്ക് ബാദ്ധ്യതയിലും കൂടുതലായ ഏതെങ്കിലും ബാദ്ധ്യത ഉണ്ടായിരിക്കാത്തവിധം ആയിരിക്കുന്നതും ആണ്.

(2) ഇൻഷ്വറർമാർക്ക് തൊഴിലാളിയോടുള്ള ബാദ്ധ്യത നിയോജകന് തൊഴിലാളിയോടുള്ള ബാദ്ധ്യതയേക്കാൾ കുറവാണെങ്കിൽ, ബാക്കിക്കുള്ള അവകാശം തൊഴിലാളിക്ക് നിർദ്ധനത്വനടപടികളിലോ ലിക്വിഡേഷനിലോ തെളിയിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചതുപോലെയുള്ള ഏതെങ്കിലും സംഗതിയിൽ, ഇൻഷ്വറർമാരുമായുള്ള നിയോജകന്റെ കാൺട്രാക്റ്റ്,

നിയോജകൻെറ ഭാഗത്തുനിന്ന് കാൺട്രാക്ററിൻെറ (പ്രീമിയം കൊടുക്കാനുള്ള വ്യവസ്ഥയല്ലാത്ത) ഏതെങ്കിലും നിബന്ധനകളോ ഉപാധികളോ അനുസരിക്കാത്ത കാരണത്താൽ ശൂന്യമോ ശൂന്യമാക്കാവുന്നതോ ആയിരിക്കുന്നിടത്ത്, ആ ഉപവകുപ്പിലെ വ്യവസ്ഥകൾ കാൺട്രാക്ററ് ശൂന്യമോ ശൂന്യമാക്കാവുന്നതോ അല്ലാത്തതുപോലെ ബാധകമായിരിക്കുന്നതും, തൊഴിലാളിക്ക് കൊടുത്ത തുകയ്ക്കുള്ള അവകാശം ഇൻഷ്വറർമാർക്ക് നിർദ്ധനതാനടപടികളിലോ ലിക്വിഡേഷനിലോ തെളിയിക്കാൻ അവകാശമുണ്ടായിരിക്കുന്നതും ആണ്:

എന്നാൽ, അപകടം സംഭവിച്ചതിനെക്കുറിച്ചും, തത്ഫലമായി ഏതെങ്കിലും വിധത്തിൽ അവശനാക്കപ്പെട്ടതിനെക്കുറിച്ചും തൊഴിലാളി നിർദ്ധനതാനടപടികളെപ്പററിയോ ലിക്വിഡേഷൻ നടപടികളെപ്പററിയോ തനിക്ക് അറിവായതിനുശേഷം പ്രായോഗികമായത്ര വേഗത്തിൽ ഇൻഷ്വറർമാർക്ക് നോട്ടീസ് കൊടുക്കാതിരിക്കുന്ന ഏതെങ്കിലും സംഗതിയിൽ, ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതല്ല.

(4) പ്രസിഡൻസി ടൗൺ നിർദ്ധനതാ ആക്ററ്, 1909 (1909-ലെ 3)-ലെ 49-ാം വകുപ്പിൻകീഴിലോ, പ്രവിശ്യാ നിർദ്ധനതാ ആക്ററ്, 1920 (1920-ലെ 5)-ലെ 61-ാം വകുപ്പിൻകീഴിലോ, ഇൻഡ്യൻ കമ്പനികൾ ആക്ററ്, 1913 (1913-ലെ 7)-ലെ 230-ാം വകുപ്പിൻകീഴിലോ നിർദ്ധനൻെറ വസ്തുവകകളുടെ വിതരണത്തിൽ, അല്ലെങ്കിൽ വൈൻഡ്-അപ് ചെയ്തുകൊണ്ടിരിക്കുന്ന കമ്പനിയുടെ ആസ്തികളുടെ വിതരണത്തിൽ മറെറല്ലാ കടങ്ങളെക്കാളും മുൻഗണന നല്കി കൊടുക്കേണ്ട കടങ്ങളുടെ കൂട്ടത്തിൽ ഏതു നഷ്ടപരിഹാരത്തിനുള്ള ബാദ്ധ്യതയാണോ, അതതുസംഗതിപോലെ, നിർദ്ധനനായി ന്യായനിർണ്ണയം ചെയ്ത ഉത്തരവിൻെറ തീയതിക്കോ, വൈൻഡിങ്ങ്-അപ് ആരംഭിച്ച തീയതിക്കോ മുമ്പ് ഉദ്ഭവിച്ചത്, അങ്ങനെയുള്ള ഏതെങ്കിലും നഷ്ടപരിഹാരം സംബന്ധിച്ച് കൊടുക്കാനുള്ള തുക ഉൾപ്പെടുന്നതായി കരുതപ്പെടുന്നതും, ആ ആക്ററുകൾക്ക് അതനുസരിച്ച് പ്രഭാവം ഉണ്ടായിരിക്കുന്നതും ആണ്.

(5) നഷ്ടപരിഹാരം അർദ്ധമാസികമായി കൊടുക്കുന്ന തുക ആയിരിക്കുന്നടത്ത്, അതുസംബന്ധിച്ച് കൊടുക്കാനുള്ള തുക, ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, ആ അർദ്ധമാസികമായി കൊടുക്കുന്ന തുകയ്ക്കുള്ള ബാദ്ധ്യത, അതു വിടുത്താവുന്നതാണെങ്കിൽ, അതിനായി 7-ാം വകുപ്പിൻകീഴിൽ അപേക്ഷ കൊടുക്കുന്നപക്ഷം ഏതു മൊത്തത്തുകയ്ക്കു വിടുത്താവുന്നതാണോ, ആ മൊത്തത്തുകയായി കണക്കാക്കപ്പെടുന്നതും, അങ്ങനെയുള്ള തുക എത്രയെന്നുള്ളതു സംബന്ധിച്ച് കമ്മീഷണറുടെ സർട്ടിഫിക്കററ്, അതിൻെറ നിശ്ചായക തെളിവ് ആയിരിക്കുന്നതും ആണ്.

(6) ഏതു തുകയ്ക്കുള്ള അവകാശമാണോ (3)-ാം ഉപവകുപ്പിൻകീഴിൽ ഇൻഷ്വറർക്ക്, തെളിയിക്കാനവകാശമുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും തുകയുടെ സംഗതിയിൽ (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതും, എന്നാൽ മററുവിധത്തിൽ ആ വ്യവസ്ഥകൾ നിർദ്ധനനോ വൈൻഡപ്പ് ചെയ്തുകൊണ്ടിരിക്കുന്ന കമ്പനിയോ, ഇൻഷ്വറർമാരുമായി (1)-ാം ഉപവകുപ്പിൽ പരാമർശിച്ചതുപോലെയുള്ള കാൺട്രാക്ററിൽ ഏർപ്പെട്ടിട്ടുള്ളിടത്ത്, ബാധകമായിരിക്കുന്നതല്ലാത്തതും ആകുന്നു.

(7) ഒരു കമ്പനി, പുനർഘടനയ്ക്കു വേണ്ടിയോ അല്ലെങ്കിൽ മറെറാരു കമ്പനിയുമായുള്ള സംയോജനത്തിന് വേണ്ടിയോ സേച്ഛയാ വൈൻഡപ്പ് ചെയ്യുന്നിടത്ത്, ഈ വകുപ്പ് ബാധകമായിരിക്കുന്നതല്ല.

14ക <u>നഷ്ടപരിഹാരം നിയോജകൻ കൈമാററം ചെയ്യുന്ന ആസ്തികളിൻമേൽ ആദ്യത്തെ ചാർജ്ജായിരിക്കുന്നതാണെന്ന്.</u>— നിയോജകൻ, അയാളുടെ ആസ്തികൾ, ഏതെങ്കിലും നഷ്ടപരിഹാരം സംബന്ധിച്ച് കൊടുക്കേണ്ട

ഏതെങ്കിലും തുക കൊടുക്കുന്നതിന് മുമ്പു കൈമാററം ചെയ്യുകയും, ആ നഷ്ട പരിഹാരത്തിനുള്ള കൈമാററത്തീയതിക്കു മുമ്പ് ഉദ്ഭവിച്ചതായിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള തുക, തത്സമയം പ്രാബല്യത്തിലുള്ള മററ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കൈമാററം ചെയ്യപ്പെടാനുള്ള ആസ്തികളുടെ സ്ഥാവരവസ്തുവായ ഭാഗത്തിൻമേൽ ആദ്യ ചാർജ്ജായിരിക്കുന്നതാണ്.

15. മാസ്ററർമാരേയും നാവികരേയും സംബന്ധിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ.— കപ്പലുകളുടെ മാസ്ററർമാരോ, നാവികരോ ആയ തൊഴിലാളികളുടെ സംഗതിയിൽ ഈ ആക്ററ് താഴെപ്പറയുന്ന രൂപഭേദങ്ങൾക്ക് വിധേയമായി ബാധകമാകുന്നതാണ്, അതായത്;—

(1) അപകടത്തെക്കുറിച്ചും നഷ്ടപരിഹാരത്തിനുള്ള അവകാശവാദത്തെക്കുറിച്ചും ഉള്ള നോട്ടീസ്, ക്ഷതി ഉളവാക്കപ്പെട്ട ആൾ കപ്പലിന്റെ മാസ്ററർ ആയിട്ടുള്ളിടത്തൊഴികെ, കപ്പലിന്റെ മാസ്റററുടെ മേൽ അയാൾ നിയോജകനായിരുന്നാലെന്നപോലെ നടത്തേണ്ടതും, എന്നാൽ അപകടം സംഭവിച്ചതും അവശനാക്കപ്പെട്ടത് ആരംഭിച്ചതും കപ്പലിൽ വച്ച് ആയിട്ടുള്ളിടത്ത്, ആ അപകടത്തെക്കുറിച്ച് ഏതെങ്കിലും നാവികൻ ഏതെങ്കിലും നോട്ടീസ് കൊടുക്കേണ്ട ആവശ്യമില്ലാത്തതും ആകുന്നു.

(2) ഒരു മാസ്റററുടേയോ നാവികന്റേയോ മരണത്തിന്റെ സംഗതിയിൽ, നഷ്ടപരിഹാരത്തിനുള്ള അവകാശവാദം, അവകാശവാദിക്ക് മരണവാർത്ത കിട്ടിയതിനുശേഷം ഒരു വർഷത്തിനുള്ളിലോ, അല്ലെങ്കിൽ കപ്പൽ എല്ലാ ജോലിക്കാരോടുംകൂടി നഷ്ടപ്പെടുകയോ നഷ്ടപ്പെട്ടതായി കരുതപ്പെടുകയോ ചെയ്യുന്നിടത്ത്, കപ്പൽ അപ്രകാരം നഷ്ടപ്പെടുകയോ നഷ്ടപ്പെട്ടതായി കരുതപ്പെടുകയോ ചെയ്യുന്ന തീയതി മുതൽ, പതിനെട്ടു മാസത്തിനുള്ളിലോ കൊടുക്കേണ്ടതാകുന്നു:

എന്നാൽ, കമ്മീഷണർക്ക്, ഏതെങ്കിലും സംഗതിയിൽ നഷ്ടപരിഹാരത്തിനുള്ള അവകാശവാദം, അത് ഈ ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തതുപോലെ യഥാസമയം കൊടുത്തിട്ടില്ലെന്നിരുന്നാലും അപ്രകാരം അവകാശവാദം കൊടുക്കാതിരുന്നത് മതിയായ കാരണത്താലാണെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, പരിഗണനയ്ക്ക് സ്വീകരിക്കാവുന്നതാണ്.

(3) ക്ഷതിയുളവാക്കപ്പെട്ട മാസ്റററേയോ നാവികനേയോ, ഇൻഡ്യയുടെയോ അല്ലെങ്കിൽ ചക്രവർത്തിയുടെ ഡൊമിനിയനുകളുടേയോ ഏതെങ്കിലും ഭാഗത്തോ അല്ലെങ്കിൽ മറേറാതെങ്കിലും വിദേശരാജ്യത്തോ വച്ച് ഡിസ്ചാർജ്ജ് ചെയ്യുകയോ അവിടെ വിട്ടുപോരുകയോ ചെയ്യുന്നിടത്ത്, ആ ഭാഗത്തുള്ള ഏതെങ്കിലും ജഡ്ജിയോ മജിസ്ട്രേററോ, അല്ലെങ്കിൽ ആ വിദേശരാജ്യത്തുള്ള ഏതെങ്കിലും കാൺസുലർ ആഫീസറോ എടുക്കുകയും, എടുക്കുന്നയാൾ കേന്ദ്ര ഗവൺമെന്റിലേക്കോ ഏതെങ്കിലും സ്റേറററ് ഗവൺമെന്റിലേക്കോ അയച്ചു കൊടുക്കുകയും ചെയ്തിട്ടുള്ള ഏതെങ്കിലും മൊഴികൾ അവകാശവാദം പ്രാവർത്തികമാക്കാനുള്ള ഏതെങ്കിലും നടപടികളിൽ—

(ക) മൊഴികൊടുത്തത് ഏത് ജഡ്ജിയുടേയോ, മജിസ്ട്രേററിന്റേയോ കാൺസുലർ ആഫീസറുടേയോ മുമ്പാകെയാണോ, ആ ജഡ്ജിയുടേയോ മജിസ്ട്രേററിന്റേയോ കാൺസുലർ ആഫീസറുടേയോ ഒപ്പുവഴി അത് പ്രമാണീകരിക്കുകയും;

(ഖ) അതതുസംഗതിപോലെ, പ്രതിക്കോ അല്ലെങ്കിൽ കുററാരോപണം ചെയ്യപ്പെട്ടയാൾക്കോ സ്വയമേവ അല്ലെങ്കിൽ ഏജൻററ് വഴി സാക്ഷിയെ എതിർവിസ്താരം ചെയ്യാൻ അവസരം ഉണ്ടായിരുന്നിരിക്കുകയും;

(ഗ) മൊഴി കൊടുത്തത് ഒരു ക്രിമിനൽ നടപടിക്കിടയിൽ ആയിരുന്നുവെങ്കിൽ, ആ മൊഴികൊടുത്തത് കുററാരോപണം ചെയ്യപ്പെട്ടയാളുടെ സാന്നിദ്ധ്യത്തിലായിരുന്നുവെന്നു തെളിയിക്കുകയും, ചെയ്യുന്നുവെങ്കിൽ, തെളിവിൽ സ്വീകരിക്കപ്പെടാവുന്നതായിരിക്കുന്നതും, അങ്ങനെയുള്ള ഏതെങ്കിലും മൊഴി ഒപ്പിട്ടിട്ടുള്ളതായി കാണപ്പെടുന്ന ആളുടെ ഒപ്പോ ഔദ്യോഗിക സ്വഭാവമോ ഏതെങ്കിലും സംഗതിയിൽ തെളിയിക്കേണ്ട ആവശ്യമില്ലാത്തതും, അങ്ങനെയുള്ള ആളുടെ പ്രതിക്കോ കുററാരോപണം ചെയ്യപ്പെട്ട ആാക്കോ സാക്ഷിയെ എതിർവിസ്താരം ചെയ്യാൻ അവസരം ഉണ്ടായിരുന്നു എന്നും മൊഴി ഒരു ക്രിമിനൽ നടപടിയിൽ കൊടുത്തതാണെങ്കിൽ കുററാരോപണം ചെയ്യപ്പെട്ട ആളുടെ സാന്നിദ്ധ്യത്തിൽ ആയിരുന്നു എന്നും ഉള്ളതിനുള്ള ഒരു സർട്ടിഫിക്കററ്, വിപരീതമായത് തെളിയിക്കാത്തപക്ഷം, അയാാക്ക് ആ അവസരം ഉണ്ടായിരുന്നു എന്നും, ആ മൊഴി അങ്ങനെ എടുത്തതാണെന്നും ഉള്ളതിന് മതിയായ തെളിവ് ആയിരിക്കുന്നതും ആണ്.

(4) കച്ചവടക്കപ്പൽ സഞ്ചാരം സംബന്ധിച്ച് തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ കപ്പലിൻെറ ഉടമസ്ഥൻ ക്ഷതി ഉളവാക്കപ്പെട്ട മാസ്ററുടെയോ നാവികൻെറയോ സംരക്ഷണച്ചെലവുകാ കൊടുക്കാൻ ബാദ്ധ്യസ്ഥനായിട്ടുള്ള കാലം സംബന്ധിച്ച് യാതൊരു അർദ്ധമാസികമായി കൊടുക്കേണ്ട തുകയും കൊടുക്കേണ്ടതായിരിക്കുന്നതല്ല.

(5) ഏതു ക്ഷതി സംബന്ധിച്ചാണോ, പെൻഷൻ (നാവികസേനയും കരസേനയും വ്യോമസേനയും കച്ചവടക്കപ്പലും) ആക്ററ്, 1939 (2-ം 3-ം ജോർജ് 6 അദ്ധ്യായം 83)-ൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള യുദ്ധപെൻഷനും തടങ്കൽ ബത്തകളും (കച്ചവടക്കപ്പൽ മുതലായവ) പദ്ധതി, 1939-നോ അല്ലെങ്കിൽ യുദ്ധപെൻഷനുകളും തടങ്കൽബത്തകളും (ഇൻഡ്യൻ നാവികൻ മുതലായവ) പദ്ധതി 1941-നോ കീഴിലോ, അല്ലെങ്കിൽ കേന്ദ്ര ഗവൺമെൻററ് ഉണ്ടാക്കിയിട്ടുള്ള യുദ്ധപെൻഷനുകളും തടങ്കൽ ബത്തകളും (ഇൻഡ്യൻ നാവികൻ) പദ്ധതി, 1942-ൻ കീഴിലോ, ഗ്രാററുവിററിയോ, ബത്തയോ പെൻഷനോ കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ക്ഷതി സംബന്ധിച്ച് ഈ ആക്ററിൻ കീഴിൽ യാതൊരു നഷ്ടപരിഹാരവും കൊടുക്കേണ്ടതായിരിക്കുന്നതല്ല.

(6) ഈ ആക്ററ് ആവശ്യപ്പെടുന്ന സമയത്തിനുള്ളിൽ നോട്ടീസ് കൊടുക്കാതിരിക്കുന്നതോ അവകാശവാദം കൊടുക്കാതിരിക്കുന്നതോ നടപടികാ ആരംഭിക്കാതിരിക്കുന്നതോ, ഏതെങ്കിലും ശാരീരികമായ ക്ഷതി സംബന്ധിച്ച്,— ഈ ആക്ററിൻകീഴിലെ നടപടികാ നിലനില്ക്കുന്നതിന്;

(ക) ആ ക്ഷതി സംബന്ധിച്ച് പണം കിട്ടുന്നതിന് തൊട്ടുമുമ്പിലത്തെ ഖണ്ഡത്തിൽ പരാമർശിച്ച പദ്ധതിയിൽ ഏതിൻെറയെങ്കിലും കീഴിൽ അപേക്ഷ കൊടുത്തിരിക്കുകയും,

(ഖ) മുൻപറഞ്ഞ അപേക്ഷ കൊടുത്തത് ഏതു ക്ഷതി സംബന്ധിച്ചാണോ, അപേക്ഷ കൊടുത്തത് ഏതു പദ്ധതിക്ക് കീഴിലാണോ, ആ പദ്ധതിക്ക് കീഴിൽ പണം കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്നത്, അങ്ങനെയുള്ള ഒന്നാണ് ആ ക്ഷതി എന്നുള്ള ന്യായമായ വിശ്വാസത്തിലാണെന്നും, ക്ഷതി അങ്ങനെയുള്ള ക്ഷതിയല്ലെന്നുള്ള കാരണത്തിൻമേലാണ് അപേക്ഷ നിരസിക്കുകയോ അപേക്ഷയനുസരിച്ച് പണം കൊടുത്തുപോരുന്നത് തുടരാതിരിക്കുകയോ ചെയ്തതെന്നും, സ്റേററ്ഗവൺമെൻറ് സർട്ടിഫൈ ചെയ്യുകയും;

(ഗ) ഈ ആക്ററിൻകീഴിലെ നടപടികാ, സ്റേററ്ഗവൺമെൻറിൻെറ മുൻപറഞ്ഞ സർട്ടിഫിക്കററ്, നടപടികാ ആരംഭിക്കുന്ന ആാക്ക് കൊടുക്കുന്ന തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ആരംഭിക്കുകയും, ചെയ്യുന്നുവെങ്കിൽ തടസ്സമായിരിക്കുന്നതല്ല.

16. <u>നഷ്ടപരിഹാരം സംബന്ധിച്ച റിട്ടേണുകൾ.</u>— സ്റ്റേറ്റ് ഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, തൊഴിലാളികളെ നിയോജിക്കുന്ന ഏതൊരാളും, അല്ലെങ്കിൽ വിനിർദ്ദേശിക്കപ്പെടുന്ന അങ്ങനെയുള്ള ഏതെങ്കിലും തരം ആളുകളും വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന സമയത്തും ഫാറത്തിലും അധികാരസ്ഥാനത്തിലും, ഏതു ക്ഷതികൾ സംബന്ധിച്ചാണോ നിയോജകൻ മുൻവർഷത്തിൽ നഷ്ടപരിഹാരം കൊടുത്തിട്ടുള്ളത്, ആ ക്ഷതിയുടെ എണ്ണവും അങ്ങനെയുള്ള നഷ്ടപരിഹാരത്തിൻെറ തുകയും വിനിർദ്ദേശിക്കുന്നതും നഷ്ടപരിഹാരം സംബന്ധിച്ച് സ്റ്റേററ് ഗവൺമെൻറ് നിദേശിക്കുന്ന മററ് വിവരങ്ങളോടുകൂടിയതുമായ ഒരു ശരിയായ റിട്ടേൺ അയച്ചുകൊടുക്കേണ്ടതാണെന്നു നിദേശിക്കാവുന്നതാണ്.

17. <u>കാൺട്രാക്റ്റ് വഴി ഒഴിഞ്ഞുമാറൽ.</u>—ഏതു കാൺട്രാക്റ്റോ കരാറോ വഴിയാണോ തൊഴിലാളി നിയോജനത്തിൽനിന്നോ അതിനിടയിലോ ഉദ്ഭവിക്കുന്ന ശാരീരി ക്ഷതിക്ക് നിയോജകനിൽ നിന്ന് നഷ്ടപരിഹാരത്തിനുള്ള ഏതെങ്കിലും അവകാശം വിട്ടുകൊടുക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും കാൺട്രാക്റ്റോ കരാറോ, അത് ഈ ആക്റ്റിൻെറ പ്രാരംഭത്തിനു മുൻപോ പിൻപോ ഉണ്ടാക്കിയതായിരുന്നാലും, ഈ ആക്റ്റിൻ കീഴിൽ നഷ്ടപരിഹാരം കൊടുക്കാനുള്ള ഏതെങ്കിലും ആളുടെ ബാദ്ധ്യത നീക്കം ചെയ്യുകയോ കുറയ്ക്കുകയോ ചെയ്യുന്നതായി കരുതപ്പെടുന്നിടത്തോളം അസാധുവും ശൂന്യവുമായിരിക്കുന്നതാണ്.

18. (വയസ്സ് തെളിയിക്കൽ) തൊഴിലാളികളുടെ നഷ്ടപരിഹാരം (ഭേദഗതി) ആക്റ്റ്, 1959 (1959-ലെ 8) 12-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

18 ക. <u>ദണ്ഡനങ്ങൾ.</u>—(1) ആരാണോ—

(ക) 10-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ അയാൾ വച്ചുപോരേണ്ട നോട്ടീസുബുക്ക് വച്ചുപോരാതിരിക്കുകയോ ;

(ഖ) 10ക വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ അയാൾ അയച്ചുകൊടുക്കേണ്ട സ്റ്റേറ്റ്മെൻറ്, കമ്മീഷണർക്ക് അയച്ചുകൊടുക്കാതിരിക്കുകയോ;

(ഗ) 10ഖ വകുപ്പിൻ കീഴിൽ അയാൾ അയച്ചുകൊടുക്കേണ്ട റിപ്പോർട്ട് അയച്ചുകൊടുക്കാതിരിക്കുകയോ ;

(ഘ) 16-ാം വകുപ്പിൻകീഴിൽ അയാൾ കൊടുക്കേണ്ട റിട്ടേൺ കൊടുക്കാതിരിക്കുകയോ ;

ചെയ്യുന്നത്, അങ്ങനെയുള്ള ഏതൊരാളും അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഈ വകുപ്പിൻകീഴിലെ യാതൊരു പ്രാസിക്യൂഷനും ഒരു കമ്മീഷണറോ കമ്മീഷണറുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയോ അല്ലാതെ ആരംഭിക്കാൻ പാടില്ലാത്തതും, യാതൊരു കോടതിയും ഈ വകുപ്പിൻ കീഴിലെ ഏതെങ്കിലും കുററം, അതിനെക്കുറിച്ചുള്ള പരാതി ചെയ്തതായി പറയുന്ന കുററം കമ്മീഷണറുടെ അറിവിൽ വന്ന തീയതി മുതൽ ആറുമാസത്തിനുള്ളിൽ കൊടുക്കാത്തപക്ഷം, നടപടിക്കെടുക്കാൻ പാടില്ലാത്തതും ആകുന്നു.

## അദ്ധ്യായം III

### കമ്മീഷണർമാർ

19. <u>കമ്മീഷണർമാർക്ക് റഫർ ചെയ്യുന്നത്</u>.— (1) ക്ഷതി ഉളവാക്ക
പ്പെട്ട ആരം ഒരു തൊഴിലാളിയാണോ അല്ലയോ എന്നതിനെക്കുറിച്ചോ, അല്ലെങ്കിൽ
നഷ്ടപരിഹാരത്തിന്റെ തുകയെക്കുറിച്ചോ, അത് എത്രകാലത്തേയ്ക്കാണെന്ന
തിനെക്കുറിച്ചോ (അവശനാക്കപ്പെടലിന്റെ പ്രകൃതത്തെക്കുറിച്ചോ വ്യാപ്തിയെ
ക്കുറിച്ചോ ഉള്ള ഏതെങ്കിലും പ്രശ്നം ഉൾപ്പെടെ) ഉള്ള ഏതെങ്കിലും പ്രശ്നം
ഉൾപ്പെടെ നഷ്ടപരിഹാരം കൊടുക്കാനുള്ള ഏതെങ്കിലും ആളുടെ ഏതെങ്കിലും
ബാദ്ധ്യതയെക്കുറിച്ച് ഏതെങ്കിലും പ്രശ്നം ഈ ആക്ററിൻകീഴിലെ ഏതെ
ങ്കിലും നടപടിയിൽ ഉദ്ഭവിക്കുന്നുവെങ്കിൽ, ആ പ്രശ്നം കരാർ ഉണ്ടാകുന്നി
ല്ലെങ്കിൽ കമ്മീഷണർ തീർപ്പാക്കേണ്ടതാകുന്നു.

(2) യാതൊരു സിവിൽ കോടതിക്കും, ഈ ആക്ററ് പ്രകാരമോ ഈ
ആക്ററിൻകീഴിലോ കമ്മീഷണർ തീർപ്പാക്കുകയോ തീരുമാനിക്കുകയോ
കൈകാര്യം ചെയ്യുകയോ ചെയ്യേണ്ട ഏതെങ്കിലും പ്രശ്നം തീർപ്പാക്കുകയോ,
തീരുമാനിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യാനോ, അല്ലെങ്കിൽ ഈ
ആക്ററിൻകീഴിൽ ഏതെങ്കിലും ബാദ്ധ്യത പ്രാവർത്തികമാക്കാനോ അധികാരിത
ഉണ്ടായിരിക്കുന്നതല്ല.

20. <u>കമ്മീഷണർമാരുടെ നിയമനം</u>.— (1) സ്റേററ് ഗവൺമെൻറിന്
ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഏതെങ്കിലും ആളെ വിജ്ഞാപന
ത്തിൽ വിനിർദ്ദേശിക്കുന്ന പ്രദേശത്തേയ്ക്ക് തൊഴിലാളികളുടെ നഷ്ടപരി
ഹാരത്തിനുള്ള കമ്മീഷണറായി നിയമിക്കാവുന്നതാണ്.

(2) ഏതെങ്കിലും പ്രദേശത്തേയ്ക്ക് ഒന്നിലധികം കമ്മീഷണർമാരെ
നിയമിച്ചിട്ടുള്ളിടത്ത്, സ്റേററ് ഗവൺമെൻറിന് പൊതുവായതോ പ്രത്യേക
മായതോ ആയ ഉത്തരവുവഴി, അവർക്കിടയിൽ കാര്യങ്ങൾ വിഭജിച്ചുകൊടുക്കു
ന്നത് ക്രമപ്പെടുത്താവുന്നതാണ്.

(3) ഏതെങ്കിലും കമ്മീഷണർക്ക് ഈ ആക്ററിൻകീഴിൽ തനിക്ക് തീരു
മാനത്തിന് റഫർ ചെയ്യുന്ന ഏതെങ്കിലും വിഷയം തീരുമാനിക്കുന്നതിനുവേണ്ടി,
അന്വേഷണവിചാരണയിലുള്ള വിഷയത്തിന് പ്രസക്തമായ ഏതെങ്കിലും
വിഷയത്തെക്കുറിച്ച് പ്രത്യേക പരിജ്ഞാനമുള്ള ഒന്നോ അതിലധികമോ ആളു
കളെ, അന്വേഷണവിചാരണ നടത്തുന്നതിൽ തന്നെ സഹായിക്കാനായി, തിരഞ്ഞെ
ടുക്കാവുന്നതാണ്.

(4) ഏതൊരു കമ്മീഷണറും ഇൻഡ്യൻ ശിക്ഷാനിയമ സംഹിത
(1860-ലെ 455)-യുടെ അർത്ഥത്തിൽ ഒരു പബ്ലിക് സർവൻറ് ആയി കരുത
പ്പെടുന്നതാകുന്നു.

21. <u>നടപടികളുടെ സ്ഥാനവും മാററലും</u>.—(1) ഏതെങ്കിലും കാര്യം ഈ
ആക്ററിൻകീഴിൽ കമ്മീഷണറോ കമ്മീഷണറുടെ മുമ്പാകെയോ ചെയ്യേണ്ടതായി
രിക്കുന്നിടത്ത്, അത്, ഏത് അപകടത്തിന്റെ ഫലമായ ക്ഷതിയാണോ, ആ
അപകടം ഉണ്ടായ പ്രദേശത്തേയ്ക്കുള്ള കമ്മീഷണറോ കമ്മീഷണർ മുമ്പാകെയോ,
ചെയ്യേണ്ടതായിരിക്കുന്നതും, എന്നാൽ ഇത് ഈ ആക്ററിന്റെ വ്യവസ്ഥകൾക്കും
അതിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾക്കും വിധേയമായിരിക്കുന്നതും ആണ്:

എന്നാൽ, തൊഴിലാളി ഒരു കപ്പലിന്റെ മാസ്ററോ നാവികനോ ആയിരി
ക്കുന്നിടത്ത്, അങ്ങനെയുള്ള ഏതെങ്കിലും കാര്യം ആ കപ്പലിന്റെ ഉടമസ്ഥനോ,
ഏജൻേറാ താമസമുള്ളതോ ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്നതോ ആയ
പ്രദേശത്തേയ്ക്കുള്ള കമ്മീഷണർക്കോ കമ്മീഷണർ മുമ്പാകെയോ ചെയ്യാവുന്ന
താണ്.

(2) കമ്മീഷണർക്ക് തന്റെ മുമ്പാകെ നിലവിലിരിക്കുന്ന ഏതെങ്കിലും നടപടിയിൽ നിന്ന് ഉദ്ഭവിക്കുന്ന ഏതെങ്കിലും വിഷയം, മറേറതെങ്കിലും കമ്മീഷണർക്ക് അതേ സ്റേററിലുള്ളതോ അല്ലാത്തതോ ആയാലും കൂടുതൽ സൗകര്യപ്രദമായി കൈകാര്യം ചെയ്യാൻ കഴിയും എന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അങ്ങനെയുള്ള വിഷയം അങ്ങനെയുള്ള മറേറ കമ്മീഷണർക്ക് റിപ്പോർട്ടിനോ തീർപ്പാക്കലിനോ ആയി മാററാൻ, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, ഉത്തരവ് ചെയ്യാവുന്നതും, അപ്രകാരം ചെയ്യുന്നുവെങ്കിൽ കമ്മീഷണർ അങ്ങനെയുള്ള വിഷയത്തിന്റെ തീരുമാനത്തിന് പ്രസക്തമായ എല്ലാ രേഖകളും, അങ്ങനെയുള്ള മറേറ കമ്മീഷണർക്ക് ഉടനടി അയച്ചുകൊടുക്കേണ്ടതും, വിഷയം തീർപ്പാക്കലിനായി മാററിയിട്ടുള്ളിടത്ത്, തന്റെ കൈയിൽ ശേഷിപ്പുള്ളതോ നടപടികളിലെ ഏതെങ്കിലും കക്ഷിയുടെ ഗുണത്തിനായി താൻ നിക്ഷേപിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും പണം നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അയച്ചുകൊടുക്കുകയും ചെയ്യേണ്ടതും ആകുന്നു:

എന്നാൽ കമ്മീഷണർ, നടപടിയിലെ ഏതെങ്കിലും ക്കക്ഷി, തന്റെ മുമ്പാകെ ഹാജരായിട്ടുള്ളിടത്ത്, അങ്ങനെയുള്ള കക്ഷിക്ക് പറയാനുള്ളത് പറയാൻ അവസരം കൊടുക്കാതെ, ആശ്രിതൻമാർക്കിടയിൽ മൊത്തത്തുക വിതരണം ചെയ്യുന്നതുസംബന്ധിച്ച ഏതെങ്കിലും മാററൽ ഉത്തരവ് ചെയ്യാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, ഒരു തൊഴിലാളിക്ക് പണം യഥാർത്ഥത്തിൽ കൊടുക്കുന്നതോ, അല്ലെങ്കിൽ ആശ്രിതൻമാർക്കിടയിൽ മൊത്തം തുക വിതരണം ചെയ്യുന്നതോ സംബന്ധിച്ചതല്ലാത്ത യാതൊരു വിഷയവും അതേ സ്റേററിലുള്ള ഒരു കമ്മീഷണർക്ക്, സ്റേററ് ഗവൺമെൻറിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെയോ, അല്ലെങ്കിൽ മറെറാരു സ്റേററിലുള്ള കമ്മീഷണർക്ക് ആ സ്റേററ് ഗവൺമെൻറിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെയോ ഈ ഉപവകുപ്പിൻകീഴിൽ തീർപ്പാക്കലിനായി മാററാൻ നടപടികളിലെ എല്ലാ കക്ഷികളും സമ്മതിക്കാത്തപക്ഷം, അങ്ങനെ മാററാൻ പാടുള്ളതല്ല.

(3) ഈ ആക്ററിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, ഏതു കമ്മീഷണർക്കാണോ ഏതെങ്കിലും വിഷയം അപ്രകാരം മാററുന്നത് ആ കമ്മീഷണർ അത് അന്വേഷണവിചാരണ ചെയ്യേണ്ടതും, ആ വിഷയം റിപ്പോർട്ടിനായി മാററിയതാണെങ്കിൽ, അതിൻമേലുള്ള തന്റെ റിപ്പോർട്ട് കൊടുക്കുകയോ, വിഷയം തീർപ്പാക്കലിന് മാററിയതാണെങ്കിൽ നടപടികൾ ആദ്യമേ തന്റെ മുമ്പാകെ ആരംഭിച്ചതായിരുന്നാലെന്നപോലെ തുടരേണ്ടതും ആകുന്നു.

(4) ഏതു കമ്മീഷണർക്കാണോ ഏതെങ്കിലും വിഷയം (2)-ാം ഉപവകുപ്പിൻകീഴിൽ റിപ്പോർട്ടിനായി മാററിയിട്ടുള്ളത്, ആ കമ്മീഷണറിൽനിന്ന് റിപ്പോർട്ട് കിട്ടുന്നതിൻമേൽ അതു റഫർ ചെയ്ത കമ്മീഷണർ, റഫർ ചെയ്ത വിഷയം അങ്ങനെയുള്ള റിപ്പോർട്ടിന് അനുരൂപമായി തീരുമാനിക്കേണ്ടതാകുന്നു.

(5) സ്റേററ് ഗവൺമെൻറിന്, ഏതെങ്കിലും വിഷയം അത് നിയമിച്ച ഏതെങ്കിലും കമ്മീഷണറിൽനിന്ന്, അത് നിയമിച്ച മറേറതെങ്കിലും കമ്മീഷണർക്ക് മാററാവുന്നതാണ്.

22. <u>അപേക്ഷയുടെ ഫാറം</u>.—(1) ഏതെങ്കിലും വിഷയം കമ്മീഷണർ തീർപ്പാക്കണമെന്നുള്ളതും നഷ്ടപരിഹാരത്തിന് ആശ്രിതന്റേയോ ആശ്രിതൻമാരുടേയോ അപേക്ഷ അല്ലാത്തതുമായ യാതൊരു അപേക്ഷയും, ആ വിഷയം സംബന്ധിച്ച് കക്ഷികൾക്ക് തമ്മിൽ ഏതെങ്കിലും പ്രശ്നം ഉദ്ഭവിച്ചിട്ടുണ്ടായിരിക്കുകയും, അത് അവർക്ക് കരാർവഴി തീർപ്പാക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നപക്ഷവും ചെയ്യുന്നതുവരെയും അല്ലാതെ കൊടുക്കാൻ പാടുള്ളതല്ല.

(2) കമ്മീഷണർക്കുള്ള അപേക്ഷ നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ
കൊടുക്കാവുന്നതും നിർണ്ണയിക്കപ്പെടുന്ന ഫീസ് വല്ലതും ഉണ്ടെങ്കിൽ, അത്,
അതുസഹിതം കൊടുക്കേണ്ടതും നിർണ്ണയിക്കപ്പെടുന്ന ഏതെങ്കിലും വിവര
ങ്ങൾക്കുപുറമേ താഴെപ്പറയുന്ന വിവരങ്ങൾ അടങ്ങിയതായിരിക്കേണ്ടതുമാണ്;
അതായത്,—

(ക) അപേക്ഷകൊടുക്കുന്ന പരിതഃസ്ഥിതികളുടെ സംക്ഷിപ്ത
പ്രസ്താവനയും അപേക്ഷകൻ അവകാശപ്പെടുന്ന നിവൃത്തിയും അല്ലെങ്കിൽ
ഉത്തരവും,

(ഖ) നിയോജകനെതിരായ നഷ്ടപരിഹാരത്തിനുള്ള അവകാശവാദ
ത്തിന്റെ സംഗതിയിൽ, നിയോജകന് അപകടത്തെക്കുറിച്ച് നോട്ടീസ് നടത്തിയ
തീയതിയും, അങ്ങനെയുള്ള നോട്ടീസ് നടത്തിയിട്ടില്ലെങ്കിലോ, യഥാസമയം
നടത്തിയിട്ടില്ലെങ്കിലോ, അങ്ങനെ ചെയ്യാതിരുന്നതിനുള്ള കാരണവും,

(ഗ) കക്ഷികളുടെ പേരും മേൽവിലാസവും,

(ഘ) നഷ്ടപരിഹാരത്തിനുള്ള ആശ്രിതരുടെ അപേക്ഷയുടെ സംഗ
തിയിൽ ഒഴികെ, കരാറിൽ എത്തിയിട്ടുള്ളതും കരാറിൽ എത്തിയിട്ടില്ലാത്തതുമായ
വിഷയങ്ങളുടെ സംക്ഷിപ്ത പ്രസ്താവനയും.

(3) അപേക്ഷകൻ നിരക്ഷരനാണെങ്കിലോ മറ്റേതെങ്കിലും കാരണ
ത്താൽ വേണ്ടതായ വിവരം ലിഖിതമായി കൊടുക്കാൻ അയാൾക്ക് കഴിവില്ലെ
ങ്കിലോ, അയാൾ അപേക്ഷ, കമ്മീഷണരുടെ നിദേശത്തിൻകീഴിൽ തയ്യാറാക്കപ്പെ
ടേണ്ടതാണെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ, അപ്രകാരം ചെയ്യേണ്ടതാകുന്നു.

22ക. <u>പ്രാണഹരമായ അപകടത്തിന്റെ സംഗതികളിൽ കൂടുതൽ
നിക്ഷേപം ആവശ്യപ്പെടാൻ കമ്മീണർക്കുള്ള അധികാരം.</u>— (1) തനിക്ക്
ഉളവായ ക്ഷതിയുടെ ഫലമായി മരണം സംഭവിച്ച ഒരു തൊഴിലാളിയെസംബ
ന്ധിച്ചു കൊടുക്കേണ്ട നഷ്ടപരിഹാരമായി നിയോജകൻ ഏതെങ്കിലും തുക
നിക്ഷേപിച്ചിരിക്കുകയും, കമ്മീഷണറുടെ അഭിപ്രായത്തിൽ ആ തുക മതിയായ
തല്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, കമ്മീഷണർക്ക് തനിക്കുള്ള കാരണങ്ങൾ
കാണിച്ചുകൊണ്ട് ലിഖിതമായ നോട്ടീസുവഴി നിയോജകനോട് നോട്ടീസിൽ
പറയുന്ന സമയത്തിനുള്ളിൽ, ഒരു കൂടുതൽ നിക്ഷേപംചെയ്യാതിരിക്കാനുള്ള
കാരണം കാണിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

(2) നിയോജകൻ കമ്മീഷണർക്ക് ബോദ്ധ്യമാകത്തക്കവിധം കാരണം
കാണിക്കാതിരിക്കുന്നുവെങ്കിൽ, കൊടുക്കേണ്ട ആകെത്തുക നിശ്ചയിച്ചു
കൊണ്ടും, പോരാത്തതു നിക്ഷേപിക്കുവാൻ നിയോജകനോട് ആവശ്യപ്പെട്ടു
കൊണ്ടും കമ്മീഷണർക്ക് അവാർഡ് പാസ്സാക്കാവുന്നതാണ്.

23. <u>കമ്മീഷണർമാരുടെ അധികാരങ്ങളും നടപടിക്രമവും.</u>—കമ്മീഷണർക്ക്
ശപഥത്തിൻമേൽ (അതു ചെയ്യിക്കാൻ കമ്മീഷണറെ ഇതിനാൽ അധികാരപ്പെടു
ത്തിയിരിക്കുന്നു) തെളിവു കൊടുക്കുകയും സാക്ഷികളെ ഹാജരാക്കിക്കുകയും
രേഖകളും ലക്ഷ്യവസ്തുക്കളും ഹാജരാക്കാൻ നിർബന്ധിക്കുകയും ചെയ്യുന്ന
ആവശ്യത്തിന് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൻ കീഴിൽ
സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും, ക്രിമിനൽ
നടപടി നിയമസംഹിത, 1898 (1898-ലെ 5)-ലെ 195-ാം വകുപ്പിന്റേയും
അദ്ധ്യായം XXXV-ന്റേയും എല്ലാ വ്യവസ്ഥകൾക്കും കമ്മീഷണർ സിവിൽ
കോടതിയായി കരുതപ്പെടുന്നതും ആകുന്നു.

24. <u>കക്ഷികൾ ഹാജരാകുന്നത്.</u>—ഏതെങ്കിലും ആൾ കമ്മീഷണരുടെ
മുമ്പാകെ ചെയ്യേണ്ട കൃത്യമോ, ഏതെങ്കിലും ഹാജരാകലോ കമ്മീഷണർക്ക്
കൊടുക്കേണ്ട ഏതെങ്കിലും അപേക്ഷയോ (ഒരു കക്ഷിയെ സാക്ഷിയായി

വിസ്തരിക്കുന്നതിനുവേണ്ടി ആവശ്യപ്പെടുന്ന അയാളുടെ ഹാജരാകലല്ലാത്തത്) അങ്ങനെയുള്ള ആൾക്ക് അയാൾ ലിഖിതമായി പ്രാധികാരപ്പെടുത്തിയ ഒരു അഭിഭാഷകനോ ഇൻഷ്വറൻസ് കമ്പനിയുടേയോ, രജിസ്റ്റേർഡ് ട്രെയ്ഡ് യൂണിയന്റേയോ ഉദ്യോഗസ്ഥനോ, അല്ലെങ്കിൽ ഫാക്റ്ററി ആക്റ്റ്, 1948 (1948-ലെ 63)-ലെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിലോ, ഖനികൾ ആക്റ്റ്,1952 (1952-ലെ 35)-ലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിലോ നിയമിച്ചിട്ടുള്ള ഇൻസ്പെക്ടർക്കോ, അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, അല്ലെങ്കിൽ കമ്മീഷണരുടെ അനുവാദത്തോടെ, അപ്രകാരം പ്രാധികാരപ്പെടുത്തപ്പെട്ട മറ്റേതെങ്കിലും ആൾക്കോ ചെയ്യുകയോ കൊടുക്കുകയോ ചെയ്യാവുന്നതാണ്.

25. <u>തെളിവ് റിക്കാർഡാക്കുന്ന സമ്പ്രദായം.</u>— കമ്മീഷണർ ഏതൊരു സാക്ഷിയുടേയും തെളിവിന്റെ സംക്ഷിപ്ത മെമ്മോറാണ്ടം, ആ സാക്ഷിയുടെ വിസ്താരം നടന്നുകൊണ്ടിരിക്കുമ്പോൾ ഉണ്ടാക്കേണ്ടതും, അങ്ങനെയുള്ള മെമ്മോറാണ്ടം കമ്മീഷണർ, സ്വന്തം കൈപ്പടയിൽ എഴുതി ഒപ്പിടേണ്ടതും അതു റിക്കാർഡിന്റെ ഭാഗമായിത്തീരുന്നതും ആണ്:

എന്നാൽ, അങ്ങനെയുള്ള മെമ്മോറാണ്ടം ഉണ്ടാക്കുന്നതിൽനിന്ന് താൻ തടയപ്പെടുന്നുവെങ്കിൽ അപ്രകാരം ചെയ്യാൻ കഴിയാത്തതിന്റെ കാരണം റിക്കാർഡാക്കേണ്ടതും, താൻ കേട്ടെഴുതാൻ പറഞ്ഞുകൊടുക്കുന്നതിൽനിന്ന് അങ്ങനെയുള്ള മെമ്മോറാണ്ടം ലിഖിതമായി ഉണ്ടാക്കിക്കുകയും അതിൽ ഒപ്പിടുകയും ചെയ്യേണ്ടതും അങ്ങനെയുള്ള മെമ്മോറാണ്ടം റിക്കാർഡിന്റെ ഭാഗമായിത്തീരുന്നതും ആണ്;

എന്നുമാത്രമല്ല, ഏതെങ്കിലും മെഡിക്കൽ സാക്ഷിയുടെ തെളിവ് ആകുന്നത്ര അടുത്തുവരുന്നവിധം പദാനുപദം എഴുതി എടുക്കേണ്ടതാകുന്നു.

26. <u>കോടതിച്ചെലവ്.</u>—കമ്മീഷണറുടെ മുമ്പാകെയുള്ള ഏതെങ്കിലും നടപടിക്ക് ആനുഷംഗികമായ എല്ലാ കോടതിച്ചെലവും, ഈ ആക്റ്റ് ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, കമ്മീഷണർക്ക് സ്വവിവേകം ഉപയോഗിച്ച് നിശ്ചയിക്കാവുന്നതായിരിക്കുന്നതാണ്.

27. <u>കേസുകൾ സമർപ്പിക്കാനുള്ള അധികാരം.</u>—കമ്മീഷണർക്ക്, യുക്തമെന്നു തോന്നുന്നുവെങ്കിൽ, ഏതെങ്കിലും നിയമപ്രശ്നം ഹൈക്കോടതിയുടെ തീരുമാനത്തിന് സമർപ്പിക്കാവുന്നതും, അപ്രകാരം ചെയ്യുന്നുവെങ്കിൽ, കമ്മീഷണർ അങ്ങനെയുള്ള തീരുമാനത്തിന് അനുരൂപമായി ആ പ്രശ്നം തീരുമാനിക്കേണ്ടതും ആകുന്നു.

28. <u>കരാറുകളുടെ രജിസ്ട്രേഷൻ.</u>—(1) നഷ്ടപരിഹാരമായി കൊടുക്കേണ്ട ഏതെങ്കിലും മൊത്തത്തുകയുടെ സംഖ്യ കരാർവഴി തീർപ്പാക്കിയിട്ടുള്ളിടത്തോ, അത് അർദ്ധമാസികമായി പണം കൊടുക്കാനുള്ള ഒരു ബാദ്ധ്യത വിടുത്തുന്നതുവഴിയോ മറ്റുവിധത്തിലോ ആയാലും, അല്ലെങ്കിൽ ഏതെങ്കിലും നഷ്ടപരിഹാരം, ഒരു സ്ത്രീക്കോ നിയമപരമായ അവശതയുള്ള ഏതെങ്കിലും ആൾക്കോ കൊടുക്കേണ്ടതായി അപ്രകാരം തീർപ്പാക്കിയിട്ടുള്ളിടത്തോ, അതിന്റെ ഒരു മെമ്മോറാണ്ടം നിയോജകൻ കമ്മീഷണർക്ക് അയച്ചുകൊടുക്കേണ്ടതും, അത് യഥാർത്ഥമായതാണെന്ന് ബോദ്ധ്യപ്പെടുന്നതിൻമേൽ കമ്മീഷണർ ആ മെമ്മോറാണ്ടം നിർണ്ണയിക്കപ്പെടുന്ന രീതിയിൽ ഒരു രജിസ്റ്ററിൽ റിക്കാർഡാക്കേണ്ടതും ആണ്:

എന്നാൽ—

(ക) അങ്ങനെയുള്ള യാതൊരു മെമ്മോറാണ്ടവും കമ്മീഷണർ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസിന്റെ അറിയിക്കലിനുശേഷം ഏഴ് ദിവസത്തിനു മുമ്പ് റിക്കാർഡാക്കാൻ പാടില്ലാത്തതും,

(ഖ) .. .. .. .. ..

(ഗ) കമ്മീഷണർക്ക് ഏതു സമയത്തും രജിസ്റ്റർ തിരുത്താവുന്നതും,

(ഘ) കമ്മീഷണർക്ക്, ഒരു മൊത്തത്തുക കൊടുക്കാനുള്ള ഒരു കരാറോ, അത് അർദ്ധമാസികമായി പണം കൊടുക്കാനുള്ള ബാദ്ധ്യത വിടുത്തുന്നതുവഴിയോ മററുവിധത്തിലോ ഉള്ളതായാലും, അല്ലെങ്കിൽ ഒരു സ്ത്രീക്കോ നിയപരമായി അവശതയുള്ള ആംക്കോ കൊടുക്കേണ്ട നഷ്ടപരിഹാരത്തുക സംബന്ധിച്ച് ഒരു കരാറോ, ആ മൊത്തം തുകയുടേയോ നഷ്ടപരിഹാരത്തുകയുടേയോ അപര്യാപ്തതകാരണമായോ അല്ലെങ്കിൽ കരാർ വഞ്ചനയാലോ അനുചിതമായ സ്വാധീനത്താലോ മററ് അനുചിതമായ മാർഗ്ഗത്തിലൂടെയോ നേടിയിട്ടുള്ളതാണെന്നുള്ളത് കാരണമായോ രജിസ്റ്റർചെയ്യാൻ പാടില്ലാത്തതാണെന്നു തോന്നുന്നുവെങ്കിൽ, ആ കരാറിൻെറ മെമ്മോറാണ്ടം റിക്കാർഡാക്കാൻ വിസമ്മതിക്കാവുന്നതും, കരാറിൻകീഴിൽ മുമ്പേ കൊടുത്തിട്ടുള്ള ഏതെങ്കിലും തുകയെസംബന്ധിച്ച് ഉത്തരവ്ഉൾപ്പെടെ, ആ പരിതഃസ്ഥിതികളിൽ ന്യായമാണെന്ന് തനിക്ക് തോന്നുന്ന ഉത്തരവ് ചെയ്യാവുന്നതും ആണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നഷ്ടപരിഹാരം കൊടുക്കാനുള്ള ഒരു കരാർ, ഇൻഡ്യൻ കാൺട്രാക്റ്റ് ആക്റ്റ്, 1872 (1872-ലെ 9)-ലോ, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിൽ പ്രാവർത്തികമാക്കാവുന്നതായിരിക്കുന്നതാണ്.

29. <u>കരാർ രജിസ്റ്റർ ചെയ്യാതിരിക്കുന്നതിൻെറ ഫലം.</u>— 28-ാം വകുപ്പ് രജിസ്ട്രേഷൻ ആവശ്യപ്പെടുന്ന ഏതെങ്കിലും കരാറിൻെറ മെമ്മോറാണ്ടം ആ വകുപ്പ് ആവശ്യപ്പെടുന്നതുപോലെ കമ്മീഷണർക്ക് അയച്ചുകൊടുക്കാത്തിടത്ത്, നിയോജകൻ ഈ ആക്റ്റിൻെറ വ്യവസ്ഥകൾക്ക് കീഴിൽ താൻ കൊടുക്കാൻ ബാദ്ധ്യസ്ഥനായ മുഴുവൻ നഷ്ടപരിഹാരത്തുകയും കൊടുക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും, 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻെറ പരിമിതിവ്യവസ്ഥയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കമ്മീഷണർ മററുവിധത്തിൽ നിദേശിക്കാത്തപക്ഷം, ഒരു തൊഴിലാളിക്ക് നഷ്ടപരിഹാരമായി കൊടുത്തിട്ടുള്ള ഏതെങ്കിലും തുകയുടെ, അത് കരാറിൻകീഴിലോ മററുവിധത്തിലോ ആയാലും, പകുതിയിലധികം കീഴിവുചെയ്യാൻ അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

30. <u>അപ്പീലുകൾ.</u>—(1) കമ്മീഷണറുടെ താഴെപ്പറയുന്ന ഉത്തരവുകളിൽ നിന്ന് ഹൈക്കോടതിയിലേക്ക് അപ്പീൽ ഉണ്ടായിരിക്കുന്നതാണ്, അതായത്;

(ക) നഷ്ടപരിഹാരമായി ഒരു മൊത്തത്തുക അവാർഡ് ചെയ്യുന്ന ഉത്തരവ്, അത് അർദ്ധമാസികമായി പണം കൊടുക്കാനുള്ള ബാദ്ധ്യത വിടുത്തുന്നതുവഴിയോ മററു വിധത്തിലോ ഉള്ളതായാലും, അല്ലെങ്കിൽ ഒരു മൊത്തത്തുകയ്ക്കുള്ള അവകാശവാദം മുഴുവനായോ ഭാഗികമായോ അനുവദിക്കാതിരിക്കുന്ന ഉത്തരവ്;

(കക) 4-ക വകുപ്പിൻകീഴിൽ പലിശയോ ദണ്ഡനമോ അവാർഡ് ചെയ്യുന്ന ഉത്തരവ്;

(ഖ) അർദ്ധമാസികമായി പണം കൊടുക്കാനുള്ള ബാദ്ധ്യതവിടുത്തൽ അനുവദിക്കാൻ വിസമ്മതിക്കുന്ന ഉത്തരവ്;

(ഗ) മരിച്ചുപോയ ഒരു തൊഴിലാളിയുടെ ആശ്രിതർക്കിടയിൽ നഷ്ടപരിഹാരം വിതരണം ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നതോ, അല്ലെങ്കിൽ താൻ അങ്ങനെയുള്ള ആശ്രിതനാണെന്ന് പറയുന്ന ഒരാളുടെ ഏതെങ്കിലും അവകാശവാദം അനുവദിക്കാതിരിക്കുന്നതോ ആയ ഉത്തരവ്;

(ഘ) 12-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു കീഴിലുള്ള നഷ്ടോത്തരവാദത്തുകയ്ക്കുള്ള ഏതെങ്കിലും അവകാശവാദം അനുവദിക്കുന്നതോ അനുവദിക്കാതിരിക്കുന്നതോ ആയ ഉത്തരവ്;

(ങ) ഒരു കരാറിന്റെ മെമ്മോറാണ്ടം രജിസ്റ്റർ ചെയ്യാൻ വിസമ്മതിക്കുന്നതോ, അല്ലെങ്കിൽ അതു രജിസ്റ്റർ ചെയ്യുന്നതോ അല്ലെങ്കിൽ അത് ഉപാധികൾക്കു വിധേയമായി രജിസ്റ്റർ ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നതോ ആയ ഉത്തരവ് :

എന്നാൽ, ഏതെങ്കിലും ഉത്തരവിനെതിരായി യാതൊരു അപ്പീലും സാരവത്തായ ഒരു ന്യായപ്രശ്നം ഉൾക്കൊള്ളാത്ത പക്ഷവും (ഖ) ഖണ്ഡത്തിൽ പരാമർശിക്കുന്ന ഉത്തരവ് അല്ലാത്ത ഒരു ഉത്തരവിന്റെ സംഗതിയിൽ, അപ്പീലിൽ തർക്കത്തിലുള്ള തുക മുന്നൂറ് രൂപയിൽ കുറവായിരിക്കാത്തപക്ഷവും, ഉണ്ടായിരിക്കുന്നതല്ല :

എന്നുമാത്രമല്ല, കക്ഷികൾ കമ്മീഷണറുടെ തീരുമാനം അനുസരിക്കാമെന്നു കരാർ ചെയ്തിട്ടുള്ളതോ, അല്ലെങ്കിൽ കമ്മീഷണറുടെ ഉത്തരവ് കക്ഷികൾ തമ്മിൽ എത്തിയ ഒരു കരാറിന് പ്രഭാവം നല്കുന്നതോ ആയ ഏതെങ്കിലും സംഗതിയിൽ യാതൊരപ്പീലും ഉണ്ടായിരിക്കുന്നതല്ല :

എന്നുമാത്രമല്ല, (ക) ഖണ്ഡത്തിൻ കീഴിലെ ഒരു നിയോജകന്റെ യാതൊരു അപ്പീലും, അപ്പീൽ മെമ്മോറാണ്ടം, ഏതുത്തരവിന് എതിരായുള്ളതാണോ അപ്പീൽ ആ ഉത്തരവിൻകീഴിൽ കൊടുക്കേണ്ടതുക തന്റെ വശം അപ്പീൽ വാദി ഡെപ്പോസിററ് ചെയ്തിട്ടുണ്ടെന്ന അർത്ഥത്തിലുള്ള കമ്മീഷണറുടെ സർട്ടിഫിക്കററ് സഹിതമുള്ളതല്ലാത്തപക്ഷം, ഉണ്ടായിരിക്കുന്നതല്ല.

(2) ഈ വകുപ്പിൻകീഴിൽ അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള കാലഹരണ കാലാവധി അറുപതു ദിവസം ആയിരിക്കുന്നതാണ്.

(3) ഇൻഡ്യൻ കാലഹരണ ആക്ററ്, 1908-ലെ 5-ാം (1908-9) വകുപ്പ് ലെ വ്യവസ്ഥകൾ, ഈ വകുപ്പിൻകീഴിലുള്ള അപ്പീലുകൾക്ക് ബാധകമായിരിക്കുന്നതാണ്.

30 ക. അപ്പീൽ തീരുമാനം വരെ ചില സംഗതികളിൽ പണം ന്ലകാതിരിക്കൽ.— നിയോജകൻ 30-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ അപ്പീൽ കൊടുക്കുന്നിടത്ത്, കമ്മീഷണർക്ക് തന്റെ വശം ഡെപ്പോസിററ് ചെയ്തിട്ടുള്ള ഏതെങ്കിലും തുക അപ്പീൽ തീരുമാനം വരെ നല്കാതിരിക്കണമെന്നു നിദേശിക്കാവുന്നതും, ഹൈക്കോടതി അങ്ങനെ നിദേശിക്കുന്നുവെങ്കിൽ, കമ്മീഷണർ അങ്ങനെ നല്കാതിരിക്കേണ്ടതും ആകുന്നു.

31. വസൂലാക്കൽ.— ഈ ആക്ററിൻകീഴിൽ ഏതെങ്കിലും ആൾ കൊടുക്കേണ്ട ഏതെങ്കിലും തുക, അതു നഷ്ടപരിഹാരം കൊടുക്കാനുള്ള കരാറിൻ കീഴിലോ മററുവിധത്തിലോ ആയാലും, കമ്മീഷണർക്ക് ഭൂമിക്കരക്കുടിശ്ശിക ആയിരുന്നാലെന്നപോലെ വസൂലാക്കാവുന്നതും, കമ്മീഷണർ, നികുതി വസൂലാക്കൽ ആക്ററ്, 1890-ലെ 5-ാം (1890-ലെ 1) വകുപ്പിന്റെ അർത്ഥത്തിൽ പബ്ലിക് ഉദ്യോഗസ്ഥനായി കരുതപ്പെടുന്നതും ആകുന്നു.

## അദ്ധ്യായം IV

### ചട്ടങ്ങൾ

32. സ്റ്റേററ് ഗവൺമെൻറിന് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സ്റ്റേററ് ഗവൺമെൻറിന് ഈ ആക്ററിൻെറ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്കു ഭംഗം വരാത്തവിധത്തിലും, അങ്ങനെയുള്ള ചട്ടങ്ങൾ താഴെപ്പറയുന്ന എല്ലാ വിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:

(ക) ചികിത്സകൻെറ സർട്ടിഫിക്കററ് സഹിതം ഉള്ളതല്ലാത്തപ്പോൾ, 6-ാം വകുപ്പിൻകീഴിൽ റവ്യൂവിനുള്ള അപേക്ഷ ഏത് ഇടവേളകൾ വിട്ടും ഏതു ഉപാധികൾക്ക് വിധേയമായും ആണോ കൊടുക്കാവുന്നത്, ആ ഇടവേളകളും ഉപാധികളും നിർണ്ണയിക്കുന്നത്;

(ഖ) ഏത് ഇടവേളകൾ വിട്ടും ഏത് ഉപാധിക്ക് വിധേയമായും ആണോ ഒരു തൊഴിലാളിയോട് 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ വൈദ്യപരിശോധനയ്ക്കു സ്വയം വിധേയനാകാൻ ആവശ്യപ്പെടാവുന്നത്, ആ ഇടവേളകളും ഉപാധികളും നിർണ്ണയിക്കുന്നത്;

(ഗ) ഈ ആക്ററിൻകീഴിൽ കേസുകൾ തീർച്ച ചെയ്യുന്നതിൽ കമ്മീഷണറും, അങ്ങനെയുള്ള കേസുകളിൽ കക്ഷികളും അനുവർത്തിക്കേണ്ട നടപടിക്രമം നിർണ്ണയിക്കുന്നത്;

(ഘ) വിഷയങ്ങളും കേസുകളും ഒരു കമ്മീഷണറിൽ നിന്നും മറെറാരു കമ്മീഷണർക്ക് മാററുന്നതും അങ്ങനെയുള്ള കേസുകളിൽ പണം മാററുന്നതും ക്രമപ്പെടുത്തുന്നത്;

(ങ) ഒരു കമ്മീഷണറുടെ കൈയിലുള്ള പണം മരിച്ചുപോയ തൊഴിലാളിയുടെ ആശ്രിതരുടെ ഗുണത്തിനായി നിക്ഷേപിക്കുന്ന രീതി നിർണ്ണയിക്കുന്നതും അങ്ങനെ നിക്ഷേപിക്കുന്ന പണം ഒരു കമ്മീഷണറിൽനിന്ന് മറെറാരു കമ്മീഷണർക്ക് മാററുന്നതും;

(ച) കമ്മീഷണർക്കുമുമ്പാകെയുള്ള നടപടികളിൽ മൈനർമാരോ ഹാജരാകാൻ കഴിയാത്തവരോ ആയ കക്ഷികളെ പ്രതിനിധാനം ചെയ്യുന്നത്;

(ഛ) കരാറുകളുടെ മെമ്മോറാണ്ടങ്ങൾ ബോധിപ്പിക്കുകയും രജിസ്ററർ ചെയ്യുകയും ചെയ്യേണ്ട ഫാറവും രീതിയും നിർണ്ണയിക്കുന്നത്;

(ജ) അർദ്ധമാസികമായി കൊടുക്കാനുള്ള തുകകൾ, അവ റവ്യൂ ചെയ്യുന്നതിനുള്ള അപേക്ഷയുടെ തീരുമാനം വരെ കമ്മീഷണർമാർ പൂർണ്ണമായോ ഭാഗികമായോ നല്കാതിരിക്കുന്നത്;

(ഝ) ഈ ആക്ററിൻകീഴിലെ നടപടികളിൽ അനുവദിക്കാവുന്ന കോടതിച്ചെലവിൻെറ തോത് ക്രമപ്പെടുത്തുന്നത്;

(ഞ) ഈ ആക്ററിൻകീഴിൽ, ഒരു കമ്മീഷണറുടെ മുമ്പാകെയുള്ള ഏതെങ്കിലും നടപടികളെ സംബന്ധിച്ച് കൊടുക്കേണ്ട ഫീസിൻെറ തുക നിർണ്ണയിക്കുകയും നിശ്ചയിക്കുകയും ചെയ്യുന്നത്;

(ട) കമ്മീഷണർമാർ തങ്ങളുടെ മുമ്പാകെയുള്ള നടപടികൾക്ക് രജിസ്ററുകളും റിക്കാർഡുകളും സൂക്ഷിക്കുന്നത്;

(ഠ) 10-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ നോട്ടീസ് ബുക്കുകൾ വച്ചുപോരേണ്ടത് ഏതുതരം നിയോജകൻമാരാണെന്നുള്ളതും അങ്ങനെയുള്ള നോട്ടീസുബുക്കുകളുടെ ഫാറവും നിർണ്ണയിക്കുന്നത്;

(ഡ) 10ക വകുപ്പിൻകീഴിൽ നിയോജകന്മാർ സമർപ്പിക്കേണ്ട സ്റ്റേറ്റുമെൻറിന്റെ ഫാറം നിർണ്ണയിക്കുന്നത്;

(ഢ) ഏത് സംഗതികളിലാണ് 10ക വകുപ്പിൽ പരാമർശിച്ച റിപ്പോർട്ട് കമ്മീഷണറല്ലാത്ത ഒരു അധികാരസ്ഥാനത്തിന് അയച്ചുകൊടുക്കാവുന്നത് എന്നു നിർണ്ണയിക്കുന്നത്;

(ണ) ഈ ആക്റ്റിന്റെ ആബ്സ്ട്രാക്റ്റുകൾ നിർണ്ണയിക്കുന്നതും അങ്ങനെയുള്ള ആബ്സ്ട്രാക്റ്റുകൾ അടങ്ങിയ നോട്ടീസ് പ്രദർശിപ്പിക്കാൻ നിയോജകരോട് ആവശ്യപ്പെടുന്നതും;

(ത) ജീവികാജന്യരോഗങ്ങളായി വിനിർദ്ദേശിക്കുന്ന രോഗങ്ങളുടെ രോഗനിർണ്ണയത്തിനുള്ള രീതി നിർണ്ണയിക്കുന്നത്;

(ഥ) ഈ ആക്റ്റിന്റെ ആവശ്യങ്ങളിൽ ഏതിനെങ്കിലും വേണ്ടി രോഗങ്ങൾ സർട്ടിഫൈ ചെയ്യുന്ന രീതി നിർണ്ണയിക്കുന്നത്;

(ദ) കഴിവില്ലായ്മ മതിക്കുന്ന രീതിയും, അതിനുള്ള മാനകങ്ങളും നിർണ്ണയിക്കുന്നത്.

33. (തദ്ദേശിയ ഗവൺമെൻറിനു ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം) 1937-ലെ എ. ഒ. യാൽ റദ്ദാക്കപ്പെട്ടു.

34. <u>ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത്.</u>— (1) ചട്ടങ്ങൾ ഉണ്ടാക്കാൻ 32-ാം വകുപ്പ് നല്കുന്ന അധികാരം, ചട്ടങ്ങൾ ഉണ്ടാക്കുന്നത് മുൻകൂട്ടി പ്രസിദ്ധപ്പെടുത്തുന്നതിന് ശേഷമായിരിക്കണമെന്ന ഉപാധിയ്ക്കു വിധേയമായിരിക്കുന്നതാണ്.

(2) ഏതു തീയതിക്കു ശേഷമാണോ 32-ാം വകുപ്പിൻ കീഴിൽ ഉണ്ടാക്കാൻ നിർദ്ദേശിക്കപ്പെടുന്ന ചട്ടങ്ങളുടെ കരട് പരിഗണനയ്ക്കെടുക്കുമെന്ന് സാമാന്യ ഖണ്ഡങ്ങൾ ആക്റ്റ്, 1897 (1897–ലെ10) -ലെ 23-ാം വകുപ്പ് (3)-ാം ഖണ്ഡമനുസരിച്ച്, വിനിർദ്ദേശിക്കേണ്ടത്, ആ തീയതി നിർദ്ദിഷ്ട ചട്ടങ്ങളുടെ കരട് സാമാന്യമായ അറിവിനായി പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ മൂന്നുമാസത്തിനുള്ളിലായിരിക്കാൻ പാടുള്ളതല്ല.

(3) അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾ ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അങ്ങനെ പ്രസിദ്ധപ്പെടുത്തുന്നതോടെ അവയ്ക്കു ഈ ആക്റ്റിൽ അധിനിയമം ചെയ്തിരുന്നാലെന്നപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതും ആണ്.

35. <u>നഷ്ടപരിഹാരമായി കൊടുക്കുന്ന പണം മാററുന്നതിന് മററു രാജ്യങ്ങളുമായുള്ള ഏർപ്പാടുകൾക്ക് പ്രഭാവം നല്കാനുള്ള ചട്ടങ്ങൾ.</u>—(1) കേന്ദ്ര ഗവൺമെൻറിന് ഈ ആക്റ്റിൻ കീഴിൽ ഒരു കമ്മീഷണർ വശം ഡെപ്പോസിററ് ചെയ്തിട്ടുള്ളതും, ചക്രവർത്തിയുടെ ഡൊമിനിയനുകളുടെ ഏതെങ്കിലും ഭാഗത്തോ മറേറതെങ്കിലും രാജ്യത്തോ താമസമുള്ളതോ താമസമാക്കാൻ പുറപ്പെടുന്നതോ ആയ ഏതെങ്കിലും ആൾക്ക് അവാർഡ് ചെയ്തിട്ടുള്ളതോ കൊടുക്കാനുള്ളതോ ആയതുമായ പണം, ആ ഭാഗത്തേയ്ക്കോ രാജ്യത്തേയ്ക്കോ മാററുന്നതിനും, തൊഴിലാളിയുടെ നഷ്ടപരിഹാരം സംബന്ധിച്ചുള്ള നിയമത്തിൻ കീഴിൽ ചക്രവർത്തിയുടെ ഡൊമിനിയനുകളുടെ ഏതെങ്കിലും ഭാഗത്തോ മറേറതെങ്കിലും രാജ്യത്തോ ഡെപ്പോസിററ് ചെയ്തിട്ടുള്ളതും ഏതെങ്കിലും സ്റ്റേററിൽ താമസമുള്ളതോ താമസമാക്കാൻ പുറപ്പെടുന്നതോ ആയ ഏതെങ്കിലും

ആ൦ക്ക് അവാർഡ് ചെയ്തിട്ടുള്ളതോ കൊടുക്കാനുള്ളതോ ആയതുമായ ഏതെങ്കിലും പണത്തിന്റെ ഏതെങ്കിലും സ്റേററിനുള്ളിലെ സ്വീകരിക്കലിനും വിതരണത്തിനും ഭരണത്തിനും, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, പ്രാണഹരമായ അപകടങ്ങൾ സംബന്ധിച്ച് ഈ ആക്ററിൻ കീഴിൽ ഡെപ്പോസിററ് ചെയ്യുന്ന യാതൊരു തുകയും, അതു സ്വീകരിക്കുന്ന കമ്മീഷണർ, 8-ാം വകുപ്പ് (4)-ം (5)-ം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് കീഴിൽ അതു വിതരണം ചെയ്യുന്നതും വീതിക്കുന്നതും നിശ്ചയിച്ചുകൊണ്ട് ഉത്തരവുകൾ പാസ്സാക്കുന്നതുവരെ, ബന്ധപ്പെട്ട നിയോജകന്റെ സമ്മതം കൂടാതെ അപ്രകാരം മാററപ്പെടാൻ പാടുള്ളതല്ല.

(2) ഒരു കമ്മീഷണർ വശം ഡെപ്പോസിററ് ചെയ്യുന്ന പണം, ഈ വകുപ്പിൻ കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ അനുസരിച്ച് അപ്രകാരം മാററിയിട്ടുള്ളിടത്ത്, അങ്ങനെയുള്ള ഏതെങ്കിലും പണം സംബന്ധിച്ച് തന്റെ വശം ഡെപ്പോസിററ് ചെയ്തിട്ടുള്ള നഷ്ടപരിഹാരം, വിതരണം ചെയ്യുന്നതിനെക്കുറിച്ച് ഈ ആക്ററിൽ അന്യത്ര അടങ്ങുന്ന വ്യവസ്ഥകൾ, ബാധകമല്ലാതായിത്തീരുന്നതാണ്.

36. **കേന്ദ്രഗവൺമെന്റ് ഉണ്ടാക്കുന്ന ചട്ടങ്ങൾ പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്.**— ഈ ആക്ററിൻ കീഴിൽ കേന്ദ്രഗവൺമെന്റ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടുസമ്മേളനങ്ങളിലോ ആയി ആകെ മുപ്പതുദിവസക്കാലത്തേയ്ക്കു വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിലാണോ അത് അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിനുതൊട്ട് അടുത്തു വരുന്ന സമ്മേളനമോ, അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുത് എന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ, പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ ചട്ടത്തിൻകീഴിൽ മുമ്പു ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്കു ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

## പട്ടിക I

[2 (1)-ഉം 4-ഉം വകുപ്പുകൾ നോക്കുക]

### ഭാഗം I

ഏതു ക്ഷതികളുടെ ഫലമായാണോ എന്നെന്നേക്കുമായും പൂർണ്ണമായും വികലീകരിക്കപ്പെടുന്നതായി കരുതപ്പെടുന്നത്, ആ ക്ഷതികളുടെ ലിസ്റ്റ്.

| ക്രമനമ്പർ | ക്ഷതിയുടെ വിവരണം | സമ്പാദിക്കാനുള്ള കഴിവിന്റെ നഷ്ട ശതമാനം. |
|---|---|---|
| (1) | (2) | (3) |
| 1. | ഇരു കൈപ്പടങ്ങളുടേയും നഷ്ടമോ അതിന് മുകൾഭാഗത്തുവച്ചുള്ള വിച്ഛേദനമോ. | 100 |
| 2. | ഒരു കൈപ്പടത്തിന്റേയും ഒരു കാല്പടത്തിന്റേയും നഷ്ടം. | 100 |
| 3. | കാലിലൂടെയോ തുടയിലൂടെയോ ഉള്ള ഇരട്ട വിച്ഛേദനമോ, അല്ലെങ്കിൽ ഒരു വശത്തുള്ള കാലിലൂടെയോ തുടയിലൂടെയോ ഉള്ള വിച്ഛേദനവും മറേറകാല്പടത്തിന്റെ നഷ്ടവും. | 100 |
| 4. | കാഴ്ച ആവശ്യമായ ഏതെങ്കിലും പ്രവൃത്തി നിർവ്വഹിക്കാൻ അവകാശവാദിയെ കഴിവില്ലാതാക്കുന്നിടത്തോളമുള്ള കാഴ്ചനഷ്ടം. | 100 |
| 5. | അതിതീവ്രമായി മുഖം വിരൂപമാക്കൽ. | 100 |
| 6. | പരിപൂർണ്ണമായ ബധിരത. | 100 |

### ഭാഗം II

ഏതു ക്ഷതികളുടെ ഫലമായാണോ എന്നെന്നേക്കുമായും ഭാഗികമായും അവശനാക്കപ്പെടുന്നതായി കരുതപ്പെടുന്നത്, ആ ക്ഷതികളുടെ ലിസ്റ്റ്.

| | | |
|---|---|---|
| | അംഗവിച്ഛേദനക്കേസുകൾ — മുകൾഭാഗത്തുള്ള അവയവങ്ങൾ രണ്ടിലൊരു കൈ | |
| 1. | തോൾ സന്ധിയിലൂടെ ഉള്ള വിച്ഛേദനം. | 90 |
| 2. | അംസകൂടത്തിന്റെ അററത്തുനിന്ന് 8 ഇഞ്ചിൽ കുറവായ കുററിയോടുകൂടെ തോളിന് താഴെയുള്ള വിച്ഛേദനം. | 80 |
| 3. | അംസകൂടത്തിന്റെ അററത്തുനിന്ന് 8 ഇഞ്ച് മുതൽ കഫണിയുടെ അററത്തുനിന്ന് താഴെ 4½ ഇഞ്ച് വരെയുള്ള വിച്ഛേദനം. | 70 |
| 4. | ഒരു കൈപ്പടത്തിന്റെ അല്ലെങ്കിൽ, ഒരു കൈപ്പടത്തിലെ പെരുവിരലിന്റേയും നാലുവിരലുകളുടേയും നഷ്ടം അല്ലെങ്കിൽ കഫണിയുടെ അററത്തുനിന്ന് താഴെ 4½ ഇഞ്ചു മുതല്ക്കുള്ള വിച്ഛേദനം. | 60 |
| 5. | പെരുവിരലിന്റെ നഷ്ടം. | 30 |

| (1) | (2) | (3) |
|---|---|---|
| 6. | പെരുവിരലിന്റേയും അതിന്റെ കരഭാസ്ഥി യുടേയും നഷ്ടം. | 40 |
| 7. | ഒരു കൈപ്പടത്തിന്റെ നാല് വിരലുകളുടെ നഷ്ടം. | 50 |
| 8. | ഒരു കൈപ്പടത്തിന്റെ മൂന്നുവിരലുകളുടെ നഷ്ടം. | 30 |
| 9. | ഒരു കൈപ്പടത്തിന്റെ രണ്ടുവിരലുകളുടെ നഷ്ടം. | 20 |
| 10. | പെരുവിരലിന്റെ അന്തിമസ്ഥമായ അംഗു ലാസ്ഥിയുടെ നഷ്ടം. | 20 |
| | വിച്ഛേദനക്കേസ്സുകം—കീഴ്ഭാഗത്തുള്ള അവയവങ്ങം | |
| 11. | അററംവരെ കുററികളാകത്തക്കവിധമുള്ള ഇരു കാല്പടങ്ങളുടേയും വിച്ഛേദനം. | 90 |
| 12. | പ്രപദാംഗുലാസ്ഥിസന്ധിക്ക് അടുത്തുവ ച്ചുള്ള ഇരു കാല്പടങ്ങളുടേയും വിച്ഛേ ദനം. | 80 |
| 13. | പ്രപദാംഗുലാസ്ഥിസന്ധിയിൽ വച്ചുള്ള ഇരുകാല്പടങ്ങളുടേയും എല്ലാ വിരലുകളു ടേയും നഷ്ടം. | 40 |
| 14. | ഇരു കാല്പടങ്ങളുടെ എല്ലാ വിരലുകളു ടേയും നികടസ്ഥ അന്തരാംഗുലാസ്ഥിയ്ക്ക് അടുത്തുവച്ചുള്ള നഷ്ടം. | 30 |
| 15. | ഇരു കാല്പടങ്ങളുടെ എല്ലാവിരലുകളുടേയും നികടസ്ഥ അന്തരാംഗുലാസ്ഥിയുടെ അകലെ വച്ചുള്ള നഷ്ടം. | 20 |
| 16. | ഇടുപ്പിൽവച്ചുള്ള വിച്ഛേദനം. | 90 |
| 17. | ശിഖരകത്തിന്റെ അററത്തുനിന്ന് അളന്നാൽ 5 ഇഞ്ചിൽ കവിയാത്ത കുററിയോടുകൂടെ ഇടു പ്പിന് താഴെയുള്ള വിച്ഛേദനം. | 80 |
| 18. | മഹാശിഖരത്തിന്റെ അററത്തുനിന്ന് 5 ഇഞ്ചിൽ കവിയുന്നതും എന്നാൽ ഊരുമദ്ധ്യം കടക്കാ ത്തതുമായ കുററിയോടുകൂടി ഇടുപ്പിനുതാഴെ യുള്ള വിച്ഛേദനം. | 70 |
| 19. | കാൽമുട്ടിൽനിന്ന് മൂന്നര ഇഞ്ചുതാഴെവരെ ഊരു മദ്ധ്യത്തിന് താഴെയുള്ള വിച്ഛേദനം. | 60 |
| 20. | മൂന്നര ഇഞ്ചിൽ കവിയുന്നതും,എന്നാൽ അഞ്ച് ഇഞ്ചിൽ കവിയാത്തതുമായ കുററിയോടുകൂടെ കാൽമുട്ടിനു താഴെയുള്ള വിച്ഛേദനം. | 50 |
| 21. | 5 ഇഞ്ചിൽ കവിയുന്ന കുററിയോടുകൂടെ കാൽ മുട്ടിനു താഴെയുള്ള വിച്ഛേദനം. | 40 |
| 22. | അററം വരെ കുററിയാകത്തക്കവിധമുള്ള ഒരു കാൽപടത്തിന്റെ വിച്ഛേദനം. | 30 |
| 23. | പ്രപദാംഗുലാസ്ഥി സന്ധിക്ക് അടുത്തു വച്ചുള്ള ഒരു കാല്പടത്തിന്റെ വിച്ഛേദനം. | 30 |

| (1) | (2) | (3) |
|---|---|---|
| 24. | പ്രപദാംഗുലാസ്ഥി സന്ധിയിൽ വച്ചുള്ള ഒരു കാല്പടത്തിന്റെ എല്ലാ വിരലുകളുടേയും നഷ്ടം. | 20 |
| | മററു ക്ഷതികൾ | |
| 25. | ഒരു കണ്ണിന്റെ നഷ്ടം, മററ് കുഴപ്പങ്ങൾ ഇല്ലാതിരിക്കുകയും മറേറ കണ്ണ് സാധാരണ നിലയിൽ ഇരിക്കുകയും ചെയ്യുമ്പോൾ | 40 |
| 26. | ഒരു കണ്ണിന്റെ കാഴ്ചയുടെ നഷ്ടം, മററു കുഴപ്പങ്ങൾ ഇല്ലാതിരിക്കുകയോ നേത്രഗോളം വിരൂപമാക്കപ്പെടാതിരിക്കുകയോ ചെയ്യുകയും മറേറ കണ്ണ് സാധാരണനിലയിൽ ഇരിക്കുകയും ചെയ്യുമ്പോൾ. | 30 |
| ക. | വലത്തുകൈയിലേയോ ഇടത്തുകൈയിലേയോ വിരലുകൾ | |
| | ചൂണ്ടാണിവിരൽ | |
| 27. | മുഴുവൻ. | 14 |
| 28. | രണ്ട് അംഗുലാസ്ഥികൾ. | 11 |
| 29. | ഒരു അംഗുലാസ്ഥി . | 9 |
| 30. | അസ്ഥി നഷ്ടപ്പെടാതെയുള്ള അററത്തിന്റെ ഗില്ലററിൻ വിച്ഛേദനം. | 5 |
| | നടുവിരൽ | |
| 31. | മുഴുവൻ. | 12 |
| 32. | രണ്ടു അംഗുലാസ്ഥികൾ. | 9 |
| 33. | ഒരു അംഗുലാസ്ഥി. | 7 |
| 34. | അസ്ഥി നഷ്ടപ്പെടാതെയുള്ള അററത്തിന്റെ ഗില്ലററിൻ വിച്ഛേദനം. | 4 |
| | മോതിരവിരൽ അല്ലെങ്കിൽ ചെറുവിരൽ | |
| 35. | മുഴുവൻ . | 7 |
| 36. | രണ്ട് അംഗുലാസ്ഥികൾ. | 6 |
| 37. | ഒരു അംഗുലാസ്ഥി. | 5 |
| 38. | അസ്ഥി നഷ്ടപ്പെടാതെ അററത്തിന്റെ ഗില്ലററിൻ വിച്ഛേദനം. | 2 |
| ഖ. | വലത്തെ കാല്പടത്തിന്റേയോ ഇടത്തെ കാല്പടത്തിന്റേയോ കാല് | |
| | പെരുവിരൽ | |
| 39. | പ്രപദാംഗുലാസ്ഥി സന്ധിയിൽ വച്ചുള്ളത്. | 14 |
| 40. | അതിന്റെ ഭാഗം, കുറച്ച് അസ്ഥി നഷ്ടത്തോടുകൂടി. | 3 |
| | മറേറതെങ്കിലും കാല്വിരൽ | |
| 41. | പ്രപദാംഗുലാസ്ഥി സന്ധിയിൽ വച്ചുള്ളത് | 3 |
| 42. | അതിന്റെ ഭാഗം കുറച്ചു അസ്ഥിനഷ്ടത്തോടുകൂടി. | 1 |

| (1) | (2) | (3) |
|---|---|---|
| | ഒരു കാല്പടത്തിന്റെ പെരുവിരൽ ഒഴിച്ചുള്ള രണ്ടു വിരലുകൾ | |
| 43. | പ്രപദാംഗുലാസ്ഥി സന്ധിയിൽ വച്ചുള്ളത്. | 5 |
| 44. | അതിന്റെ ഭാഗം കുറച്ച് അസ്ഥി നഷ്ടത്തോടു കൂടി. | 2 |
| | ഒരു കാല്പടത്തിന്റെ പെരുവിരൽ ഒഴിച്ചുള്ള മൂന്നു വിരലുകൾ | |
| 45. | പ്രപദാംഗുലാസ്ഥി സന്ധിയിൽ വച്ചുള്ളത്. | 6 |
| 46. | അതിന്റെ ഭാഗം കുറച്ച് അസ്ഥി നഷ്ടത്തോടു കൂടി. | 3 |
| | ഒരു കാല്പടത്തിന്റെ പെരുവിരൽ ഒഴിച്ചുള്ള നാലു വിരലുകൾ | |
| 47. | പ്രപദാംഗുലാസ്ഥി സന്ധിയിൽ വച്ചുള്ളത്. | 9 |
| 48. | അതിന്റെ ഭാഗം കുറച്ച് അസ്ഥി നഷ്ടത്തോടുകൂടി. | 3 |

കുറിപ്പ്:— ഈ പട്ടികയിൽ പരാമർശിച്ച ഏതെങ്കിലും അവയവത്തിന്റേയോ അംഗത്തിന്റേയോ ഉപയോഗത്തിന്റെ പൂർണ്ണവും എന്നെന്നേക്കുമുള്ളതുമായ നഷ്ടം, ആ അവയവത്തിന്റേയോ അംഗത്തിന്റേയോ നഷ്ടത്തിന് തുല്യമായി കരുതപ്പെടുന്നതാണ്.

## പട്ടിക II

[2—(1) (ഡ) വകുപ്പ് നോക്കുക]

തൊഴിലാളിയുടെ നിർവ്വചനത്തിൽ 2 (1) (ഡ) വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, ഉൾപ്പെടുന്ന ആളുകളുടെ ലിസ്ററ്.

താഴെപ്പറയുന്ന ആളുകൾ 2 (1) (ഡ) വകുപ്പിന്റെ അർത്ഥത്തിലും, ആ വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായും, തൊഴിലാളികൾ ആകുന്നു, അതായത്—

(i) ആവിയാലോ മററു യന്ത്രശക്തിയാലോ വിദ്യുച്ഛക്തിയാലോ ചലിപ്പിക്കുന്ന ഒരു ലിഫ്ററിന്റേയോ വാഹനത്തിന്റേയോ പ്രവർത്തനമോ സംരക്ഷണമോ സംബന്ധിച്ചോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും വാഹനത്തിൽ ഭാരം കയററുന്നതോ ഇറക്കുന്നതോ സംബന്ധിച്ചോ, ഒരു ക്ലാർക്ക് എന്ന നിലയിലോ ഒരു റയിൽവേയിലോ അല്ലാതെ, നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(ii) ഏതു കെട്ടിട പരിസരങ്ങളിലോ അതിന്റെ അതിർത്തികൾക്കു ഉള്ളിലോ ആണോ ഫാക്ടററി ആക്ട്, 1948 (1948-ലെ 63) -ലെ 2-ാം വകുപ്പ് (ട) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു നിർമ്മാണപ്രക്രിയ നടത്തിക്കൊണ്ടുപോകുന്നത്, അങ്ങനെയുള്ള കെട്ടിട പരിസരങ്ങളിലോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും നിർമ്മാണപ്രക്രിയക്കോ ഉണ്ടാക്കപ്പെട്ട സാധനത്തിനോ ആനുഷംഗികമായതോ, അതിനോട് ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും തരം പ്രവൃത്തിയിലോ, അത് എന്തുതന്നെയായാലും, ക്ലാർക്കിന്റെ നിലയിൽ അല്ലാതെ നിയോജിക്കപ്പെടുന്ന ഏതൊരാളും (അങ്ങനെയുള്ള ഏതെങ്കിലും പ്രവൃത്തിയിലെ നിയോജനം അങ്ങനെയുള്ള കെട്ടിട പരിസരങ്ങൾക്കോ, അതിർത്തികൾക്കോ ഉള്ളിൽ ആയിരിക്കുകയോ, ആവിയോ ജലശക്തിയോ മററു യന്ത്രശക്തിയോ വിദ്യുച്ഛക്തിയോ ഉപയോഗിക്കുകയോ ചെയ്യുന്നുവെങ്കിലും ഇല്ലെങ്കിലും), അല്ലെങ്കിൽ

(iii) ഏതു കെട്ടിടപരിസരങ്ങളിലോ, അതിന്റെ അതിർത്തികൾക്കു ഉള്ളിലോ ആണോ, ഇരുപതോ അതിലധികമോ ആളുകൾ ഏതെങ്കിലും സാധനമോ സാധനത്തിന്റെ ഭാഗമോ, അതിന്റെ ഉപയോഗത്തിനോ പരിവഹണത്തിനോ വില്പനയ്ക്കോ ആയി ഉണ്ടാക്കുകയോ വ്യത്യാസപ്പെടുത്തുകയോ കേടുപാടു തീർക്കുകയോ മോടി പിടിപ്പിക്കുകയോ മിനുക്കുപണി ചെയ്യുകയോ മററുവിധത്തിൽ അനുയോജ്യമാക്കുകയോ ചെയ്യുന്നതിനുവേണ്ടി നിയോജിക്കപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും കെട്ടിടപരിസരങ്ങളിൽ അപ്രകാരം നിയോജിക്കപ്പെടുന്ന ഏതൊരാളും ;

വിശദീകരണം:— ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക്, അങ്ങനെയുള്ള കെട്ടിടപരിസരങ്ങൾക്കോ അതിർത്തികൾക്കോ പുറത്തായി, എന്നാൽ ഏതെങ്കിലും സാധനമോ, സാധനത്തിന്റെ ഭാഗമോ അതിന്റെ ഉപയോഗത്തിനോ പരിവഹണത്തിനോ വില്പനയ്ക്കോ ആയി ഉണ്ടാക്കുകയോ, വ്യത്യാസപ്പെടുത്തുകയോ കേടുപാടു തീർക്കുകയോ, മോടി പിടിപ്പിക്കുകയോ, മിനുക്കുപണി ചെയ്യുകയോ അല്ലെങ്കിൽ മററുവിധത്തിൽ അനുയോജ്യമാക്കുകയോ ചെയ്യുന്നതു സംബന്ധിച്ച പ്രവൃത്തിക്ക് ആനുഷംഗികമായതോ അതിനോട് ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും പ്രവൃത്തിയിൽ നിയോജിക്കപ്പെടുന്ന ആളുകൾ അങ്ങനെയുള്ള കെട്ടിടപരിസരങ്ങൾക്കോ അതിർത്തികൾക്കോ ഉള്ളിൽ നിയോജിക്കപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു; അല്ലെങ്കിൽ

(iv) നിയോജകൻെറ വ്യാപാരമോ ബിസിനസ്സോ സംബന്ധിച്ച് സ്ഫോടകവസ്തുക്കളുടെ നിർമ്മാണത്തിലോ, അവ എടുത്തു പെരുമാററുന്നതിലോ നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(v) ഖനികൾ ആക്ററ്, 1952, (1952-ലെ 35) 2-ാം വകുപ്പ് (ഞ) ഖണ്ഡത്തിൽ നിർവ്വചിച്ചപ്രകാരമുള്ള ഏതെങ്കിലും ഖനിയിൽ ഏതെങ്കിലും ഖനനപ്രവർത്തനത്തിലോ, അല്ലെങ്കിൽ ക്വാർക്കിൻെറ പ്രവൃത്തി അല്ലാത്തതും ഏതെങ്കിലും ഖനനപ്രവർത്തനത്തിനോ ലഭിക്കുന്ന ഖനിജത്തിലോ ആനുഷംഗികമായതോ അതോടു ബന്ധപ്പെട്ടതോ ആയതുമായ ഏതെങ്കിലും തരം പ്രവൃത്തിയിലോ അല്ലെങ്കിൽ ഭൂമിക്കടിയിലുള്ള ഏതെങ്കിലും തരം പ്രവൃത്തി അത് എന്തുതന്നെ ആയാലും, നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(vi) ആരാണോ—

(ക) പൂർണ്ണമായോ ഭാഗികമായോ ആവിയാലോ വിദ്യുച്ഛക്തിയാലോ മററു യന്ത്രശക്തിയാലോ ചലിപ്പിക്കുന്നതോ അല്ലെങ്കിൽ അപ്രകാരം ചലിപ്പിക്കുന്ന ഒരു കപ്പലിനെ വലിച്ചുകൊണ്ടുപോകുന്നതോ വലിച്ചുകൊണ്ടുപോകാനുദ്ദേശിക്കപ്പെടുന്നതോ ആയ ഒരു കപ്പലിൻേറയോ; അല്ലെങ്കിൽ

(ഖ) (ക) ഉപഖണ്ഡത്തിൽ ഉൾപ്പെടാത്തതും, ഇരുപത്തഞ്ചു ടണ്ണോ അതിലധികമോ അററ കേവുഭാരമുള്ള ഏതെങ്കിലും കപ്പലിൻേറയോ, അല്ലെങ്കിൽ

(ഗ) (ക) ഉപഖണ്ഡത്തിലോ (ഖ) ഉപഖണ്ഡത്തിലോ ഉൾപ്പെടാത്തതും, പായ് വച്ചുള്ള ജലഗതാഗതത്തിനുമാത്രമായി മതിയായ വിസ്തീർണ്ണം വ്യവസ്ഥ ചെയ്തിട്ടുള്ളതുമായ, പുറക്കടലിൽ യാത്രയ്ക്കു പററിയ ഏതെങ്കിലും കപ്പലിൻേറയോ;

മാസ്ററായോ നാവികനായോ നിയോജിക്കപ്പെടുന്നത്; അങ്ങനെയുള്ള ഏതൊരാളും ; അല്ലെങ്കിൽ

(vii) ആരാണോ—

(ക) താൻ മാസ്ററോ ക്രൂവിലെ അംഗമോ അല്ലാത്ത ഏതെങ്കിലും കപ്പലിൽ ഭാരം കയററുകയോ ഇറക്കുകയോ ഇന്ധനം നിറയ്ക്കുകയോ, അത് നിർമ്മിക്കുകയോ കേടുപാടു തീർക്കുകയോ പൊളിക്കുകയോ ഒഴിക്കുകയോ ചായമിടുകയോ അല്ലെങ്കിൽ ഏതെങ്കിലും ജലയാനത്തിൽനിന്ന് നീക്കം ചെയ്തിട്ടുള്ളതോ അതിൽ കയററാനുള്ളതോ ആയ സാമാനങ്ങൾ, ഇൻഡ്യൻ തുറമുഖ ആക്ററ്, 1908 (1908-ലെ 15)-ന് വിധേയമായ ഏതെങ്കിലും തുറമുഖത്തിൻെറ അതിർത്തികൾക്കുള്ളിൽ എടുത്തുപെരുമാറുകയോ പരിവഹണം ചെയ്യുകയോ ചെയ്യുന്നതിന് വേണ്ടിയോ; അല്ലെങ്കിൽ

(ഖ) ചീപ്പിലൂടെ കപ്പൽ വലിച്ചുകൊണ്ടുപോകുന്നതിനുവേണ്ടിയോ; അല്ലെങ്കിൽ

(ഗ) തുറമുഖത്തിൻെറ ഭിത്തി ബർത്തിലോ കടൽ പാലത്തിലോ കപ്പൽ കെട്ടി ഉറപ്പിക്കുകയും കെട്ടഴിച്ചുവിടുകയും ചെയ്യുന്നതിനുവേണ്ടിയോ ; അല്ലെങ്കിൽ

(ഘ) ജലയാനങ്ങൾ ഡ്രൈഡാക്കുകളിൽ പ്രവേശിക്കുമ്പോഴോ അവിടം വിടുമ്പോഴോ ഡ്രൈഡാക്കുകളിലുള്ള കേയ്സാൺകൾ നീക്കം ചെയ്യുകയോ തിരിയെ വയ്ക്കുകയോ ചെയ്യുന്നതിനുവേണ്ടിയോ; അല്ലെങ്കിൽ

(ങ) ഏതെങ്കിലും ജലയാനം ഒരു അടിയന്തരാവസ്ഥയിൽ ഡാക്കിൽ കയററുകയോ ഡാക്കിൽ നിന്ന് ഇറക്കുകയോ ചെയ്യുന്നതിനു വേണ്ടിയോ; അല്ലെങ്കിൽ

(ച) സ്പ്ലൈസിങ്ങ് കയർ സ്പ്രിങ്ങുകളും ചെക്കുവയറുകളും തയ്യാറാക്കുകയോ, ചിർപ്പിന്റെ വശങ്ങളിൽ ആഴത്തിന്റെ അടയാളങ്ങൾ ചായമിട്ടു കാണിക്കുകയോ, ആവശ്യമുള്ളപ്പോഴെല്ലാം ഫെൻഡറുകൾ നീക്കം ചെയ്യുകയോ തിരിയെ വയ്ക്കുകയോ ചെയ്യുകയോ, ഗാങ്ങ്വേകളെ കരയ്ക്കിറക്കുകയോ ലൈഫ്ബായികളെ മാനകം അനുസരിച്ച് നിലനിറുത്തിപ്പോരുകയോ അല്ലെങ്കിൽ സദൃശപ്രകൃതമുള്ള മറേറതെങ്കിലും സംരക്ഷണപ്രവൃത്തി ചെയ്യുകയോ ചെയ്യുന്നതിനുവേണ്ടിയോ ; അല്ലെങ്കിൽ

(ഛ) കപ്പൽക്കയർ പാതാറിലേക്ക് കൊണ്ടുവരാനായി ജാളി ബോട്ടുകളിലെ ഏതെങ്കിലും പ്രവൃത്തിക്കുവേണ്ടിയോ ;

നിയോജിക്കപ്പെടുന്നത്, അങ്ങനെയുള്ള ഏതൊരാളും; അല്ലെങ്കിൽ

(viii) ആരാണോ—

(ക) തറയ്ക്കു മീതെ ഒന്നിലധികം നില ഉയരമുള്ളതോ അല്ലെങ്കിൽ തറനിരപ്പിൽനിന്ന് മേൽക്കൂരയുടെ ശീർഷംവരെ പന്ത്രണ്ടടിയോ അതിലധികമോ ഉള്ളതോ ആയിരിക്കണമെന്ന് രൂപകല്പനം ചെയ്യപ്പെട്ടിട്ടുള്ളതോ, അങ്ങനെയുള്ളതോ അല്ലെങ്കിൽ അങ്ങനെയുള്ളതായിരുന്നിട്ടുള്ളതോ ആയ ഏതെങ്കിലും കെട്ടിടത്തിന്റേയോ ; അല്ലെങ്കിൽ

(ഖ) താഴത്തെ അററത്തു നിന്ന് മുകളററം വരെ പന്ത്രണ്ടടിയോ അതിലധികമോ ഉയരമുള്ള ഏതെങ്കിലും അണക്കെട്ടിന്റേയോ ചിറയുടേയോ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും റോഡിന്റേയോ പാലത്തിന്റേയോ തുരങ്കത്തിന്റേയോ തോടിന്റേയോ; അല്ലെങ്കിൽ

(ഘ) ഏതെങ്കിലും പാതാറിന്റേയോ കേയുടേയോ കടൽഭിത്തിയുടേയോ കപ്പലുകൾ കെട്ടിയുറപ്പിക്കുന്ന ഏതെങ്കിലും സ്ഥാനം ഉൾപ്പെടെയുള്ള സമുദ്രസംബന്ധിയായ മററു നിർമ്മാണത്തിന്റേയോ ;

നിർമ്മിതിയിലോ സംരക്ഷണത്തിലോ കേടുപാടു തീർക്കലിലോ പൊളിക്കലിലോ നിയോജിക്കപ്പെടുന്നത്, അങ്ങനെയുള്ള ഏതൊരാളും; അല്ലെങ്കിൽ

(ix) ഏതെങ്കിലും ടെലഗ്രാഫ് അല്ലെങ്കിൽ ടെലഫോൺ കമ്പിയോ പോസ്ററോ അല്ലെങ്കിൽ ഏതെങ്കിലും മുകളിൽ കൂടിയുള്ള വൈദ്യുതകമ്പിയോ, കേബിളോ, പോസ്ററോ, കാലോ അല്ലെങ്കിൽ അവയ്ക്കുവേണ്ടിയുള്ള ഫിററിങ്ങുകളും ഫിക്സ്ചറുകളുമോ സ്ഥാപിക്കുകയോ, സംരക്ഷിക്കുകയോ, കേടുപാടു തീർക്കുകയോ, താഴെയിറക്കുകയോ ചെയ്യുന്നതിന് നിയോജിക്കപ്പെടുന്ന ഏതൊരാളും ; അല്ലെങ്കിൽ

(x) വായുമാർഗ്ഗമുള്ള ഏതെങ്കിലും റോപ്പ്വേയുടേയോ, തോടിന്റേയോ പൈപ്പ്ലൈനിന്റേയോ അഴുക്കുചാലിന്റേയോ, നിർമ്മാണത്തിലോ പ്രവർത്തനത്തിലോ കേടുപാട് തീർക്കലിലോ പൊളിക്കലിലോ ക്ലാർക്കിന്റെ നിലയിലല്ലാതെ നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(xi) ഏതെങ്കിലും അഗ്നിശമനസേനയുടെ സേവനത്തിൽ നിയോജിക്കപ്പെടുന്ന ഏതൊരാളും ; അല്ലെങ്കിൽ

(xii) ഇൻഡ്യൻ റയിൽവേകൾ ആക്ററ്, 1890 (1890–ലെ 9)-ലെ 148–ാം വകുപ്പ് (1)–ാം ഉപവകുപ്പിലും 3–ാം വകുപ്പ് (4)–ാം ഖണ്ഡത്തിലും നിർവ്വചിച്ചപ്രകാരമുള്ള ഒരു റയിൽവേയിൽ റയിൽവേ ഭരണവുമായുള്ള ഒരു കാൺട്രാക്ററ് നിറവേററുന്ന ഒരാൾ, നേരിട്ടോ സബ്കാൺട്രാക്ററർ മുഖേനയോ നിയോജിക്കുന്ന ഏതൊരാളും ; അല്ലെങ്കിൽ

(xiii) റയിൽവേ മെയിൽ സർവ്വീസിൽ ഇൻസ്പെക്ടർ ആയോ, മെയിൽ ഗാർഡ് ആയോ, സാർട്ടർ ആയോ, വാൻ പ്യൂൺ ആയോ അല്ലെങ്കിൽ ടെലിഗ്രാഫിസ്റ്റ് ആയോ പോസ്റ്റൽ സിഗ്നലറോ റയിൽവേ സിഗ്നലറോ ആയോ നിയോജിക്കപ്പെടുന്നതോ, അല്ലെങ്കിൽ ഇൻഡ്യൻ പോസ്റ്റ് ടെലിഗ്രാഫ് വകുപ്പിൽ സാധാരണമായി പുറത്തുള്ള പ്രവൃത്തി ഉൾപ്പെടുന്ന ഏതെങ്കിലും ജീവനത്തിൽ നിയോജിക്കപ്പെടുന്നതോ ആയ ഏതൊരാളും; അല്ലെങ്കിൽ

(xiv) പ്രാകൃതികമായ പെട്രോളിയമോ പ്രാകൃതിക വാതകമോ കുഴിച്ചെടുക്കുന്നതിനുള്ള പ്രവർത്തനം സംബന്ധിച്ച്, ക്ലാർക്ക് എന്ന നിലയിൽ അല്ലാതെ, നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(xv) വിസ്ഫോടനപ്രവർത്തനം ഉൾപ്പെടുന്ന ഏതെങ്കിലും ജീവനത്തിൽ നിയോജിക്കപ്പെടുന്ന ഏതൊരാളും ; അല്ലെങ്കിൽ

(xvi) ഏത് ഉത്ഖനനത്തിലാണോ മുൻ പന്ത്രണ്ടു മാസത്തിൽ ഏതെങ്കിലും ഒരു ദിവസം ഇരുപത്തഞ്ചിലധികം ആളുകളെ നിയോജിക്കുകയോ സ്ഫോടനവസ്തുക്കൾ ഉപയോഗിക്കുകയോ ചെയ്തിട്ടുള്ളത്, അല്ലെങ്കിൽ ഏത് ഉത്ഖനനത്തിന്റെ മുകളറ്റം മുതൽ താഴത്തെ അറ്റംവരെയുള്ള ആഴം ആണോ പന്ത്രണ്ട് അടിയിൽ കവിയുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ഉത്ഖനനത്തിൽ നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(xvii) പത്തിലധികം ആളുകളെ വഹിച്ചുകൊണ്ടു പോകാൻ കഴിവുള്ള ഏതെങ്കിലും കടത്തുബോട്ടിന്റെ പ്രവർത്തനത്തിൽ നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(xviii) ഏലമോ, സിങ്കോനയോ, കാഫിയോ, റബ്ബറോ, തേയിലയോ വളർത്തുന്നതിനുവേണ്ടി സംരക്ഷിച്ചുപോരുന്നതും മുൻ പന്ത്രണ്ടു മാസത്തിൽ ഏതെങ്കിലും ഒരു ദിവസം ഇരുപത്തഞ്ചോ അതിലധികമോ ആളുകൾ ക്ലാർക്കിന്റെ നിലയിലല്ലാതെ നിയോജിക്കപ്പെട്ടിട്ടുള്ളതുമായ ഏതെങ്കിലും എസ്റ്റേറ്റിൽ അപ്രകാരം നിയോജിക്കപ്പെടുന്ന ഏതൊരാളും ; അല്ലെങ്കിൽ

(xix) വൈദ്യുതോർജ്ജം ഉത്പാദിപ്പിക്കുകയോ രൂപാന്തരപ്പെടുത്തുകയോ, സപ്ലൈ ചെയ്യുകയോ ചെയ്യുന്നതിലോ, അല്ലെങ്കിൽ വാതകം ഉത്പാദിപ്പിക്കുകയോ സപ്ലൈ ചെയ്യുകയോ ചെയ്യുന്നതിലോ ക്ലാർക്കിന്റെ നിലയില്ലാതെ നിയോജിക്കപ്പെടുന്ന ഏതൊരാളും, അല്ലെങ്കിൽ

(xx) ഇൻഡ്യൻ ദീപസ്തംഭ ആക്റ്റ്, 1927 (1927-ലെ 17) 2-ാംവകുപ്പ് (ഘ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ദീപസ്തംഭത്തിൽ നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(xxi) പൊതുപ്രദർശനത്തിന് ഉദ്ദേശിച്ചിട്ടുള്ള സിനിമാപടങ്ങൾ നിർമ്മിക്കുന്നതിലോ അങ്ങനെയുള്ള പടങ്ങൾ പ്രദർശിപ്പിക്കുന്നതിലോ നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(xxii) ആനകളേയോ, വന്യമൃഗങ്ങളേയോ പരിശീലിപ്പിക്കുകയോ, സൂക്ഷിക്കുകയോ അല്ലെങ്കിൽ അവയെക്കൊണ്ട് പ്രവൃത്തിചെയ്യിക്കുകയോ ചെയ്യുന്നതിൽ നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(xxiii) തെങ്ങും പനവൃക്ഷങ്ങളും ചെത്തുന്നതിലോ, വൃക്ഷങ്ങൾ വെട്ടിവീഴ്ത്തുകയോ തടിയായി മുറിയ്ക്കുകയോ ചെയ്യുന്നതിലോ, തടിയുടെ ഉൾപ്രദേശ ജലമാർഗ്ഗങ്ങളിലൂടെയുള്ള പരിവഹണത്തിലോ കാട്ടുതീ നിയന്ത്രിക്കുകയോ കെടുത്തുകയോ ചെയ്യുന്നതിലോ നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(xxiv) ആനകളേയോ മററു വന്യമൃഗങ്ങളേയോ പിടിക്കുകയോ വേട്ടയാടുകയോ ചെയ്യുന്ന പ്രവർത്തനത്തിൽ നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(xxv) മുങ്ങൽക്കാരനായി നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(xxvi) ആരാണോ—

(ക) സാമാനങ്ങൾ ശേഖരിച്ചിട്ടുള്ളതും മുൻ പന്ത്രണ്ടുമാസത്തിൽ ഏതെങ്കിലും ഒരു ദിവസം പത്തോ അതിലധികമോ ആളുകൾ സാമാനങ്ങൾ എടുത്തുപെരുമാറുന്നതിലോ, അവയുടെ പരിവഹണത്തിലോ നിയോജിക്കപ്പെട്ടിട്ടുള്ളതുമായ ഏതെങ്കിലും പണ്ടകശാലയുടേയോ മററ് സ്ഥലത്തിൻേറയോ; അല്ലെങ്കിൽ

(ഖ) മുൻ പന്ത്രണ്ടുമാസത്തിൽ ഏതെങ്കിലും ഒരു ദിവസം അൻപതോ അതിലധികമോ ആളുകൾ സാമാനങ്ങൾ എടുത്തുപെരുമാറുന്നതിലോ അവയുടെ പരിവഹണത്തിലോ നിയോജിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ചന്തയുടേയോ,

ഉള്ളിലോ അതിർത്തികൾക്കുള്ളിലോ അപ്രകാരം നിയോജിക്കപ്പെടുന്നത്, അങ്ങനെയുള്ള ഏതൊരാളും; അല്ലെങ്കിൽ

(xxvii) റേഡിയമോ എക്സ്റേ ഉപകരണമോ എടുത്തുപെരുമാറുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യുന്നതോ റേഡിയോ ആക്റ്റീവ് പദാർത്ഥങ്ങളുമായുള്ള സംസ്പർശമോ ഉൾക്കൊള്ളുന്ന ഏതെങ്കിലും ജീവനത്തിൽ നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(xxviii) ഇൻഡ്യൻ വ്യോമയാന ആക്ററ്, 1934 (1934-ലെ 22)-ലെ 2-ാം വകുപ്പിൽ നിർവ്വചിച്ചപ്രകാരമുള്ള ഒരു വ്യോമയാനം നിർമ്മിക്കുന്നതിലോ പണിയുന്നതിലോ പൊളിക്കുന്നതിലോ പ്രവർത്തിപ്പിക്കുന്നതിലോ സംരക്ഷിക്കുന്നതിലോ, അല്ലെങ്കിൽ അതുസംബന്ധിച്ചോ നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(xxix) ട്രാക്ററുകൾ കൊണ്ടോ അല്ലെങ്കിൽ ആവിയാലോ മററു യന്ത്രശക്തിയാലോ വിദ്യുച്ഛക്തിയാലോ ഓടിക്കുന്ന മററു യന്ത്രോപകരണങ്ങൾ കൊണ്ടോ ഉള്ള കൃഷിപ്പണിയിൽ നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(xxx) കുഴൽക്കിണറിൻെറ നിർമ്മാണത്തിലോ പ്രവർത്തനത്തിലോ കേടുപാട് തീർക്കലിലോ സംരക്ഷണത്തിലോ, ക്ലാർക്കിൻെറ നിലയിൽ അല്ലാതെ നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(xxxi) ഏതെങ്കിലും കെട്ടിടത്തിലെ വൈദ്യുത ഫിററിങ്ങുകളുടെ സംരക്ഷണത്തിലോ, കേടുപാട് തീർക്കലിലോ, പുതുക്കലിലോ നിയോജിക്കപ്പെടുന്ന ഏതൊരാളും; അല്ലെങ്കിൽ

(xxxii) സർക്കസ്സിൽ നിയോജിക്കപ്പെടുന്ന ഏതൊരാളും,

വിശദീകരണം.—ഈ പട്ടികയിൽ "മുൻ പന്ത്രണ്ടു മാസം" ഏതെങ്കിലും പ്രത്യേകസംഗതിയിൽ ആ സംഗതിയിലെ അപകടം ഉണ്ടായ ദിവസത്തോടെ അവസാനിക്കുന്ന പന്ത്രണ്ടു മാസത്തെക്കുറിച്ചുള്ളതാകുന്നു.

## പട്ടിക III

(3–ാം വകുപ്പ് നോക്കുക)

ജീവികാജന്യ രോഗങ്ങളുടെ ലിസ്ററ്

| ജീവികാജന്യരോഗം | നിയോജനം |
|---|---|
| | ഭാഗം ക |
| ആന്ത്രാക്സ്. | (ക) കമ്പിളിയോ രോമമോ ശൂകങ്ങളോ അല്ലെങ്കിൽ ജന്തുക്കളുടെ ജഡങ്ങളോ, അല്ലെങ്കിൽ തോലുകളും കുളമ്പുകളും കൊമ്പുകളും ഉൾപ്പെടെ അങ്ങനെയുള്ള ജഡങ്ങളുടെ ഭാഗങ്ങളോ എടുത്തുപെരുമാറുന്നതു ഉൾക്കൊള്ളുന്നതോ; അല്ലെങ്കിൽ<br>(ഖ) ആന്ത്രാക്സ് പകർന്നുകിട്ടിയിട്ടുള്ള ജന്തുവിനെ സംബന്ധിച്ചതോ; അല്ലെങ്കിൽ<br>(ഗ) ഏതെങ്കിലും കച്ചവടച്ചരക്കുകൾ, കയററുകയോ ഇറക്കുകയോ പരിവഹണം ചെയ്യുകയോ ചെയ്യുന്നത് ഉൾക്കൊള്ളുന്നതോ;<br>ആയ ഏതെങ്കിലും നിയോജനം. |
| സമ്മർദ്ദിതവായുരോഗം അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ. | സമ്മർദ്ദിതവായുവിൽ നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും പ്രക്രിയ. |
| ലെഡ്ടെട്രാ എഥിലാലുള്ള വിഷബാധ. | ലെഡ്ടെട്രാ എഥിലൻെറ ഉപയോഗം ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| നൈട്രസ് ധൂമത്താലുള്ള വിഷബാധ. | നൈട്രസ് ധൂമങ്ങൾ ഏലക്കത്തക്കവിധത്തിലുള്ള ഏതെങ്കിലും പ്രക്രിയ. |
| കാർബണിക ഫാസ്ഫറസ് കീടനാശിനികളാലുള്ള വിഷബാധ. | കാർബണിക ഫാസ്ഫറസ് കീടനാശിനികളിൽ ഏതെങ്കിലും അടങ്ങുന്ന ധൂമമോ ധൂളിയോ ബാഷ്പമോ ഉപയോഗിക്കുന്നതോ എടുത്തുപെരുമാറുന്നതോ ഏലക്കുന്നതോ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| | ഭാഗം (ഖ) |
| ഈയത്താലോ അതിൻെറ ധാതുമിശ്രങ്ങളാലോ യൗഗികങ്ങളാലോ ഉള്ള വിഷബാധ, അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ, ലെഡ്ടെട്രാ എഥിലാലുള്ള വിഷബാധ ഒഴിച്ചുള്ളത്. | ഈയ അയിരോ ഈയമോ അതിൻെറ ഏതെങ്കിലും കൂട്ടുകളോ ലെഡ്ടെട്രാ എഥിൽ ഒഴികെയുള്ള യൗഗികങ്ങളോ എടുത്തുപെരുമാറുന്നതോ ഉപയോഗിക്കുന്നതോ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| ഫാസ്ഫറസിനാലോ അതിൻെറ യൗഗികങ്ങളാലോ ഉള്ള വിഷബാധ, അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ. | ഫാസ്ഫറസിൻെറ വിമോചനമോ അല്ലെങ്കിൽ ഫാസ്ഫറസിൻെറയോ അതിൻെറ കൂട്ടുകളുടേയോ യൗഗികങ്ങളുടേയോ ഉപയോഗമോ എടുത്തു പെരുമാറലോ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |

| ജീവികാജന്യരോഗം | നിയോജനം.... |
|---|---|
| മെർക്കുറിയാലും അതിന്റെ അമാൽഗങ്ങളാലും യൗഗികങ്ങളാലും ഉള്ള വിഷബാധ അല്ലെങ്കിൽ തജ്ജന്യ രോഗാവസ്ഥ. | മെർക്കുറിയുടേയോ അതിന്റെ കൂട്ടുകളുടേയോ യൗഗികങ്ങളുടേയോ ഉപയോഗം ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| ബെൻസിനാൽ അല്ലെങ്കിൽ അതിന്റെ സജാതിയങ്ങളാലും അവയുടെ അമിഡോ വ്യുത്പന്നങ്ങളാലും നൈട്രോവ്യുത്പന്നങ്ങളാലും ഉള്ള വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ. | ബെൻസിനിന്റേയും ബെൻസിൻ സജാതിയങ്ങളുടേയും അവയുടെ അമിഡോവ്യുത്പന്നങ്ങളുടേയും നൈട്രോവ്യുത്പന്നങ്ങളുടേയും നിർമ്മാണമോ വിമോചനമോ ഉപയോഗമോ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| ക്രോം അൾസറേഷൻ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ. | ക്രോമിക് ആസിഡിന്റേയോ അമോണിയം ബൈക്രോമേറ്റിന്റേയോ പൊട്ടാസിയം ബൈക്രോമേറ്റിന്റേയോ സോഡിയം ബൈക്രോമേറ്റിന്റേയോ അവയുടെ കൂട്ടുകളുടേയോ ഉപയോഗമോ ബൈക്രോമേറ്റിന്റെ നിർമ്മാണമോ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| ആഴ്സെനിക്കിനാലോ അതിന്റെ യൗഗികങ്ങളാലോ ഉള്ള വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ. | ആഴ്സെനിക്കിന്റേയോ അതിന്റെ യൗഗികങ്ങളുടേയോ ഉത്പാദനമോ വിവേചനമോ ഉപയോഗപ്പെടുത്തലോ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| (ക) റേഡിയവും മററു റേഡിയോ ആക്ററീവ് പദാർത്ഥങ്ങളും,<br>(ഖ) എക്സ്-റേകളും,<br>കാരണമായി ഉണ്ടാകുന്ന രോഗവിജ്ഞാനീയ ലക്ഷണങ്ങൾ. | റേഡിയത്തിന്റേയോ, റേഡിയോ ആക്ററീവ് പദാർത്ഥങ്ങളുടേയോ എക്സ്-റേകളുടേയോ ക്രിയയ്ക്കു വിധേയമാകൽ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| ചർമ്മത്തിന്റെ പ്രൈമറി എപ്പിത്തൊലിയോ മാററസ് കാൻസർ. | താറോ, പിച്ചോ, ബിററുമെനോ ഖനി ജതൈലമോ പാരഫിനോ അല്ലെങ്കിൽ ഈ പദാർത്ഥങ്ങളുടെ യൗഗികങ്ങളോ ഉത്പന്നങ്ങളോ അവശേഷങ്ങളോ എടുത്തുപെരുമാറുകയോ ഉപയോഗിക്കുകയോ ചെയ്യുന്നത് ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| അലിഫാററിക്ക് പരമ്പരയിലുള്ള ഹലജനീകൃത ഹൈഡ്രോകാർബണുകളാലും അവയുടെ ഹാലൊജൻ വ്യുത്പന്നങ്ങളാലും ഉള്ള വിഷബാധ. | അലിഫാററിക്ക് പരമ്പരയിലുള്ള ഹൈഡ്രോകാർബണുകളുടേയും അവയുടെ ഹാലൊജൻ വ്യുത്പന്നങ്ങളുടേയും നിർമ്മാണവും, വിമോചനവും ഉപയോഗവും ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| കാർബൺ ഡൈസൾഫൈഡിനാലുള്ള വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ. | (ക) കാർബൺ ഡൈസൾഫൈഡിന്റെ നിർമ്മാണത്തിലോ;<br>(ഖ) വിസ്കോസ് പ്രോസസ് വഴിയുള്ള കൃത്രിമപ്പട്ട് നിർമ്മാണത്തിലോ; |

| ജീവികാജന്യരോഗം | നിയോജനം |
|---|---|
| | (ഗ) റബ്ബർ വ്യവസായത്തിലോ; (ഘ) കാർബൺഡൈസൽഫൈഡ് അടങ്ങുന്ന ഉത്പന്നങ്ങളുടെ ഉത്പാദനമോ ഉപയോഗമോ അല്ലെങ്കിൽ കാർബൺഡൈസൽഫൈഡിൽനിന്നുള്ള പ്രസർജ്ജനം ഏല്ക്കുന്നതോ ഉൾക്കൊള്ളുന്ന മറേറതെങ്കിലും വ്യവസായത്തിലോ, ഉള്ള ഏതെങ്കിലും നിയോജനം. |
| ഇൻഫ്റാ റെഡ് റേഡിയേഷൻ കൊണ്ടുള്ള ജീവികാജന്യ തിമിരം. | ഉരുക്കിയ പദാർത്ഥങ്ങളിൽ നിന്നുള്ള വെട്ടിത്തിളക്കമേല്ക്കുന്നതോ അല്ലെങ്കിൽ ഇൻഫ്റാ-റെഡ് റേഡിയേഷൻെറ മറേറതെങ്കിലും പ്രഭവങ്ങൾക്ക് അപാവൃതമാകുന്നതോ ഉൾക്കൊള്ളുന്ന ഏതെങ്കിലും നിർമ്മാണ പ്രക്രിയ. |
| ടെലഗ്രാഫിസ്ററ് ക്രാംപ്. | ടെലഗ്രാഫ് ഉപകരണങ്ങളുടെ ഉപയോഗം ഉൾക്കൊള്ളുന്ന ഏതെങ്കിലും നിയോജനം. |
| മാങ്ഗനീസിനാലോ മാങ്ഗനീസിൻെറ യൗഗികത്താലോ ഉള്ള വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ. | മാങ്ഗനീസിൻേറയോ, മാങ്ഗനീസിൻെറ യൗഗികത്തിൻേറയോ മാങ്ഗനീസ് അടങ്ങുന്ന പദാർത്ഥത്തിൻേറയോ ഉപയോഗമോ അല്ലെങ്കിൽ അവയുടെ ധൂമമോ ധൂളിയോ, ബാഷ്പമോ ഏല്ക്കുന്നതോ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| | ഭാഗം (ഗ) |
| സിലിക്കോസിസ്. | സിലിക്കാ അടങ്ങുന്ന ധൂളി ശ്വസിക്കലിന് വിധേയമാക്കുന്നത് ഉൾക്കൊള്ളുന്ന ഏതെങ്കിലും നിയോജനം. |
| കൽക്കരി ഖനിത്തൊഴിലാളിയുടെ ന്യൂമോക്കോണിയാസിസ്. | ഖനനത്തിലെ ഏതെങ്കിലും നിയോജനം. |
| അസ്ബസ്റേറാസിസ്. | 1. (i) ഫൈബ്രോസിമൻറ് പദാർത്ഥങ്ങളുടേയോ; (ii) അസ്ബസ്ററാസ് മിൽബോർഡിൻേറയോ; ഉത്പാദനത്തിലോ, 2. അസ്ബസ്ററാസ് അടങ്ങുന്ന അയിരുകൾ പ്രോസസ്സ് ചെയ്യുന്നതിലോ; ഉള്ള ഏതെങ്കിലും നിയോജനം. |
| കരിമ്പിൻ ചണ്ടി രോഗം. | കരിമ്പിൻ ചണ്ടി മിൽബോർഡിൻേറയോ കരിമ്പിൻചണ്ടിയിൽനിന്നുള്ള മററുസാധനങ്ങളുടേയോ ഉത്പാദനത്തിലുള്ള ഏതെങ്കിലും നിയോജനം. |

## പട്ടിക IV

(4-ാം വകുപ്പു നോക്കുക)

### ചില സംഗതികളിൽ കൊടുക്കേണ്ട നഷ്ടപരിഹാരം

| ക്ഷതിയുളവാക്കപ്പെട്ട തൊഴിലാളിയുടെ പ്രതിമാസക്കൂലി | | നഷ്ടപരിഹാരത്തുക | | താത്ക്കാലികമായി അവശനാക്കപ്പെടുന്നതിന് ഉള്ള നഷ്ടപരിഹാരമായി അർദ്ധമാസികമായി കൊടുക്കേണ്ട തുക | |
|---|---|---|---|---|---|
| | | മരണത്തിന് | സ്ഥിരമായും പൂർണ്ണമായും അവശനാക്കപ്പെടുന്നതിന് | | |
| (1) | | (2) | (3) | (4) | |
| താഴെപറയുന്നതിൽ കവിയുന്നത് | എന്നാൽ താഴെ പറയുന്നതിൽ കവിയാത്തത് | | | | |
| രൂപ | രൂപ | രൂപ | രൂപ | രൂപ | പൈസ |
| 0 | 10 | 1,000 | 1,400 | അയാളുടെ പ്രതിമാസക്കൂലിയുടെ പകുതി | |
| 10 | 13 | 1,100 | 1,540 | ടി | |
| 13 | 18 | 1,200 | 1,680 | 6 | 50 |
| 18 | 21 | 1,260 | 1,764 | 7 | 00 |
| 21 | 24 | 1,440 | 2,016 | 8 | 00 |
| 24 | 27 | 1,620 | 2,268 | 8 | 50 |
| 27 | 30 | 1,800 | 2,520 | 9 | 50 |
| 30 | 35 | 2,100 | 2,940 | 9 | 50 |
| 35 | 40 | 2,400 | 3,360 | 10 | 00 |
| 40 | 45 | 2,700 | 3,780 | 13 | 00 |
| 45 | 50 | 3,000 | 4,200 | 13 | 00 |
| 50 | 60 | 3,600 | 5,040 | 18 | 50 |
| 60 | 70 | 4,200 | 5,880 | 18 | 50 |
| 70 | 80 | 4,800 | 6,720 | 20 | 00 |
| 80 | 100 | 6,000 | 8,400 | 26 | 00 |
| 100 | 150 | 7,000 | 9,800 | 37 | 50 |
| 150 | 200 | 7,000 | 9,800 | 52 | 50 |
| 200 | 300 | 8,000 | 11,200 | 60 | 00 |
| 300 | 400 | 9,000 | 12,600 | 75 | 00 |
| 400 | .. | 10,000 | 14,000 | 87 | 50 |